



# പ്രാർത്ഥിക്കുന്ന അമ്മ

# പ്രാർത്ഥിക്കുന്ന അമ്മ

## വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ

ഗ്രന്ഥകർത്താവ്

**ഫാ. ജെ. എഫ്രേം സി. ആർ.**

Euphrasia Publications
St. Mary's Convent
Ollur P. O., Thrissur
Kerala - 680 306, India

(Malayalam)

**PRARTHICKKUNNA AMMA**

(Biography)

Author : **Rev. Fr. J. Ephrem C.R.**

Published by:
Sr. Cleopatra CMC
Vice - Postulator
St. Mary's Convent
Ollur P. O.
Thrissur - 680 306

Copyright to : The Publisher

| | | |
|---|---|---|
| First Edition | : | 29-08-1990 |
| No. of Copies | : | 3000 |
| Second Edition | : | 08-01-1999 |
| No. of Copies | : | 5000 |
| Third Edition | : | 20-08-2011 |
| No. of Copies | : | 2000 |
| Fourth Edition | : | 15-04-2014 |
| No. of Copies | : | 5000 |

Printed at :
MMB Offset Printers, Mariapuram, Trichur
Ph : 2355794

Price : Rs. 35/-

# അവതാരിക

പുണ്യചരിതരുടെ സുകൃതസമ്പന്നമായ ജീവിതം ബഹുജനസമക്ഷം അനാവരണം ചെയ്യുന്നതിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്ന്, അനേകായിരങ്ങൾക്ക് അത് മാതൃകയും, മാർഗ്ഗദർശകവുമായിത്തീരുക എന്നതാണ്. മഹത്തുക്കളുടെ കാലടിപ്പാടുകൾ നോക്കിവേണമല്ലോ നമ്മുടെ വഴിത്താരയുടെ സുസ്ഥിതി ഭദ്രമാക്കാൻ. വീരോചിത ജീവിതത്തെ സത്യസന്ധമായി വരച്ചുകാട്ടുന്ന ഉത്തമ ജീവചരിത്രങ്ങളുടെ പാരായണം, എന്നും മനുഷ്യമനസ്സിൽ കർമ്മവീര്യം പകരും. ലക്ഷ്യബോധം വളർത്തും. ഈ മഹായജ്ഞത്തിലേയ്ക്ക് ഇതാ ഒരു മുതൽക്കൂട്ട് - *പ്രാർത്ഥിക്കുന്ന അമ്മ.* വളരെ ലളിതമായ ഭാഷയിൽ വസ്തുനിഷ്ഠമായിത്തന്നെ ധന്യമായ ആ ജീവിതം ഗ്രന്ഥകർത്താവ് റവ. ഫാ. ജെ. എപ്രേം സി. ആർ. അവതരിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന് അനുമോദനങ്ങൾ!

ആരുമാരുമറിയാതെ ആശ്രമത്തിലൊതുങ്ങിയ ഒരു വിനീത കർമ്മകന്യകയുടെ സംപൂർണ്ണ സമർപ്പണജീവിതശൈലിയാണ് ഈ സംക്ഷിപ്ത ചരിത്രത്തിൽ ഇതൾ വിരിയുന്നത്. അപൂർണ്ണതകളും ബലഹീനതകളുമുൾക്കൊള്ളുന്ന ഒരു സാധാരണ ജീവിതത്തെ പ്രാർത്ഥനാപരിത്യാഗങ്ങളാൽ എത്രമാത്രം ധന്യമാക്കിതീർക്കാമെന്നതിന് ഈ കന്യകാരത്നം ഒരു ഉത്തമമാതൃകയാണ്. അന്നെന്നപോലെ ഇന്നും അവർ പ്രാർത്ഥനയുടെ പ്രേഷിതത്വം തുടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ആ ജീവിതം ഇന്ന് അനേകരെ ആകർഷിക്കുന്നത്.

ഈ ലഘുചരിത്രം അനേകായിരങ്ങൾക്ക് ആത്മചൈതന്യം പകർന്നുകൊടുക്കട്ടെ.

മെത്രാസന മന്ദിരം<br>
തൃശൂർ<br>
29-08-1990

*(Sd.)*<br>
**മാർ ജോസഫ് കുണ്ടുകുളം**<br>
തൃശൂർ രൂപതയുടെ മെത്രാൻ

# പ്രസ്താവന

തീർത്തും സാധാരണവും, ലളിതവും, വിശുദ്ധവുമായ ദൈവദാസി എവുപ്രാസ്യമ്മയുടെ ഒളിക്കപ്പെട്ട ജീവിതം അതേ മാർഗ്ഗത്തിലൂടെ നടന്ന് നീങ്ങാൻ ശ്രമിക്കുന്നവരെ സ്വാധീനിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. ഈ ഗ്രന്ഥ രചനയുടെ ചരിത്രത്തിലും ഇതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. ദൈവദാസിയുടെ ജീവിത ധന്യത ഉൾക്കൊണ്ട ലേഖകൻ 1988ൽ തമിഴിൽ 'ചെപിക്കിന്റ തായാർ' എന്ന പേരിൽ ഒരു ജീവചരിത്രം പ്രസിദ്ധീകരിച്ചു. ഇപ്പോൾ മലയാളികൾക്കായും ആ ജീവിതം തുറന്നുവെച്ചിരിക്കുന്നു - പ്രാർത്ഥിക്കുന്ന അമ്മ. ഗ്രന്ഥകർത്താവിന് എന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ!

ദൈവമാതൃസഭാംഗമായ ഒരു സന്യാസിയാൽ, അമലോത്ഭവകന്യകയുടെ ഒരരുമ മകളായി ജീവിച്ച വിനീത കർമ്മല കന്യകയുടെ ജീവിതകഥ അനാവരണം ചെയ്യപ്പെടുന്നതിൽ ദൈവപരിപാലനയുടെ നിഗൂഢകരസ്പർശനം ഞാൻ കാണുന്നു. ജപമാല പ്രേഷിതത്വം മുഖ്യതൊഴിലായി സ്വീകരിച്ച ദൈവദാസി എവുപ്രാസ്യമ്മയുടെ ജീവിത ധന്യത കണ്ടറിയാനും, തൊട്ടെടുക്കാനും റൊസേരിയൻ സന്യാസിയായ നമ്മുടെ എഫ്രേം അച്ചന് സാധിച്ചിട്ടുണ്ട്.

ഈ പുണ്യചരിതയുടെ നാമകരണനടപടികൾ രൂപതാ തലത്തിൽ 1988 ഒക്ടോബർ 21-നു ആരംഭിച്ച പ്രവർത്തനങ്ങൾ ക്രമാനുഗതമായി തുടർന്നുകൊണ്ടിരിക്കുന്നു. 2006-ൽ നടന്ന 'ബിയാറ്റിഫിക്കേഷനു' ശേഷമുള്ള അത്ഭുതം റോമിൽ പരിശോധിച്ചുകൊണ്ടിരിക്കുന്നു

ഗ്രന്ഥകർത്താവിന് ദൈവത്തിന്റെ അനുഗ്രഹവർഷവും ഗ്രന്ഥത്തിന് വിജയാശംസകളും പ്രാർത്ഥനാപൂർവ്വം ഞാൻ നേർന്നുകൊള്ളുന്നു.

ഒല്ലൂർ
05-08-2011

**ഡോ. സി. ക്ലിയോപാട്ര C.M.C.**
സെന്റ് മേരീസ് കോൺവെന്റ്, ഒല്ലൂർ
*വൈസ് പോസ്റ്റുലേറ്റർ*

# ചരിത്രത്തിന് പിന്നിലെ ചരിത്രം

ദൈവദാസി എവുപ്രാസ്യമ്മയുടെ നാമകരണ നടപടികൾ ആരംഭിക്കപ്പെട്ട അവസരത്തിൽ സത്യദീപത്തിൽ കണ്ട ഒരു ലേഖനത്തിൽനിന്നാണ് അമ്മയെപ്പറ്റി ഞാൻ ആദ്യം അറിയുന്നത്. അന്ന് ഞാൻ തമിഴ്നാട്ടിലായിരുന്നു. *"പ്രാർത്ഥിക്കുന്ന അമ്മ"* എന്ന് എവുപ്രാസ്യമ്മയെ വിശേഷിപ്പിച്ചിരുന്നത്, അവരെപ്പറ്റി കൂടുതൽ അറിയുവാൻ എന്നിൽ ജിജ്ഞാസയുണർത്തി. തമിഴ് ക്രൈസ്തവർക്കും അവരെ പരിചയപ്പെടുത്തിയാലോ എന്നൊരു തോന്നലും. എന്റെ ആഗ്രഹം അറിഞ്ഞ പ്രൊവിൻഷ്യൽ, മദർ ക്ലിയോപാട്രയിൽനിന്നും ലഭിച്ച മറുപടി പ്രതീക്ഷിച്ചതിലും പ്രോത്സാഹജനകമായിരുന്നു. താമസിയാതെ 'ചെപിക്കിന്റ തായാർ" എന്ന പേരിൽ എവുപ്രാസ്യമ്മയുടെ ഒരു ലഘുജീവചരിത്രം തമിഴിൽ പ്രസിദ്ധീകൃതമായി. അമ്മയുടെ 38-ാം ചരമവാർഷികത്തോടനുബന്ധിച്ച് മലയാളത്തിലും അതുപോലൊന്ന് രചിക്കാൻ അവസരം കിട്ടിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

അമ്മയുടെ ജീവിതമാതൃക എന്റെ പ്രാർത്ഥനാജീവിതത്തെ ഊർജ്ജിതപ്പെടുത്തുവാൻ പ്രചോദനം നൽകിയിട്ടുണ്ടെന്ന് നിസംശയം പറയാം. ആ അനുഗ്രഹം മറ്റനേകർക്ക് ലഭിക്കാൻ ഈ ലഘുചരിത്രം സഹായമാകയാൽ ഞാൻ കൃതാർത്ഥനായി. ഈ ഗ്രന്ഥരചനയ്ക്ക് പ്രോത്സാഹനവും, സഹായസഹകരണങ്ങളും നൽകിയ ഏവർക്കും, പ്രത്യേകിച്ച് പ്രൗഢമായൊരു അവതാരികയാൽ ഈ ഗ്രന്ഥത്തെ ഹൃദയം തുറന്നനുഗ്രഹിച്ച തൃശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം തിരുമേനിക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി ഞാനിവിടെ കുറിക്കട്ടെ!

**ഫാ. ജെ. എപ്രേം സി. ആർ.**
ദേവമാതാ ആശ്രമം
പരിയാരം, കണ്ണൂർ 670 502

# പ്രാർത്ഥിക്കുന്ന അമ്മ

## രാജവീഥിക്കരികെ

തൃശൂരിൽനിന്നും തെക്കോട്ടുള്ള രാജവീഥിയിലൂടെ ആറ് കിലോമീറ്റർ യാത്ര ചെയ്താൽ ഒല്ലൂരിൽ ചെന്നെത്താം. അവിടെ റോഡരികിൽ പഴയൊരു കെട്ടിടം ശാന്തഗംഭീര മായി തല ഉയർത്തി നിൽക്കുന്നു - കർമ്മല മാതാവിന്റെ സഭ വക സെന്റ് മേരീസ് കോൺവെന്റ്. ഇന്ന് അത് അനേകം തീർത്ഥാടകരെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു പുണ്യസ്ഥലമാണ്. അതിന് കാരണം അവിടെയുള്ളൊരു കല്ലറ - അതിലടക്കം ചെയ്യപ്പെട്ടിരിക്കുന്നത് ഒരു സാധു കർമലീത്താ സന്യാസിനി - എവുപ്രാസ്യമ്മ!

## ഒച്ചപ്പാടില്ലാതെ

1952 ആഗസ്റ്റ് 29നാണ് ആ സുകൃതിനി പരലോക പ്രാപ്ത യായത്. 75 വർഷം ദീർഘിച്ച ആ ധന്യജീവിതത്തിൽ അമ്പതിലധികം വർഷവും ആവൃതിക്കുള്ളിൽത്തന്നെ. അവസാന മുപ്പതുവർഷങ്ങൾ വിവിധരോഗങ്ങളാൽ പീഡി പ്പിക്കപ്പെട്ട ജീവിതം. പകിട്ട് നിറഞ്ഞ വൻകൃത്യങ്ങളൊന്നും ആ ജീവിതത്തിലില്ല. ജനശ്രദ്ധ പിടിച്ചു പറ്റാനുതകുന്ന ബാഹ്യപ്രവർത്തനങ്ങളിൽ ഇടപെട്ടിട്ടുമില്ല. ദൈവത്തിനും സമസൃഷ്ടങ്ങൾക്കുംവേണ്ടി ചെലവഴിക്കപ്പെട്ട എളിയതും മറഞ്ഞതുമായ മൗനജീവിതം! പ്രാർത്ഥനയായിരുന്നു മുഖ്യ തൊഴിൽ, കൂടെ പരിത്യാഗവും. കണക്കുപറയാതെ, അളവുനോക്കാതെ രാവും പകലും അവരിതു ചെയ്തു. വാർദ്ധക്യത്തിലും അനാരോഗ്യത്തിന്റെ പിടിയിലും മറ്റുള്ള വർക്കുവേണ്ടി സ്വയം വ്യയം ചെയ്യുന്നതിൽ ആനന്ദം കണ്ടു.

## ലോകം വിചാരിക്കുന്നതിലുമപ്പുറം

കർമ്മവീരരെ ലോകം അനുമോദിക്കുന്നു. അതും ബഹു ജനദൃഷ്ടിയിൽ വൻകാര്യങ്ങൾ സാധിക്കുന്നവരെ മാത്രം.

അദൃശ്യമായ മറ്റൊരു ലോകവും നമ്മുടെ മദ്ധ്യേ സ്ഥിതി ചെയ്യുന്നുവെന്ന് ഗ്രഹിക്കുന്നവർ ഇന്ന് ചുരുക്കം. വിശ്വാസ ദൃഷ്ടി മങ്ങിപ്പോകുന്നതാണ് അതിന് കാരണം. ലളിതവും ഒളിക്കപ്പെട്ടതുമായ സാധാരണ ജീവിതം, തീക്ഷ്ണമായ സ്നേഹത്താൽ ദൈവത്തോട് ഐക്യപ്പെടുമ്പോൾ ഏറ്റം ഫലപ്രദമാകുന്നു എന്ന സത്യം എവുപ്രാസ്യമ്മയെ പോലു ള്ളവരുടെ ജീവിതംവഴി പ്രകടമാക്കപ്പെടുന്നു. അവരുടെ പ്രാർത്ഥനാസഹായം തേടുന്നവർക്ക് നൽകപ്പെടുന്ന അനു ഗ്രഹങ്ങൾവഴി ദൈവവും അത് സ്ഥിരീകരിക്കുന്നു. തിരു സഭയും അതംഗീകരിക്കാനുള്ള യത്നത്തിലാണ്.

## കുടുംബവും ജനനവും

എടത്തുരുത്തിയിലെ പുരാതന ക്രൈസ്തവപാരമ്പര്യ മുള്ള എലുവത്തിങ്കൽ തറവാട്ടിൽ അന്തോണി - കുഞ്ഞേത്തി ദമ്പതികളിൽനിന്ന് 1877 ഒക്ടോബർ 17ന് എവുപ്രാസ്യമ്മ ഭൂജാതയായി. ആ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു പെൺകുട്ടിയും കൂടെ ഉണ്ടായിരുന്നു. പൂർവ്വികരായി ചേർപ്പിൽനിന്നും താമസം മാറ്റി വന്നതുകൊ ണ്ടാകാം എലുവത്തിങ്കൽ ചേർപ്പുകാരൻ എന്ന് അറിയപ്പെ ട്ടിരുന്നത്. അരണാട്ടുകര ചാലിശ്ശേരി ഇട്ടിക്കുരു പൊറിഞ്ചു വിന്റെ പുത്രിയാണ് അമ്മയായ കുഞ്ഞേത്തി.

## ജ്ഞാനസ്നാനം

ശിശു ജനിച്ച് 8-ാം ദിവസം (ഒക്ടോബർ 25ന്) എടത്തു രുത്തി ഇടവക ദേവാലയത്തിൽവെച്ച് പള്ളി വികാരി ഊക്കൻ മാത്യു അച്ചനിൽനിന്നും ജ്ഞാനസ്നാനം സ്വീക രിച്ചു. പാരമ്പര്യമനുസരിച്ച് പിതാമഹിയുടെ നാമധേയമാണ് ശിശുവിന് നൽകപ്പെട്ടത് - റോസ.

## മുളയിലെ കിട്ടിയ ഗുണം

മാതാപിതാക്കളുടെ പല സ്വഭാവ പ്രത്യേകതകളും പൈതൃകമായിത്തന്നെ റോസയ്ക്കും ലഭിച്ചിരുന്നു. കോപം അന്തോണിയുടെ കൂടപ്പിറപ്പായിരുന്നു. അതോടൊപ്പം താൻ നിനച്ചത് എങ്ങനേയും നടപ്പിലാക്കുമെന്ന ശാഠ്യവും. ഏറെക്കുറെ ഇത് റോസയിലുമുണ്ടായിരുന്നു. പ്രത്യേകിച്ച് താൻ നിശ്ചയിച്ചത് പ്രാവർത്തികമാക്കണമെന്ന ദൃഢമനസ്സ്. എന്നാൽ അമ്മയുടെ പ്രകൃതിയാകട്ടെ നേരെ വിപരീതവും. കുടുംബ പ്രശസ്തിയും സമ്പത്തിന്റെ പ്രൗഢിയും പൊങ്ങച്ചവുമൊന്നും ആ ഗ്രാമീണ സ്ത്രീയെ മതിമയക്കിയില്ല. സ്വതവെ സഹനശക്തിയും ശാന്തതയും അടക്കവുമുള്ളവൾ. ആഴമായ പ്രാർത്ഥനാചൈതന്യവുമുണ്ട് കൈമുതലായിട്ട്. ദൈവമാതൃഭക്തിയിൽ അദ്വിതീയയും. ഈ പ്രാർത്ഥനാചൈതന്യവും ദൈവമാതൃഭക്തിയുമാണ് റോസയ്ക്ക് ലഭിച്ച അമൂല്യസമ്പത്ത്. ചെറുപ്പം മുതലേതന്നെ ദൈവത്തിലേയ്ക്കും ദൈവിക കാര്യങ്ങളിലേയ്ക്കുമുള്ള ഒരു അഭിരുചി ആ കുരുന്നു ഹൃദയത്തിൽ മുളയെടുക്കാൻ കാരണം ഈ കുടുംബ പശ്ചാത്തലമായിരിക്കണം. പ്രായത്തോടൊപ്പം ഈ അഭിരുചിയും വളർന്നു. തന്നെ ദൈവത്തിന് സമർപ്പിക്കാനുള്ള ആശയും ആവേശവുമാണ് ആ ഇളം മനസ്സിൽ വേരൂന്നിയിരുന്നത്.

## വിടരുന്ന സ്വപ്നങ്ങൾ

തന്റെ ഓമനമകൾ യൗവ്വനത്തിലേയ്ക്ക് കടക്കുന്നതോടെ നിലയും വിലയുമുള്ള ഒരു കുടുംബത്തിൽ വിവാഹിതയായി വീടിന് പേരും പെരുമയും കൊണ്ടുവരുന്ന ദിവസം സ്വപ്നം കണ്ടുകൊണ്ടിരുന്നു റോസയുടെ പിതാവ്.

റോസയും നെയ്തിരുന്നു മറ്റൊരു സ്വപ്നം. തന്നെ പൂർണ്ണമായി കർത്താവിന് കാണിക്കയാക്കണമെന്ന മോഹം! താൻ നിത്യകാലം ഒരു കന്യകയായി ജീവിക്കുമെന്ന ദൃഢ വ്രതം ഒൻപതാം വയസ്സിൽത്തന്നെ ആ ധീരബാലിക എടുത്തുകഴിഞ്ഞു. കന്യാകാലയത്തിൽ പ്രവേശിച്ച് കർത്താവിന്റെ മണവാട്ടിയാകുന്ന ദിവസം ഏറെ പ്രതീക്ഷയോടെ റോസ കാത്തിരുന്നു. വ്യത്യസ്ത ധ്രുവങ്ങളിൽ വളർന്നുകൊണ്ടിരുന്ന സ്വപ്നങ്ങൾ!

## പച്ചക്കൊടി

പിതാവിന്റെ സ്വപ്നം തകർത്താലുള്ള ഭവിഷ്യത്ത് റോസയ്ക്കറിയായ്കയല്ല. എല്ലാം മനസ്സിൽ കണ്ടു. കണക്കുകൂട്ടി, ഭയപ്പെട്ടു. എന്നാലും തന്റെ നിശ്ചയത്തെ അതൊട്ടും തളർത്തിയില്ല. എപ്പോഴും തന്റെ ആത്മനാഥനിൽ അഭയം തേടി. കണ്ണുനീരോടെ ദൈവജനനിയുടെ മുന്നിൽ ഏങ്ങലടിച്ചു. പ്രാർത്ഥനയിലും പരിത്യാഗത്തിലും ധൈര്യം കണ്ടെത്തി. പ്രത്യാശ വളർത്തി.

തക്ക സമയം വന്നപ്പോൾ തന്റെ ഇംഗീതം ഒട്ടും പതറാതെ പിതാവിനോട് വെട്ടിത്തുറന്ന് പറഞ്ഞു: "എനിക്കൊരു കന്യാസ്ത്രീയാകണം" ... ഇത് കേട്ടതേ, കോപവും വേദനയുംകൊണ്ട് പിതാവ് അന്ധനായി. മകളുടെ ഉറച്ച ശബ്ദത്തിൽ തന്റെ പ്രതീക്ഷകൾ തകർന്നടിയുന്നതുകണ്ട് അയാൾ അമ്പരന്നു. "തന്റെ വാക്കുകൾക്ക് വിലയില്ലെന്നോ?.... മാതാപിതാക്കളെ ധിക്കരിക്കയോ?..... കുടുംബത്തിന്റെ അന്തസ്സ് കാറ്റിൽ പറപ്പിക്കയോ? ഈ ജന്മത്തിലത് സാധ്യമല്ലേയല്ല"... പക്ഷെ റോസ ഭഗ്നാശയായില്ല. ഈ പിതാവിന്റെ തന്നെ രക്തമാണല്ലോ റോസയുടെ സിരകളിലുമോടുന്നത്. അവൾ ഉറച്ചുനിന്നു, ധൈര്യ

ത്തോടെ, സ്വർഗ്ഗം തനിക്ക് സഹായത്തിനുണ്ടെന്ന ബോധ്യത്തിൽ. ഇരുവരും അവരവരുടെ വഴികളിലൂടെ മുന്നോട്ടു നടന്നു. ഏറെ ചിന്തിച്ചശേഷം വേണമെങ്കിൽ ഇളയവളായ കൊച്ചുത്രേസ്യയെ മഠത്തിൽ വിട്ടേക്കാം എന്നായി പിതാവ്. പക്ഷേ റോസയുടെ പ്രശ്നം അതുകൊണ്ട് തീരുമോ? അണുവിട തന്റെ തീരുമാനത്തിൽനിന്നും പിന്മാറാൻ ഈ ബാലിക തയ്യാറായിരുന്നില്ല. പ്രാർത്ഥനയ്ക്ക് മൂർച്ചകൂട്ടി, തപസ്സിന്റെ അളവും വർദ്ധിപ്പിച്ചു. അവസാനം ദൈവം തന്നെ ഇടപെട്ടു. അപ്രതീക്ഷിതമായൊരു സംഭവം നടന്നു. അനുജത്തി കൊച്ചുത്രേസ്യ പെട്ടെന്ന് രോഗിണിയായി. ഏവരേയും ദു:ഖത്തിലാഴ്ത്തി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മനംതകർന്ന പിതാവ് അവസാനം, ശേഷിച്ച തന്റെ ഒരേയൊരു മകൾക്ക് വഴങ്ങിക്കൊടുത്തു. അന്ന് റോസയ്ക്ക് പതിനൊന്ന് വയസ്സ് കഴിഞ്ഞിരുന്നു.

## ബോർഡിംഗിൽ

ഈ കേരളത്തിലാകെ അന്ന് ഒരേയൊരു കന്യകാമഠം മാത്രം - കൂനമ്മാവിൽ. കർമലീത്താ വൈദികരായ വാഴ്ത്തപ്പെട്ട ചാവറയച്ചനും, ലെയോപ്പോൾദ് മിഷനറിയും കൂടെയാണ് 1866ൽ ഈ മഠം ആരംഭിച്ചത്. രണ്ടു വർഷങ്ങൾക്കുള്ളിൽ, പെൺകുട്ടികളെ, പ്രത്യേകിച്ച് സഭയിൽ ചേരാൻ താല്പര്യമുള്ളവരെ താമസിപ്പിച്ച് പഠിപ്പിക്കാനുള്ള ലക്ഷ്യത്തോടെ മഠത്തോടനുബന്ധിച്ച് ഒരു ബോർഡിംഗും ആരംഭിച്ചിരുന്നു. 1889 ജൂലായ് 4-ാം തീയതി നമ്മുടെ റോസ ഈ ബോർഡിംഗിൽ ഒരു അംഗമായി.

## ജീവിതചര്യ

സ്വർഗ്ഗം വന്നെത്തിയ മട്ടായിരുന്നു റോസയ്ക്ക്. തന്റെ സ്വപ്നം പൂവണിഞ്ഞു. ഒരേ ലക്ഷ്യത്തോടെ വന്ന കുട്ടി

കൾ, ക്രമീകൃതമായ ജീവിതം. പ്രാർത്ഥനയ്ക്കാണ് അവിടെ പ്രഥമ സ്ഥാനം. റോസയുടെ പ്രാണനും പ്രാണവായുവും പ്രാർത്ഥനയാണല്ലോ. നിയമവും ക്രമവും ചിട്ടയുമെല്ലാം അതിന്റെ ചൈതന്യത്തോടെ നിറവേറ്റാൻ ആവതും ശ്രമിച്ചു. തന്റെ അഭിരുചിക്കിണങ്ങിയ ജീവിതചര്യ! ആ നിർമ്മലാത്മാവിൽ ആനന്ദവും അനുഭൂതിയും നിറഞ്ഞു.

## വിദ്യാഭ്യാസം

വീട്ടിൽവെച്ച് റോസ നിലത്തെഴുത്തും വായനയും ശീലിച്ചിരുന്നു. കാട്ടൂർ ഗ്രാമത്തിലെ ചില പഴയ ആശാന്മാരെക്കുറിച്ചും അവരുടെ വിദ്യാദാനത്തെക്കുറിച്ചും ഇപ്പോഴും ഗ്രാമവാസികൾ നന്ദിപൂർവ്വം അനുസ്മരിക്കുന്നുണ്ട്.

കൂനമ്മാവിൽ പെൺകുട്ടികളെ തമിഴ്, മലയാളം, ഇംഗ്ലീഷ്, കണക്ക്, സംഗീതം എന്നിവ പഠിപ്പിച്ചിരുന്നു. കൂടാതെ തയ്യൽ, ചിത്രമെഴുത്ത്, കൊന്തകെട്ട് തുടങ്ങിയ കരവേലകളും. തയ്യൽ, ഡ്രോയിംഗ് മുതലായവയിൽ റോസയ്ക്ക് പ്രത്യേക അഭിരുപിയുണ്ടായിരുന്നു. കൈയക്ഷരം വടിവൊത്തതാണ്. എന്നാൽ പഠനത്തിൽ അത്ര സമർത്ഥയായിരുന്നില്ല.

## പരീക്ഷണങ്ങൾ

ക്ലേശങ്ങളുടെ ഉരുക്കുമൂശയിലാണല്ലോ ഊതിത്തെളിഞ്ഞ തങ്കംപോലെ ആത്മാവ് പാകപ്പെടുന്നത്. നമ്മുടെ കഥാനായികയ്ക്കും ചെറുപ്പംമുതലേ പരീക്ഷണങ്ങൾ ഒന്നിനൊന്ന് നേരിടേണ്ടിവന്നു. സ്വതവേ ആരോഗ്യം കുറഞ്ഞവളാണ് റോസ. ബോർഡിംഗ് ജീവിതത്തിൽ അതൊന്നുകൂടെ ശോഷിക്കാൻ തുടങ്ങി. ശാരീരികാസുഖങ്ങൾ മാറിമാറി അവളെ അലട്ടി. ചികിത്സയ്ക്കായി വീട്ടിൽ പോകേണ്ടിവന്ന ഓരോ അവസരവും റോസയ്ക്ക് ഓരോ അഗ്നി

പരീക്ഷണമായിരുന്നു. വീട്ടിൽനിന്നും ഇനിയും വിടുമോ എന്ന ഭയവും, ബോർഡിംഗിൽ തിരിച്ചെടുക്കുമോ എന്ന ആശങ്കയും ആ നിഷ്കളങ്ക ഹൃദയത്തെ വല്ലാതെ തളർത്തിയിരുന്നു. കുട്ടിയുടെ സ്വഭാവശുദ്ധിയിൽ പൂർണ്ണസംതൃപ്തരാണെങ്കിലും ഒരിക്കൽ അധികാരികൾ അസന്നിഗ്ദമായി പറഞ്ഞതാണ്, റോസയ്ക്ക് ബോർഡിംഗിലും തുടർന്ന് കന്യകാലയത്തിലും കഴിഞ്ഞുകൂടാനുള്ള ആരോഗ്യമില്ലെന്ന്. പ്രാർത്ഥന മാത്രമായിരുന്നു ആ ബാലികയുടെ ഏകാവലംബം. പരീക്ഷണങ്ങളുടെ ഈ വേലിയേറ്റത്തിൽ ദൈവജനനിയോടവൾ കെഞ്ചിയപേക്ഷിച്ചു: "അമ്മേ ഞാനങ്ങേ മകളല്ലേ? അമ്മയുടെ സഭയിൽ പ്രവേശിച്ച് എന്റെ ബലി നിറവേറ്റാൻ എന്നെ അനുവദിക്കൂ!" അന്ന് മാത്രമല്ല, എന്നും അവൾ മാതാവിനെ പറ്റിപ്പിടിച്ചുനിന്നു. അമ്മയും സ്വന്തം കുഞ്ഞുമകളായി റോസയെ തന്നോടു ചേർത്തുനിർത്തി, കണ്മണിപോലെ കാത്തു.

## അന്നൊരിക്കൽ

1889 കന്നിമാസം 17ന് കഠിനവേദനയുള്ള ഒരു തരം വാതരോഗം റോസയെ പിടികൂടി. ചികിത്സയൊന്നും ഫലിക്കുന്ന മട്ടില്ല. വീട്ടിൽ പറഞ്ഞുവിടാതെ വയ്യാത്ത സ്ഥിതി. യാത്രാസൗകര്യം അത്രയ്ക്കൊന്നും അന്നില്ലായിരുന്നല്ലോ. നിമിഷംപ്രതി രോഗം കൂടിക്കൂടിവന്നു. പ്രതീക്ഷയ്ക്ക് വകയില്ലെന്ന് കണ്ടപ്പോൾ രോഗിലേപനം നൽകി. താളുപോലവൾ തളർന്നു. സംസാരശേഷിയറ്റ് കിടക്കുന്ന രോഗിണിയുടെ കിടക്കയ്ക്ക് ചുറ്റും അന്ത്യനിമിഷവും കാത്ത് കന്യാസ്ത്രികൾ നിലയുറപ്പിച്ചു. എല്ലാവരുടെയും ദൃഷ്ടികൾ അവളുടെ മുഖത്തായിരുന്നു. പെട്ടെന്നൊരു മാറ്റം – ചുറ്റും നിന്നവർക്ക് ആശ്ചര്യം. റോസയുടെ മുഖം വികസിക്കുന്നു. കണ്ണുകളിൽ ചൈതന്യം. ആരേയോ തറച്ച് നോക്കുംപോലെ, സംസാരിക്കാനൊരുങ്ങുംപോലെ. മുഖത്താകെ പ്രസാദവും പ്രശാന്തതയും – ആരെയോ സ്വീകരിക്കാനെന്നപോലെ

അവൾ കൈനീട്ടി. ഇതെല്ലാം രോഗചേഷ്ഠകളാണെന്ന് കണ്ടുനിന്നവർ വിചാരിച്ചു. മുക്കാൽ മണിക്കൂറോളം ഈ നില തുടർന്നു. പിന്നെയതാ ഏവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് രോഗി എഴുന്നേറ്റിരിക്കുന്നു. പൂർണ്ണസൗഖ്യത്തിന്റെ ലക്ഷണങ്ങൾ!

## ആഞ്ഞസമ്മയുടെ കത്ത്

കന്യാസ്ത്രീകൾ റോസയെ വീണ്ടും വട്ടമിട്ടു. ഒരു നൂറ് ചോദ്യങ്ങൾകൊണ്ട് വീർപ്പുമുട്ടിച്ചു. എന്താണ് നടന്നതെന്ന് അവർക്കറിയണം. റോസയാകട്ടെ മറുപടി ഒരു പുഞ്ചിരിയിലൊതുക്കി ഒഴിഞ്ഞുമാറി. പക്ഷെ ശ്രേഷ്ഠത്തിയമ്മയുടെ അടുക്കൽമാത്രം രക്ഷപെടാനായില്ല. എല്ലാം തുറന്ന് പറയേണ്ടിവന്നു. തിരുക്കുടുംബം ദർശനം നൽകിയതും, താനൊരു കന്യാസ്ത്രിയായി അനേകവർഷങ്ങൾ സഭയിൽ ജീവിച്ചശേഷമേ മരിക്കയുള്ളുവെന്ന് അറിയിച്ചതും താഴ്മയോടെ പറഞ്ഞു. ശ്രേഷ്ഠത്തിയമ്മ അതെല്ലാം അന്നുതന്നെ കുറിച്ചുവെച്ചു. 1897-ൽ റോസ തന്റെ സ്വന്തം രൂപതയിൽ പുതുതായി ആരംഭിക്കപ്പെട്ട മഠത്തിലേയ്ക്ക് അയയ്ക്കപ്പെട്ടപ്പോൾ രൂപതാധ്യക്ഷനായ മേനാച്ചേരി യോഹന്നാൻ മെത്രാന് ആ കുറിപ്പും കൊടുത്തയച്ചു. കൂടെ കീഴെ കാണുന്ന വചനവും എഴുതിച്ചേർത്തിരുന്നു. “ഈ സംഭവം ഉണ്ടാകുന്നതിനുമുമ്പ് ഈ കുട്ടിയെ മഠത്തിൽ ചേർക്കാതെ വിട്ടുകളയുന്നതിന് നിശ്ചയിച്ചിരുന്നതാണ്. ഈ സംഭവം കൊണ്ടും കുട്ടിയുടെ അടക്കവും ഭക്തിയും ക്രമവുമെല്ലാം കണ്ടതുകൊണ്ടാണ് പിന്നീട് മഠത്തിൽ സ്വീകരിക്കുവാൻ സമ്മതിച്ചത്.”

എന്ന്, കൂനമ്മാവ് മഠം ശ്രേഷ്ഠത്തി

ഈശോയുടെ ആഞ്ഞസ്.

(ഒപ്പ്)

## രൂപതയും രൂപതാദ്ധ്യക്ഷനും

1887-ലാണ് വരാപ്പുഴ രൂപതയിൽനിന്നും സുറിയാനിക്കാർക്കായി വടക്ക് തൃശൂരും, തെക്ക് കോട്ടയവും ആസ്ഥാനമാക്കി രണ്ട് വികാരിയാത്തുകൾ സ്ഥാപിതമായത്. നാട്ടുമെത്രാന്മാർക്കായി നിരന്തരം സമർപ്പിച്ച നിവേദനങ്ങളെ തുടർന്ന് 1896-ൽ വീണ്ടുമൊരു വിഭജനം നടന്നു: തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി. ഓരോ വികാരിയാത്തിനും സ്വന്തം നാട്ടുമെത്രാന്മാരേയും നിയമിച്ചു. തൃശൂർ വികാരിയാത്തിന്റെ മേലധ്യക്ഷനായി അവരോധിതനായത് മേനാച്ചേരി മാർ യോഹന്നാൻ മെത്രാനാണ്. കറകളഞ്ഞ ആദ്ധ്യാത്മികതയും വിവേകവും ധീരതയും കർമശേഷിയും ദീർഘദൃഷ്ടിയും ഭരണപാടവവും സർവ്വോപരി ദൈവമാതൃഭക്തിയും വിളങ്ങിയിരുന്ന ഒരു വിശിഷ്ട വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്.

## അമ്പഴക്കാട്ടൊരു ആമ്പൽ പൊയ്ക

1896 ഒക്ടോബർ 25-ന് രൂപതാഭരണമേറ്റെടുത്ത മേനാച്ചേരി മെത്രാൻ ഏതാനും മാസങ്ങൾക്കുശേഷം സ്വന്തം രൂപതയിൽ ഒരു കന്യകാമഠം സ്ഥാപിച്ചു. 1897 മെയ് മാസം 9-ന് അമ്പഴക്കാട് വി. യൗസേപ്പിതാവിന്റെ നാമധേയത്തിൽ, അമ്പഴക്കാട് കണിച്ചായ് കുഞ്ഞന്നം ദാനമായി നൽകിയ വീടാണ് കന്യകകളുടെ ഒരാമ്പൽപൊയ്കയായിതീർന്നത്. തൃശൂർ രൂപതയിൽപ്പെട്ട കന്യാസ്ത്രികളും സന്യാസജീവിതമാഗ്രഹിച്ചു നിൽക്കുന്ന ബോർഡിംഗ് കുട്ടികളും പുത്തൻമഠത്തിൽ താമസമാക്കി. ആ ബോർഡിംഗ് കുട്ടികളിലൊരുവളാണ് നമ്മുടെ എലുവത്തിങ്കൽ റോസ.

## പൂവണിഞ്ഞ സ്വപ്നം

ദീർഘിച്ച എട്ടു വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നെങ്കിലും അനവധി അഗ്നിപരീക്ഷണങ്ങൾക്കുശേഷം ഒടുവിൽ

ഇതാ ആ സ്വപ്നം പൂവണിഞ്ഞിരിക്കുന്നു. 1897 മെയ് 10-ാം തിയ്യതി തിങ്കളാഴ്ച സന്യാസ നാമധേയവും ശിരോവസ്ത്രവും അഭിവന്ദ്യമേനാച്ചേരി മെത്രാനിൽനിന്നും സ്വീകരിച്ചുകൊണ്ട് ഇ. എ. റോസ കർമ്മല സന്യാസിനീ സഭയിലെ ഒരംഗമായി - "ഈശോയുടെ തിരുഹൃദയത്തിന്റെ സിസ്റ്റർ എവുപ്രാസ്യ." ആ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും ഉയർന്ന കൃതജ്ഞതയുടെ നെടുവീർപ്പുകൾ അങ്ങ് ദൂരെ സ്വർഗ്ഗത്തിന്റെ കവാടങ്ങളിൽ ചെന്നുമുട്ടി. അന്ന് ശിരോവസ്ത്രം സ്വീകരിച്ചവർ ഒൻപത് പേരാണ്.

## ഗുരുനാഥയുടെ ശിക്ഷണത്തിൽ

കൂനമ്മാവിൽനിന്നും വന്നവരിൽ നിത്യവ്രതം ചെയ്ത ഏക സഹോദരിയായ സി. ബിയാട്രീസ് ആണ് പ്രഥമ മഠാധിപ. നാല് നവസന്യാസിനികളിൽ മൂത്തവളായ സി. റോസ് നവസന്യാസിനികളുടെ ഗുരുനാഥയും. ഈ രണ്ടു വ്യക്തികളും സി. എവുപ്രാസ്യയുമായി പല രംഗങ്ങളിലും വളരെ സ്വാധീനവും ബന്ധവും പുലർത്തിയവരാണ്. അന്യോന്യം വളരെ അടുത്തറിഞ്ഞവരുമാണ്. പ്രത്യേകിച്ചും തന്റെ ഗുരുനാഥയിൽനിന്നും ലഭിച്ച വിവേകവും, വിശുദ്ധിയും, വാത്സല്യവും നിറഞ്ഞ ശിക്ഷണവും, സന്യാസ പരിശീലനവും സി. എവുപ്രാസ്യയ്ക്ക് നല്ലൊരു മുതൽക്കൂട്ടായിത്തീർന്നു. നവസന്യാസകാലത്തും അതിനുശേഷവും ഗുരുനാഥയും മഠാധിപയുമെന്ന നിലകളിൽ സി. എവുപ്രാസ്യയുടെ ആദ്ധ്യാത്മികാനുഭവങ്ങളിലും, രോഗങ്ങളിലും, പരീക്ഷണങ്ങളിലുമെല്ലാം സാക്ഷിയാകാൻ ഭാഗ്യം ലഭിച്ചവളായിരുന്നു സി. റോസ. മദർ ബിയാട്രീസാകട്ടെ അന്ത്യകാലത്ത് പ്രത്യേകിച്ചും എവുപ്രാസ്യമ്മയുടെ പരിചരണവും, പ്രാർത്ഥനാസഹായങ്ങളും അനുഭവിച്ച് മരിക്കാൻ ഭാഗ്യം നേടിയവളും.

## വീണ്ടും രോഗത്തിന്റെ പിടിയിൽ

1897 ജൂലായ് 29-ൽ ശിരോവസ്ത്രധാരണം കഴിഞ്ഞ് മൂന്നുമാസം തികയാൻ ദിവസങ്ങളിനിയും ബാക്കിയാണ്. അതാ സി. എവുപ്രാസ്യ വീണ്ടും മാരകരോഗത്തിന്റെ പിടിയിലമർന്നു. രോഗനിർണ്ണയംപോലും നടത്താനാകാതെ ഭിഷഗ്വരന്മാർ കുഴങ്ങി. മരണം നിശ്ചയമെന്ന് ഏതാണ്ടുറപ്പായപ്പോൾ അന്ത്യകൂദാശകൾ നൽകപ്പെട്ടു. താമസിയാതെ കണക്കുകൂട്ടലുകൾ മറികടന്ന് ദൈവം വീണ്ടും സി. എവുപ്രാസ്യയെ അത്ഭുതകരമായി സുഖപ്പെടുത്തി. മരണം വഴിമാറി. അമ്പഴക്കാട് മഠം നാളാഗമത്തിൽ അന്ന് കുറിച്ചുവെച്ചിരിക്കുന്ന വാക്കുകളിതാ–

"സഹോദരി എവുപ്രാസ്യയ്ക്ക് അടുത്ത മരണയോഗ്യം കണ്ടതിനാൽ ബ. അച്ചനെ വരുത്തി അന്ത്യകൂദാശകൾ കൊടുത്തു. അത്യന്ത അപകടസ്ഥിതിയിൽ ഇരുന്നിരുന്ന ആ രോഗം പെട്ടെന്ന് പ്രത്യക്ഷത്താൽ സുഖപ്പെടുകയും ചെയ്തു. ഈ ആൾക്ക് ഇതുപോലുള്ളതും, ഇതിൽ മേല്പെട്ടതുമായ അനവധി അതിശയങ്ങൾ 12 വയസ്സുമുതൽ പരസ്യമായി സംഭവിച്ചിട്ടുണ്ട്. പല ദൈവീക വെളിപാടുകളും, സംഭവങ്ങളും നടന്നുവരുന്നുണ്ട്. താൻ വളരെ ദീനക്കാരുത്തിയാണെങ്കിലും, പാടുകളുടെ കാഠിന്യംകൊണ്ട് ഒരിക്കലും ആവലാതി പറയാതെ വളരെ ക്ഷമയോടെ സഹിച്ചിരുന്നു. ജീവിതം മുഴുവനും പീഢകളായിട്ടത്രെ കണ്ടുവരുന്നത്." (പേജ് 14, 15)

## സഭാവസ്ത്രം

1898 ജനുവരി 10-ന് തിങ്കളാഴ്ച അഭിവന്ദ്യ മേനാച്ചേരി മെത്രാനിൽനിന്നും മറ്റ് അർത്ഥിനികളോടൊപ്പം സി. എവുപ്രാസ്യയും സഭാവസ്ത്രം സ്വീകരിച്ചു. പ്രാർത്ഥനാ



ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റ്



എവുപ്രാസ്യമ്മയുടെ പിതാവ് -
എടത്തിരുത്തി എലുവത്തിങ്കൽ ചേർപ്പു
കാരൻ കാക്കു അന്തോണി



എവുപ്രാസ്യമ്മയുടെ മാതാവ്
അരണാട്ടുകര പാലിശ്ശേരി ഇട്ടിക്കുരു
പൊറിഞ്ചു മകൾ കുഞ്ഞേത്തി



കാട്ടൂരിൽ എവുപ്രാസ്യമ്മയുടെ ജന്മഗൃഹം ഉണ്ടായിരുന്ന സ്ഥലവും
ശേഷിച്ചിട്ടുള്ള കിണറും.



എവുപ്രാസ്യമ്മ ജ്ഞാനസ്നാനം സ്വീകരിച്ച എടത്തിരുത്തി കാർമൽമാതാ
ദൈവാലയം (പുതുക്കിപ്പണിയുന്നതിനുമുമ്പ്)



എടത്തിരുത്തി കാർമൽമാതാ ഫൊറോന പള്ളി, മദ്ബഹ



എവുപ്രാസ്യമ്മ ജ്ഞാനസ്നാനം സ്വീകരിച്ച മാമ്മോദീസ തൊട്ടി
(എടത്തിരുത്തി പഴയ പള്ളിയിലേത്)




ഒല്ലൂർ എവുപ്രാസ്യ സെൻ്ററിൽ വെഞ്ചരിക്കപ്പെട്ട എവുപ്രാസ്യയുടെ മ്യൂസിയം - പ്രവേശന കവാടം



എവുപ്രാസ്യമ്മയുടെ നൊവിസ് മിസ്ട്രസ്സമ്മയും
മാർ ളൂയിസ്പഴേപറമ്പിലും

പരിത്യാഗങ്ങൾ പതിന്മടങ്ങ് വർദ്ധിപ്പിച്ചുകൊണ്ടും, നിഴൽപോലെ, തന്നെ പിൻതുടരുന്ന രോഗക്ലേശങ്ങളും, ആന്തരിക സംഘട്ടനങ്ങളും, ആത്മീയ പീഡകളും ക്ഷമാപൂർവ്വം അഭിമൂഖികരിച്ച്, സഹനത്തിന്റെ എരിതീയിൽ സ്വയം വിശുദ്ധീകരിച്ചുകൊണ്ടുമാണ് ആത്മസമർപ്പണത്തിന്റെ ബാഹ്യചിഹ്നമായ സന്യാസസഭാവസ്ത്രം ആ സുകൃതിനി എടുത്തണിഞ്ഞത്. അകവും പുറവും ഒരുപോലെ കർത്താവിന് കാണിക്കയാകാൻ, എന്നേ തുടങ്ങിയ ആ കാത്തിരിപ്പ് അങ്ങനെ കനിചൂടി.

## ഒല്ലൂരിൽ ഒഴുകിച്ചേർന്ന ഉറവകൾ

ആയിടക്ക് ഒല്ലൂർക്കാർക്കൊരു മോഹം, നാട്ടിൽ ഒരു മഠം വേണമെന്ന്! ഒരു വിധവാശ്രമവും, മക്കളുടെ പഠിപ്പിനും നല്ല വളർത്തലിനുമായി ഒരു വിദ്യാലയവും വേണമെന്നായിരുന്നു നാട്ടുകാരുടെ ആശ. അതിനായി കുറച്ച് പണവും മറ്റും സ്വരൂപിച്ചതിനുശേഷം, മെത്രാനെ സമീപിച്ചു, അനുവാദത്തിനായി. രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും ഒന്നുതന്നെയായാലത്തെ രസം പറയാനുണ്ടോ? തന്റെ മെത്രാസനത്തിനടുത്തുതന്നെ നല്ലൊരു മഠവും സ്കൂളും പണിയാൻ അത്യാശയോടെ കാത്തിരിക്കയായിരുന്നു, മെത്രാൻ തിരുമേനി. രൂപതാ ഭരണമേറ്റ് രണ്ടുമാസം കഴിഞ്ഞപ്പോൾ, കൃത്യം 1897 ജനുവരി 3-നു കൂനമ്മാവ് മഠത്തിലേയ്ക്കയച്ച കത്തിൽ തിരുമേനി ഇങ്ങനെ എഴുതിയിരിക്കുന്നു. "നല്ലതായി ഒരു കന്യാസ്ത്രി ആശ്രമവും, ബോർഡിംഗും, സ്കൂളും തൃശൂർ പണിയിക്കുന്നതിനുവേണ്ടിയ ഏർപ്പാടുകൾ സമാരംഭിച്ചിട്ടുണ്ട്. അമ്പഴക്കാട് കണിച്ചായിയുടെ വീട് മഠമായി തിരിച്ചാലും, ആയത് തൃശൂർ വിചാരിച്ചിരിക്കുന്ന മഠത്തിൻകീഴ് വരുന്നതല്ലാതെ ഒരു പ്രധാന ആശ്രമമാക്കുകയില്ല." (കൂനമ്മാവ് മഠം - *വജ്ര ജൂബിലി സ്മരണിക*. പേജ് 263)

വിധവാശ്രമത്തിനുപകരം കന്യകാശ്രമമായിരിക്കും കൂടുതൽ നല്ലതെന്ന അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശം നല്ലവരായ നാട്ടുകാർ സസന്തോഷം സ്വീകരിച്ചു. ആ രണ്ട് ഉറവകളുമങ്ങനെ ഒന്നിച്ചു. താമസിയാതെ പരി. അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ ഒരു മഠമുയർന്നു.

## ഒല്ലൂർ മഠത്തിൽ നിത്യവ്രതാനുഷ്ഠാനം

നിത്യവ്രതാർപ്പണത്തിനുള്ള 10 ദിവസത്തെ ധ്യാനവും മറ്റെല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി എവുപ്രാസ്യമ്മ മറ്റംഗങ്ങളോടൊപ്പം ഒല്ലൂർക്ക് പോന്നു. ആ വർഷം (1900) കർത്താവിന്റെ സ്വർഗ്ഗാരോഹണതിരുനാൾ മെയ് 24ന് വ്യാഴാഴ്ചയായിരുന്നു. അന്നുതന്നെയായിരുന്നു മഠത്തിന്റെ ആശീർവ്വാദവും, നവസന്യാസിനികളുടെ നിത്യവ്രതവാഗ്ദാനവും. താൻ എന്നേ ചെയ്തുകഴിഞ്ഞ സമർപ്പണം ഇന്നിതാ തിരുസഭ ഔദ്യോഗികമായി സ്വീകരിച്ച് സ്ഥിരീകരിച്ചിരിക്കുന്നു. സി. എവുപ്രാസ്യയുടെ ആനന്ദത്തിന് അതിരില്ലായിരുന്നു. അന്നുമുതൽ ഒരുവിധത്തിൽ പറഞ്ഞാൽ തന്റെ കണ്ണും കരളും ദിവ്യസക്രാരിയിൽ പറിച്ചുവച്ചു. ആ സക്രാരിക്ക് കാവലിരുന്നു. അൾത്താരയിലുയർന്നു നിൽക്കുന്ന അമലോത്ഭവമാതാവിനെ വിട്ടകലാൻ സാധ്യമല്ലെന്നായി. ഒരു കുഞ്ഞിനെപ്പോലെ അമ്മയോട് ഒട്ടിനിന്നു. ശേഷിച്ച തന്റെ ജീവിതത്തിൽ ഏകദേശം മുന്നുനാലുവർഷമൊഴിച്ചുള്ള കാലമെല്ലാം എവുപ്രാസ്യമ്മ ഒല്ലൂർ മഠത്തിൽതന്നെയാണ് ചെലവഴിച്ചത്.

## ഇടയന്നരികെ

അമ്പഴക്കാട് ഒരു നവസന്യാസിനിയായിരിക്കവെ തന്നെ എവുപ്രാസ്യമ്മയുടെ കുമ്പസാരക്കാരനും ആത്മനിയന്താവുമായിരുന്നത് ബ. മേനാച്ചേരി മെത്രാനാണ്. പിതാവിന്റെ

മരണംവരെ, (1919 ഡിസംബർ 19) ഏകദേശം 20 വർഷ ത്തോളം ഇത് തുടർന്നു. ആഞ്ഞസമ്മയുടെ കത്തും, എവു പ്രാസ്യമ്മയ്ക്കുണ്ടാകുന്ന ചില അസാധാരണാനുഭവങ്ങളും, അതെക്കുറിച്ച് മറ്റു സഹോദരികളിൽനിന്നുള്ള അഭിപ്രായ ങ്ങളുമെല്ലാം ഈ സഹോദരിയുടെ നേർക്ക് ഒരു പ്രത്യേക ശ്രദ്ധ ചെലുത്താനും, നിരീക്ഷിക്കാനും തിരുമേനിക്ക് പ്രേരണ നൽകിക്കാണണം. ഈ വിനീതാത്മാവിൽ നടക്കുന്ന പ്രവർത്തനങ്ങളെ മനസ്സിലാക്കി അദ്ദേഹം അവ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്. എവുപ്രാസ്യമ്മ യാകട്ടെ തന്റെ ആത്മസ്ഥിതി പൂർണ്ണമായും പരമാർത്ഥ മായും ആത്മഗുരുവിന് വെളിപ്പെടുത്തിക്കൊണ്ടിരുന്നു. തന്റെ സ്വഭാവപ്രവണതകൾ, ബലഹീനതകൾ, പരീക്ഷകൾ, സംഘട്ടനങ്ങൾ, വീഴ്ചകൾ, പ്രയാസങ്ങൾ, ആശ്വാസങ്ങൾ, ദൈവികദാനങ്ങൾ എല്ലാം യഥാതഥം അറിയിച്ചുകൊണ്ടി രുന്നു. പിതാവിന്റെ നിർദ്ദേശങ്ങളോരോന്നും ദൈവദത്ത മായ കല്പനയായിത്തന്നെ ആ വിനീതാത്മാവ് സ്വീകരിച്ചു. ഈ പുണ്യപുരുഷനുമായുള്ള ആത്മീയ ബന്ധം എവുപ്രാ സ്യമ്മയ്ക്ക് ആശ്വാസവും ശക്തിയും വളർച്ചയും പ്രദാനം ചെയ്തു. കുറ്റപ്പെടുത്താനും, എളിമപ്പെടുത്തുവാനും അവ സരങ്ങൾ കണ്ടെത്തി. എവുപ്രാസ്യമ്മയുടെ ആദ്ധ്യാത്മികത വിവേചിച്ചറിയുന്നതിനും, ആഴപ്പെടുത്തുന്നതിനും, വേണ്ട വിധം നിഷ്ക്കർഷാപൂർവ്വം പരീക്ഷണവിധേയമാക്കുന്ന തിനും, പരിശോധിച്ചറിയുന്നതിനും വിവേകശാലിയായ ആ നല്ല ഇടയൻ യത്നിച്ചിരുന്നു.

## ഉള്ളം തുറന്ന കത്തുകൾ

നേരിൽക്കണ്ട് സംസാരിക്കാൻ സാധിക്കാതെ വരു മ്പോൾ എല്ലാം എഴുതി അറിയിക്കണമെന്നായിരുന്നു പിതാവ് കൊടുത്ത കല്പന. അങ്ങനെ എഴുതപ്പെട്ട എൺപ

തോളം കത്തുകൾ ഒരു നിധിപോലെ ആത്മനിയന്താവ് സൂക്ഷിച്ചുവെച്ചു. ഇന്നും അവ ഭദ്രമായി സൂക്ഷിക്കപ്പെടുന്നു. മറയപ്പെട്ട ആ ജീവിതത്തിന്റെ മുക്കിലും മൂലയിലും അജ്ഞാതമേഖലകളിലും നമുക്ക് കടന്നുചെല്ലാനുള്ള ഒരു കവാടമായിത്തീർന്നു, ഇന്ന് ആ ലിഖിതങ്ങളോരോന്നും. ആ വിനീതാത്മാവിന്റെ ഒരേകദേശ ചിത്രം നമുക്കതിൽ കാണാം. എഴുത്തുകളിൽ എട്ടെണ്ണം അമ്പഴക്കാട് നിന്നും ബാക്കിയെല്ലാം ഒല്ലൂർനിന്നുമാണ് എഴുതിയിരിക്കുന്നത്.

## മുഖ്യശില്പിക്കൊരു സഹായി

എവുപ്രാസ്യമ്മയുടെ പ്രാർത്ഥനാചൈതന്യവും, മാതൃകാജീവിതവും, ക്രമാചരണനിഷ്ഠയും കണ്ടറിഞ്ഞ അധികാരികൾ നവസന്യാസിനികളുടെ ഗുരുനാഥയെ സഹായിക്കാൻ അവരെ നിയമിച്ചു; കൂടെ രോഗിണികളായ സഹോദരികളെ ശുശ്രൂഷിക്കുന്ന ജോലിയും. ഏതിലും ദൈവഹിതം നിറവേറ്റുന്നതിൽ ആ ത്യാഗിനി ബദ്ധശ്രദ്ധയായിരുന്നു. ഇതിനിടയിൽ അമ്പഴക്കാട്ടുള്ള ഒരു സഹോദരിക്ക് ചികിത്സാർത്ഥം ഒല്ലൂർമഠത്തിൽ നില്ക്കേണ്ടി വന്നതിനാൽ ആ സഹോദരിക്ക് പകരം എവുപ്രാസ്യമ്മ അമ്പഴക്കാട്ടേയ്ക്ക് പോവുകയും ഏകദേശം രണ്ട് വർഷത്തോളം അവിടെ നിൽക്കുകയും ചെയ്തു. ആ മഠത്തിലും ഗുരുനാഥയെ സഹായിക്കുന്നതിലും രോഗിണികളായ സഹോദരികളെ പരിചരിക്കുന്നതിലുമാണ് വ്യാപൃതയായത്.

## നോവീസ് മിസ്ട്രസ്

ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായവരെയാണല്ലോ ദൈവം വലിയ കാര്യങ്ങളേല്പിക്കുക. എവുപ്രാസ്യമ്മയുടെ ആദ്ധ്യാത്മിക സമ്പന്നതയിലും ഉത്തരവാദിത്വബോധത്തിലും ദൃഢബോധ്യം വന്ന അധികാരികൾ 1904–ൽ നവസന്യാസിനികളുടെ പ്രധാന ഗുരുനാഥയായിത്തന്നെ

അവരെ നിയമിച്ചു.  തന്റെ കഴിവില്ലായ്മയും, മറ്റ് പരിമിതികളും വേണ്ടപ്പെട്ടവരെ അറിയിച്ച്, ഈ ചുമതലയിൽനിന്നും തന്നെ ഒഴിവാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചെങ്കിലും ഫലമുണ്ടായില്ല.  ദൈവകരുണയിലും, തന്റെ അമ്മയായ മാതാവിലും ആശ്രയിച്ചുകൊണ്ട് ദൈവഹിതത്തിന് ഒടുവിൽ വിധേയയായി. ദൈവസ്നേഹത്തിലും സഭാചൈതന്യത്തിലും കർമ്മലസഭാമക്കളെ മാതൃകായോഗ്യരായി വാർത്തെടുക്കുന്നതിൽ എവുപ്രാസ്യമ്മയ്ക്കുള്ള കഴിവ് അന്യാദൃശമായിരുന്നെന്ന് തെളിയാൻ അധികനാൾ വേണ്ടി വന്നില്ല.  ഭാരമേറിയ ഈ ജോലി 9 വർഷക്കാലും അവർ നിർവഹിക്കുകയുണ്ടായി.

## കർശനഭാവം - കനിവേറുന്ന കരൾ

മനസ്സ് ആർദ്രമാണെങ്കിലും ചിലപ്പോഴൊക്കെ മുഖത്ത് കർശനഭാവം കാണപ്പെടും.  നവസന്യാസിനികൾ ക്രമാനുഷ്ഠാനങ്ങളിൽ വീഴ്ചവരുത്തുന്നതും, അലസരും മന്ദോഷ്ണരുമായി വളരുന്നതും അമ്മയ്ക്ക് കണ്ടുനിൽക്കാനാകില്ല.  കർശനമായിത്തന്നെ തെറ്റുകൾ തിരുത്തും.  ജീവനുതുല്യം സ്നേഹിക്കുന്ന തന്റെ കുഞ്ഞു സഹോദരികൾ വിശുദ്ധിയിൽ വളരണമെന്ന ഒരേയൊരു ആശയായിരുന്നു ഗുരുനാഥയ്ക്ക്.  ഭൂരിപക്ഷവും അമ്മയുടെ ശിക്ഷണത്തിൽ പ്രയോജനം കണ്ടെത്തിയവരാണ്.  പക്ഷെ എല്ലാവർക്കും ഒരുപോലെ ആ ഉദ്ദേശശുദ്ധിയും തീക്ഷ്ണതയും ഉൾക്കൊള്ളാനായില്ല. താൻ കർശനമായി പെരുമാറുന്നുവെന്ന് തന്നെക്കുറിച്ചുള്ള ആക്ഷേപം എവുപ്രാസ്യമ്മ അറിയാതെയുമിരുന്നില്ല.  അവയ്ക്ക് മറുപടി പറയാൻ തുനിഞ്ഞുമില്ല.  മറിച്ച് അവയ്ക്കെതിരെ സ്നേഹം കോരിച്ചൊരിഞ്ഞു. ആദർശത്തിൽനിന്നും അണുവിട വ്യതിചലിച്ചുമില്ല. തന്റെ രീതി ഇഷ്ടപ്പെടാത്തവരിൽനിന്ന് പിൽക്കാലത്ത് കൈപ്പ് നിറഞ്ഞ അനുഭവങ്ങൾ അമ്മയ്ക്ക് സഹിക്കേണ്ടിവന്നിട്ടുണ്ട്.

എന്തൊക്കെയായാലും ഏകാന്തത, മൗനം, പ്രാർത്ഥന, പര സ്നേഹം എന്നിവയിൽനിന്നും ഊറിത്തെളിഞ്ഞുവരേണ്ട കർമ്മല സഭാചൈതന്യം മക്കളിൽ തുള്ളിത്തുളുമ്പി നിൽക്കുന്നത് കാണാൻ ആ അമ്മ കൊതിച്ചു. നാവടക്കം പാലിക്കാൻ 4 പ്രത്യേക സന്ദർഭങ്ങൾ മക്കൾക്കുപദേശിച്ചു കൊടുത്തു.

1. ഒരധികാരി മാറി മറ്റൊരാൾ വരുമ്പോൾ.
2. വേറൊരാളുടെ ഉദ്യോഗം നാം ഏറ്റെടുക്കുമ്പോൾ.
3. മറ്റു മഠങ്ങളിലെ അംഗങ്ങൾ നമ്മുടെ മഠത്തിൽ വരുമ്പോഴും, നാം മറ്റു മഠങ്ങളിൽ പോകുമ്പോഴും.
4. മനസ്സ് ക്ഷോഭിച്ചിരിക്കുമ്പോൾ.

ഇവ ഇന്നും മനസ്സിൽ കാത്തുസൂക്ഷിക്കുന്നവരും പ്രാവർത്തികമാക്കുന്നവരും അനേകരാണ്.

തന്റെ സംരക്ഷണയിൽ ഏല്പിക്കപ്പെട്ടിരുന്ന ഓരോ ആത്മാവിനെക്കുറിച്ചും സൂക്ഷ്മ വിവരങ്ങൾപോലുമറിയാവുന്ന അതീവ ശ്രദ്ധയുള്ള ഗുരുനാഥയായിരുന്നു എവുപ്രാസ്യമ്മ. സഹോദരികളുടെ രോഗത്തിലും ആന്തരിക സംഘട്ടനങ്ങളിലും ചെറുതും വലുതുമായ ഏതാവശ്യങ്ങളിലും, സ്നേഹശുശ്രൂഷകൾ ഒരമ്മയെപോലെ അവർ കണ്ടറിഞ്ഞ് നൽകി. ഭാവം അല്പം കർശനമാണെന്ന് തോന്നാമെങ്കിലും കരൾ, കനിവേറിയതാണെന്ന് സമ്മതിക്കാത്തവരില്ല.

## ആവിപറക്കുന്ന കാപ്പിയും കപ്പയും

ആ സ്നേഹമനുഭവിച്ചിട്ടുള്ളവർക്ക് പറയാനുള്ള കഥകൾ പലതാണ്. അവരിലൊരാളായ കിത്തേര്യമ്മയുടെ വിവരണമിതാ. "അന്നൊരിക്കൽ മഠം വക പറമ്പിൽ കുളം കുഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. 1911-ലാണ് എന്നാണോർമ്മ. വേലക്കാർ ഇളക്കിയിടുന്ന മണ്ണ്

നവസന്യാസിനികളായ ഞങ്ങൾ പോയി വെളിയിൽ കോരിയിടണം. ഞങ്ങൾ ജോലിക്ക് പുറപ്പെടുമ്പോൾ അമ്മയും കൂടെ വരും. ഞങ്ങളുടെ കൂടെ കളത്തിലിറങ്ങി മണ്ണുവാരാനുള്ള ശക്തി അമ്മയ്ക്കില്ല. ആ സമയം മുഴുവൻ അവർ കുളക്കരയിൽ ജപമാല ചൊല്ലിക്കൊണ്ടിരിക്കും. അത് ഞങ്ങൾക്ക് ക്ഷീണവും രോഗവും വരാതിരിക്കാനാണെന്ന് പറയും. പണികഴിഞ്ഞ ഉടനെ ഭക്ഷണമുറിയിൽ കൂട്ടിക്കൊണ്ടുപോയി ആവി പറക്കുന്ന കാപ്പിയും കപ്പയും അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും കഴിച്ചിട്ടേ ഞങ്ങളെ പോകാൻ അനുവദിക്കുമായിരുന്നുള്ളു. ഈ വിധം ഞങ്ങളെ സ്നേഹിച്ച പുണ്യവും തന്റേടവുമുള്ള അമ്മയായിരുന്നു അവർ."

## പാദം ചുംബിക്കൽ

ഉപവിക്ക് ക്ഷതമേല്പിക്കുന്ന തെറ്റുകളെ വളരെ ഗൗരവത്തിൽതന്നെയാണ് ഗുരുനാഥ കൈകാര്യം ചെയ്തിരുന്നത്. തമ്മിലെന്തെങ്കിലും വിഷമത്തിനിടയായാൽ രമ്യതപ്പെട്ടതിനുശേഷമേ ഉറങ്ങാൻ പോകാവൂ എന്നായിരുന്നു എവുപ്രാസ്യമ്മയുടെ നിർദ്ദേശം. വിഷമമുള്ള സഹോദരി മറ്റേയാളുടെ പാദം ചുംബിച്ച് മാപ്പപേക്ഷിക്കാൻ ഗുരുനാഥ നിർദ്ദേശിക്കാറുണ്ടെന്ന് അനുഭവസ്ഥർ പറയുന്നു. സൗഹൃദം പുന:സ്ഥാപിച്ചതായി നേരിൽ കണ്ടാലെ എവുപ്രാസ്യമ്മയ്ക്കും ഒരു സുഖമുണ്ടാകു.

## "അത് ഞാൻ നോക്കിക്കൊള്ളാം"

നവസന്യാസിനിയായ മരി ലൂവീസയ്ക്ക് സംശയം, തനിക്ക് ദൈവവിളിയില്ലെന്ന്! വീട്ടിൽ പോകുക തന്നെ. കുറച്ച് ദിവസങ്ങളായി മനസ്സിലിങ്ങനെ ഒരു സംഘട്ടനം. വിഷമിച്ച് നടന്നു. ഗുരുത്ത്യമ്മയോടെങ്ങനെ പറയും? മാതാവിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞെഴുന്നേറ്റാൽ മനസ്സ് പഴയപടി. ധൈര്യവും പോരാ.

വീണ്ടും പ്രാർത്ഥിച്ചു. പറയാൻതന്നെ തീരുമാനിച്ച് ഗുരു നാഥയുടെ മുറിയുടെ വാതില്ക്കൽ ചെന്നു മുട്ടി. ഭയത്തോടെ കാത്തുനിന്നു. അതാ വാതിൽ തുറന്നു. പുഞ്ചിരി തൂകി, കണ്ണുകളിലൊന്ന് സൂക്ഷിച്ചുനോക്കി, കാര്യ മങ്ങോട്ട് പറയുന്നതിനുമുമ്പ് എവുപ്രാസ്യമ്മ പറഞ്ഞു: "എനിക്കെല്ലാം മനസ്സിലായി. ഒന്നും പറയേണ്ട. എല്ലാം ഞാൻ നോക്കിക്കൊള്ളാം, മോള് സമാധാനത്തിൽ പൊയ്ക്കൊ." പിന്നീടൊരിക്കലും ആ പരീക്ഷ അടുത്തു വരാൻ ധൈര്യപ്പെട്ടിട്ടില്ലത്രേ. സമർപ്പണ ജീവിത ത്തിൽനിന്നും ആത്മാക്കളെ ആട്ടിയിറക്കാൻ അന്ധകാര ശക്തി പ്രയോഗിക്കുന്ന അടവുകൾ അമ്മ നേരത്തെ കണ്ട റിഞ്ഞതിന്റെ ലക്ഷണമാണല്ലോ ഇത്.

## വാദിക്കാനൊരു വക്കീൽ

തന്റെ നവസന്യാസിനികൾക്കുവേണ്ടി ഒരു വക്കീലിനെ പ്പോലെ വാദിക്കാനുള്ള തന്റേടവും ഒരമ്മയെപ്പോലെ അവ രുടെ തിരിച്ചുവരവ് കാത്തിരിക്കാനുള്ള സഹിഷ്ണതയും എവുപ്രാസ്യമ്മ പ്രകടിപ്പിച്ച സന്ദർഭങ്ങൾ നിരവധിയാണ്. ഒരു നവസന്യാസിനിക്കുവേണ്ടി രൂപതാദ്ധ്യക്ഷനോട് നട ത്തിയ വാദമുഖങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ. "കുട്ടിയുടെ സ്വഭാവത്തെക്കുറിച്ച് സമൂഹത്തിന് അംഗീകാരമില്ലാത്ത ഈ സ്ഥിതിയിൽ കുട്ടിയെ അമ്പഴക്കാട്ടേയ്ക്ക് തന്നെ വിടണൊ പിതാവേ? കഴിയുന്നതും കുട്ടിയെ നന്നാക്കിയെടുക്കാൻ പരിശ്രമിക്കുന്നുണ്ട്. ഉപദേശ നിർദ്ദേശങ്ങളനുസരിച്ച് സൂക്ഷിച്ചു നടക്കാൻ അവൾ പ്രയാസപ്പെടുന്നുമുണ്ട്. അതി നാൽ ഈ നിലയിൽ വിടാൻ എനിക്ക് പ്രയാസം തോന്നുന്നു. കുട്ടിയുടെ സ്വഭാവത്തിൽ കാര്യമായ വ്യത്യാസം വന്നതി നുശേഷം, എവിടേയ്ക്കെങ്കിലും വിടുന്നതിന് എനിക്ക് ദു:ഖമില്ല. വരും കാലങ്ങളിൽ ഈ മോശമായ അഭിപ്രായം

മറ്റുള്ളവരാരും അറിയാതിരിക്കുന്നതല്ലേ നല്ലത്. അതിനാൽ സ്നേഹപിതാവ് ഒന്നുകൂടി ആലോചിച്ച് സാധിക്കുമെങ്കിൽ ആദ്യം നൽകിയ കല്പന ഒഴിവാക്കണമെ." (കത്തുകൾ, 1907 മെയ് 22)

## മഠാധിപ

1913-ൽ നോവിസ് മിസ്ട്രസ്സിന്റെ ഭാരമേറിയ ജോലിയിൽനിന്നും ഒഴിവാക്കപ്പെട്ടത് മറ്റൊരു ഉത്തരവാദിത്വത്തിൽ നിയമിതയാകാനായിരുന്നു - ഒല്ലൂർ മഠത്തിന്റെ അധിപ. "പിതാവേ, ഞാൻ പരമാർത്ഥം പറയട്ടെ, എനിക്ക് തോന്നുന്നു, വല്ല കാടുകളിലോ, വനങ്ങളിലോ പോയി ജീവിക്കുന്നതായാൽ ആരുമാരുമറിയാതെ ഈ ലോകം കഴിച്ചുകൂട്ടാമെന്ന്" (കത്തുകൾ, 1905 കർക്കിടകം 14) ആ ഹൃദയത്തിന്റെ ദാഹമിങ്ങനെ - പക്ഷെ ദൈവത്തിന്റെ പ്ലാൻ മറ്റൊന്ന്. എവുപ്രാസ്യമ്മ വഴങ്ങിക്കൊടുത്തു. ദൈവചിത്തത്തിൽനിന്നും വേറിട്ടൊരു ചിന്ത ആ മനസ്സിൽ തങ്ങാറില്ല. അങ്ങനെയൊരു മനസ്സുമില്ല. തന്റെ ആദർശവീഥിയിലൂടെ മുന്നോട്ട് പോകാൻതന്നെ തയ്യാറെടുത്തു. പ്രാർത്ഥനയും തപസ്സുംതന്നെ ഊന്നുവടികൾ.

## മർമ്മംകൊണ്ട കർമ്മം

ആരംഭത്തിൽത്തന്നെ എവുപ്രാസ്യമ്മ ഭരണനിർവ്വഹണം ഈശോയുടെ തിരുഹൃദയത്തിന് ഭരമേല്പിച്ചു. ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യ മറ്റെവിടെ അഭയം കണ്ടെത്താനാണ്? മനോഹരമായ ഒരു തിരുഹൃദയരൂപം മഠത്തിനുള്ളിൽ മർമ്മഭാഗത്ത് ആദ്യമെ സ്ഥാപിച്ചു. ആ കർമ്മം മർമ്മത്തിൽ കൊണ്ടു. എവുപ്രാസ്യമ്മ ദിവസമോരോന്നും ആരംഭിച്ചിരുന്നതും അവസാനിപ്പിച്ചിരുന്നതും ഈ തിരുഹൃദയത്തിന് മുന്നിലാണ്. മഠത്തിനുള്ളിൽ നാനാ

വശങ്ങളിലേയ്ക്കും കടന്നുപോകാനുള്ള വഴി ഇവിടെ തുടങ്ങുന്നു. ആ വഴി കടന്നുപോകുമ്പോഴെല്ലാം എവുപ്രാസ്യമ്മ സ്നേഹവായ്പോടെ അവിടേയ്ക്ക് ഉറ്റുനോക്കും. രാത്രിയാമങ്ങളിൽ ഏറിയ പങ്കും ചെലവഴിച്ചിരുന്നതും അവിടെത്തന്നെ. ഇന്നും കൃപയൂറുന്ന കടാക്ഷവും മലർക്കെ തുറന്ന വിലാപ്പുറവുമായി ആ രൂപമവിടെ സ്ഥിതിചെയ്യുന്നു. പ്രാർത്ഥനാഭ്യർത്ഥനകളുമായി അവിടെ ഓടിയെത്തുന്നവർ ഇന്ന് ധാരാളമാണ്.

## സ്നേഹവും ശാസനയും

ആ നല്ല അമ്മ മക്കളെ സ്നേഹിച്ചു. പ്രാർത്ഥനയിലും തീക്ഷ്ണതയിലും നിയമാചരണത്തിലും നിശബ്ദസഹനത്തിലും അദ്ധ്വാനത്തിലുമെല്ലാം മക്കൾക്കൊരു നല്ല മാതൃകയായി. ആരും പുണ്യത്തിൽ പുറകിലാകരുതെന്ന് അവർ ആഗ്രഹിച്ചു. അതിനാൽ തെറ്റു കണ്ടാൽ തിരുത്തും. അതിൽ മുഖം നോട്ടമില്ല. സന്യാസത്തിൽ ലൗകിക പ്രവണതകൾ നുഴഞ്ഞുകയറുന്നത് കണ്ടാൽ സഹിക്കില്ല. അതുപോലെതന്നെ അലസതയും ഉത്തരവാദിത്വബോധമില്ലായ്മയും. മറ്റുള്ളവർ എന്തു വിചാരിക്കും, എങ്ങനെ പ്രതികരിക്കും എന്നും മറ്റുമുള്ള സ്വാർത്ഥചിന്തകൾക്ക് അടിമപ്പെടാറുമില്ല.

## "എവുപ്രാസ്യമ്മ മൂത്ത ആളായാൽ"

സ്നേഹം വാക്കിലൊതുക്കുക മാത്രമല്ല പ്രവൃത്തിയിലൂടെ പ്രകടമാക്കുകകൂടി ചെയ്തിരുന്നു. സഹോദരികളുടെ ക്ഷീണവും ആവശ്യവും ആവുന്നത്ര കണ്ടറിഞ്ഞ് പരിഹരിക്കാൻ ശ്രദ്ധിച്ചു. സാമ്പത്തികനില മോശമായിരുന്നിട്ടും സഹോദരികൾക്ക് നല്ല ഭക്ഷണം കൊടുക്കാനായിരുന്നു എവുപ്രാസ്യമ്മയുടെ ആഗ്രഹവും പരിശ്രമവും. പതിവില

ധികം എന്തെങ്കിലും ഭക്ഷണപദാർത്ഥം വിളമ്പുവാനുള്ള പ്പോൾ അവർ വളരെ സന്തോഷിക്കും. പലപ്പോഴും തമ്പു രാൻ ഉദാരമതികളുടെ സഹായത്താൽ അമ്മയുടെ ആഗ്രഹം നിറവേറ്റിക്കൊടുക്കാറുണ്ട്. ഇത് പലപ്പോഴും രുചി ച്ചറിഞ്ഞ സഹോദരികളുടെ ഇടയിൽ ഒരു പഴമൊഴി രൂപ മെടുത്തു. "എവുപ്രാസ്യമ്മ മഠത്തിലെ മൂത്ത ആളായാൽ നമുക്ക് നല്ല കോളാണ്." മഠാധിപയുടെ സ്ഥാനമൊഴി ഞ്ഞിട്ടും അമ്മയുടെ ഈ സ്നേഹത്തിന് വർദ്ധനവല്ലാതെ ഒട്ടും കുറവ് വന്നില്ല. രോഗവും ക്ഷീണവുമുള്ളവരുടെ നേർക്ക് മാതൃസഹജമായ ശ്രദ്ധയും ഉത്ക്കണ്ഠയും പ്രക ടമാക്കിയിരുന്നു. സഹോദരികൾക്ക് സൂപ്പ് കൊടുത്ത് ക്ഷീണം തീർക്കാൻ അമ്മ അത്യുത്സാഹം കാണിച്ചു.

## ആത്മാവിന്റെ അടിത്തട്ടോളം

ബാഹ്യകാര്യങ്ങളിൽ മാത്രമായിരുന്നില്ല സ്നേഹവും ശ്രദ്ധയും, ആത്മാവിന്റെ അടിത്തട്ടോളം ആ നോട്ടം ഇറ ങ്ങിച്ചെല്ലാറുണ്ട്. അതിന് നല്ലൊരു ദൃഷ്ടാന്തമാണ് ആയി ടയ്ക്കുണ്ടായ ഒരു സംഭവം. ഒരു സഹോദരി മരണാവ സ്ഥയിലായിരുന്നു. പലരും ചുറ്റിലുംനിന്ന് അവരെ ശുശ്രൂ ഷിച്ചു. മരണപ്പോരാട്ടം വളരെ നേരം ദീർഘിച്ചു. പ്രതീ ക്ഷിച്ചതുപോലെ അന്ത്യം എത്തിയില്ല. ഏവരും അന്യോന്യം നോക്കി. ഇത് കണ്ട് മഠാധിപയായ എവുപ്രാസ്യമ്മ അതി വേഗം സക്രാരിയുടെ മുമ്പിൽചെന്ന് കൈകൂപ്പി. സ്വല്പ സമയത്തിനുശേഷം തിരികെ രോഗിയുടെ പക്കലെത്തി. അവരോട് അല്പസമയം തനിയെ സംസാരിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് മറ്റുള്ളവർ മുറിയിൽനിന്ന് പുറത്തു പോയി. ആരോടെങ്കിലും ക്ഷമ ചോദിക്കാനുണ്ടോ എന്ന് രോഗിണിയോട് സൗമ്യമായി ചോദിച്ചു. രോഗിണിയുടെ കണ്ണുകൾ നിറഞ്ഞു. മുൻപൊരിക്കൽ താനൊരു

മഠാധിപയോട് ക്രൂരമായി പെരുമാറിയ കാര്യം വേദനയോടെ തുറന്നുപറഞ്ഞു. ഇപ്പോൾ മറ്റൊരു മഠത്തിൽ കഴിയുന്ന ആ സഹോദരിക്ക് തന്റെ പേർക്ക് ഒരു ക്ഷമാപണക്കത്തെഴുതണമെന്ന് രോഗിണി അഭ്യർത്ഥിച്ചു. എവുപ്രാസ്യമ്മ ഉടനടി അപ്രകാരം ചെയ്തു. കത്തുംകൊണ്ട് പോയ ആൾ ഉദ്ദിഷ്ട സ്ഥലത്തെത്തുംമുമ്പെ ആ സഹോദരി സമാധാനത്തോടെ അന്ത്യശ്വാസം വലിച്ചു. കണ്ടുനിന്നവർ വികാരതരളിതരായി. ഇതിന് ദൃക്സാക്ഷിയായ സി. ബിയാട്രീസ് വളരെ വികാരവായ്പോടെയാണ് എല്ലാം വിവരിക്കുന്നത്.

## മണലൂർ മഠത്തിൽനിന്നും ഒല്ലൂരിലേയ്ക്ക്

1916 ഏപ്രിൽ 14-ന് മഠാധിപയുടെ സ്ഥാനമൊഴിഞ്ഞശേഷം എവുപ്രാസ്യമ്മ മണലൂർ മഠാംഗമായി, സ്ഥലംമാറി. അവിടെ അസിസ്റ്റന്റ് മദറിന്റെ ചുമതലകൾ ഏല്പിക്കപ്പെട്ടു. പക്ഷെ, ആറുമാസത്തിലേറെ അവിടെ തങ്ങാൻ അവർക്ക് കഴിഞ്ഞില്ല. സന്തതസഹചാരികളായിരുന്ന വാതരോഗവും മറ്റ് അവശതകളും പതിന്മടങ്ങ് ശക്തിയോടെ അവരെ പിടികൂടി. പോരാത്തതിന് ഇടയ്ക്കിടെ ശക്തിയായ പനിയും ചോര ഛർദ്ദിക്കലും. അവിടത്തെ കാലാവസ്ഥ എവുപ്രാസ്യമ്മയുടെ ആരോഗ്യത്തിന് ഒട്ടും അനുകൂലമല്ലായിരുന്നു. ചികിത്സാസൗകര്യവും അവിടെ ദുർല്ലഭമായിരുന്നു. അതിനാൽ അഞ്ചാറുമാസത്തിനുശേഷം ഒക്ടോബർ 28-ന് ഒല്ലൂർക്ക് തന്നെ തിരികെ പോരേണ്ടിവന്നു.

## പ്രാർത്ഥിക്കുന്ന അമ്മ

ഉത്തരവാദിത്വമേറിയ ബാഹ്യജോലികളിൽനിന്നും രോഗം മൂലം വിടുതലാക്കപ്പെട്ട എവുപ്രാസ്യമ്മയുടെ മുഖ്യ ചുമതല പ്രാർത്ഥനാപ്രേഷിതത്വം തന്നെയായി. രാവും പകലും പ്രാർത്ഥനയെന്ന അച്ചുതണ്ടിലാണ് ആ ജീവിതം കറങ്ങി

യിരുന്നത്. ചെറുപ്പം മുതലേ വളർന്നുവന്ന പ്രാർത്ഥനാത്മ പരത കർമ്മലസഭയുടെ പിതാവായ ഏലിയാസ് പ്രവാചക നെപ്പോലെ 'ജീവിക്കുന്ന ദൈവത്തിന്റെ തിരുമുമ്പിൽ താൻ നിരന്തരം നിൽക്കുന്നു' എന്ന അവബോധത്തിൽ ആ ആത്മാ വിനെ ആഴപ്പെടുത്തി. എപ്പോഴും ധ്യാനലീനയായി കണ്ണു കൾ താഴ്ത്തിക്കൊണ്ടുള്ള ആ നടപ്പ് കാണുന്നവ രിൽപോലും ദൈവസാന്നിധ്യസ്മരണ ഉളവാക്കിയിരുന്നെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. എപ്പോഴും പ്രശാന്ത ചിത്തയായും പ്രസന്നവദനയായും കാണപ്പെട്ടിരുന്നതിന്റെ പിന്നിലെ രഹസ്യവും ആത്മാവിൽ നിറഞ്ഞുനിന്നിരുന്ന ഈ ദൈവാനുഭവമായിരുന്നു. ദൈവവരപ്രസാദത്തോട് പൂർണ്ണ മായി സഹകരിച്ചാലല്ലാതെ ഇത്തരമൊരവസ്ഥ കൈവരി ക്കാനാകില്ലല്ലോ. എവുപ്രാസ്യമ്മതന്നെ എഴുതിയിരി ക്കുന്നു:"നാലുമാസമായിട്ട് ഒരു സംഗതി എന്നിൽത്തന്നെ ഞാൻ കാണുന്നു. അതായത് ഞാൻ എന്തുജോലിയിലും വർത്തമാനത്തിലും ഏർപ്പെട്ടിരുന്നാലും ഒരിക്കലും വിട്ടു മാറാതെ ഒരാൾ എന്റെ ഹൃദയത്തോട് വലിയ സ്നേഹപ ക്ഷത്തോടെ സംസാരിക്കുന്നു." (1912 മിഥുനം 1)

## സക്രാരിയുടെ കാവൽക്കാരി

വെളുപ്പിന് നാലുമണിക്ക് എഴുന്നേൽക്കുന്ന എവുപ്രാ സ്യമ്മ പ്രഭാതകൃത്യങ്ങൾക്കുശേഷം 4.30 മണിയോടെ പള്ളി യിലെത്തും. മണിക്കൂറുകൾ കടന്നുപോകുന്നതറിയാ ത്തൊരവസ്ഥയിലാണ് പിന്നെയങ്ങോട്ട്. എട്ടുമണിവരെ പ്രഭാത പ്രാർത്ഥനകളിലും ദിവ്യബലിയിലും ഉപകാരസ്മര ണയിലും മുഴുകിക്കഴിയും. പിന്നെ ദേവാലയം വിട്ട് മറ്റു കാര്യങ്ങൾക്കായി ഒരു മണിക്കൂറോളം ചെലവിടും. വീണ്ടും സക്രാരിക്ക് മുമ്പിൽ പതിനൊന്നരവരെ. ഉച്ചകഴിഞ്ഞ്

2.30 ന് വീണ്ടുമെത്തും പള്ളിയിൽ. രണ്ടുമൂന്നു മണിക്കൂറുകൾ ആ നില തുടരും. വീണ്ടും ആറുമണിക്ക് സഭാക്രമം അനുസരിച്ചുള്ള ധ്യാനവും മറ്റു നമസ്കാരങ്ങളും ആരംഭിക്കുകയായി. എട്ടേമുക്കാലിനാരംഭിക്കുന്ന രാത്രി ജപത്തിനുശേഷം 10.30 മണിക്ക് പള്ളിവാതിൽ അടയ്ക്കുന്നതുവരെ ദിവ്യകാരുണ്യസന്നിധിയിൽതന്നെ. വീണ്ടും ചുരുങ്ങിയത് രണ്ടു മണിക്കൂറെങ്കിലും താൻ സ്ഥാപിച്ച തിരുഹൃദയത്തിന്റെ മുമ്പിൽ പ്രാർത്ഥനാനിരതയായിരിക്കും. പാതിരായ്ക്കുശേഷമാണ് പലപ്പോഴും നിദ്രയ്ക്കണഞ്ഞിരുന്നത്. എന്നുവെച്ച് നാലുമണിക്കൂറും ഉറങ്ങിയിരുന്നെന്ന് തീരുമാനിക്കാനാവില്ല. കാരണം രാത്രിയിൽ ആരെങ്കിലും ഏതെങ്കിലുമൊരാവശ്യത്തിന് എഴുന്നേറ്റാൽ, എവുപ്രാസ്യമ്മയെ തിരുഹൃദയസന്നിധിയിലോ ദൈവമാതൃസ്വരൂപത്തിനരികിലോ കണ്ടവരുണ്ട്. വാതരോഗത്തിന്റെ വേദനയും തളർച്ചയും തരിപ്പും മൂലം ഏറെനേരം മുട്ടിന്മേൽ നിൽക്കാൻ എവുപ്രാസ്യമ്മയ്ക്ക് സാധിക്കുമായിരുന്നില്ല. അപ്രതീക്ഷിതമായൊരു വീഴ്ചമൂലം എല്ലിനുപറ്റിയ ചതവും, കാലിൽ ശക്തിയായ വേദനയ്ക്ക് കാരണമായി. തന്നിമിത്തം സദാ പ്രാർത്ഥനമുറിയുടെ ഒരു മൂലയിൽ ഒരു കൊച്ചു ബഞ്ചായിരുന്നു എവുപ്രാസ്യമ്മയുടെ ഇരിപ്പിടം. ഏത് സമയത്തും ദേവാലയത്തിലെത്തുന്നവർ, പ്രത്യേകിച്ച് സ്കൂൾ കുട്ടികൾ അമ്മയെ അവിടെ കാണും. മൂക്കിലിരിക്കുന്ന അമ്മയെ 'പ്രാർത്ഥിക്കുന്ന അമ്മ' എന്ന് സകലരും വിളിച്ചു തുടങ്ങി. കുട്ടികളും വലിയവരും ഒരുപോലെ, പ്രാർത്ഥിക്കുന്ന അമ്മയെ ഒളിഞ്ഞും തെളിഞ്ഞും നോക്കിക്കണ്ടു. സക്രാരിയിലും മാതൃസ്വരൂപത്തിലും കണ്ണും നട്ടിരിക്കുന്ന അമ്മ ഏവർക്കും നല്ലൊരു കാഴ്ചയായി, മാതൃകയായി.

## പ്രാർത്ഥിക്കുന്ന അമ്മയെത്തേടി

വെറും കൗതുകത്തിനുവേണ്ടി മാത്രമായിരുന്നില്ല ജനം എവുപ്രാസ്യമ്മയെ നോക്കിക്കൊണ്ടിരുന്നത്. അവർക്ക് അമ്മയുടെ പ്രാർത്ഥനാസഹായം വേണം. പ്രശ്നങ്ങൾക്ക് പരിഹാരം തേടണം. ഒരു നൂറുകൂട്ടം കാര്യങ്ങൾ സാധിച്ചു കിട്ടണം. നാട്ടുകാർ മണിമുറിയിൽവന്ന് അമ്മയെ കാണാനാവശ്യപ്പെടുക പതിവായി. പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരമാർഗ്ഗവും ആശ്വാസവും സ്വീകരിക്കുന്നവരുടെയും, കാര്യസാധ്യത്തിനുശേഷം നന്ദി പറയാനെത്തുന്നവരുടെയും എണ്ണം കൂടിക്കൂടി വന്നു. 'പ്രാർത്ഥിക്കുന്ന അമ്മ', 'ചേർപ്പുകാരന്റെ പുണ്യമുള്ള കന്യാസ്ത്രി' എന്നൊക്കെയായി പിന്നീടങ്ങോട്ടുള്ള പേരുകൾ. അനുഭവങ്ങളുടെ കഥകൾ പറയാനില്ലാത്തവർ മഠത്തിലെന്നല്ല നാട്ടിലും ചുരുക്കമാണ്. അയൽനാടുകളിലേയ്ക്കും ഈ ശ്രുതി അതിവേഗം പരന്നു.

## കുട്ടികൾക്ക് ഒരമ്മ

സ്കൂൾ കുട്ടികൾ തക്കം കിട്ടുമ്പോഴെല്ലാം അമ്മയുടെ അരികിലോടിയെത്തിയിരുന്നു. പ്രത്യേകിച്ച് പരീക്ഷയടുക്കുമ്പോൾ. അമ്മയ്ക്കാണെങ്കിൽ കുട്ടികളോട് വലിയ വാത്സല്യമായിരുന്നു. പഠിപ്പിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് അമ്മയിൽനിന്ന് അധികവും മുതലെടുത്തത്. തോല്ക്കുമെന്നുള്ളവർ പ്രത്യേകിച്ചും പരീക്ഷക്കാര്യം നേരത്തെ എവുപ്രാസ്യമ്മയെ ഏല്പിക്കും. അമ്മയുടെ പ്രാർത്ഥനയിൽ അവർക്കത്ര വിശ്വാസമാണ്. അനുഭവം കൊണ്ടാണ് അവർക്കത്രയും ബോധ്യം വന്നത്. മഠത്തിനകത്തും പുറത്തും എവുപ്രാസ്യമ്മയുടെ പ്രാർത്ഥനാഫലമായി പരീക്ഷാവിജയം നേടിയവർക്ക് അനവധി കഥകൾ

പറയാനുണ്ട്. ജയാപജയങ്ങൾ അമ്മ മുൻകൂട്ടി പ്രഖ്യാപിച്ചിരുന്നത് അതേപടി നിറവേറുന്നതുകണ്ട് പലരും അമ്പരന്നു - അത്ഭുതംകൊണ്ടു.

## "മരിച്ചാലും മറക്കില്ലാട്ടോ!"

മുലപ്പാൽ ചേർത്ത് കാച്ചിയെടുക്കുന്ന എണ്ണയാണ് എവുപ്രാസ്യമ്മ ഉപയോഗിച്ചിരുന്നത്. ഇതിനായി കൊച്ചുകൊച്ചു പാത്രങ്ങൾ സ്കൂൾകുട്ടികൾവശം വീടുകളിലേയ്ക്ക് കൊടുത്തുവിടും. വളരെ ഉത്സാഹമായിരുന്നു കുട്ടികൾക്ക് ഇത് കൊണ്ടുവന്നു കൊടുക്കാൻ. പുണ്യമുള്ള അമ്മയെ കാണാനും ബന്ധപ്പെടാനും അവർക്കിത് നല്ലൊരവസരമായി. തന്നെയല്ല ഹൃദയംതുറന്ന് ചിരിച്ചുകൊണ്ട് നന്ദിപൂർവ്വം അമ്മ പറയുന്ന വാക്കുകൾ കേൾക്കാൻ അവർക്ക് കൊതിയായിരുന്നു. "മക്കളേ, അമ്മയിതൊന്നും മരിച്ചാലും മറക്കില്ലട്ടൊ!"

ഈ തുറുപ്പുചീട്ടും പിടിച്ച് ജീവിതകാലത്ത് മാത്രമല്ല മരണശേഷവും അവകാശവാദത്തോടെ അനുഗ്രഹങ്ങൾ നേടിയെടുത്തവരും എടുത്തുകൊണ്ടിരിക്കുന്നവരും കുറച്ചൊന്നുമല്ല.

## ജപമാലയും ദൈവമാതൃഭക്തിയും

കയ്യിലെപ്പോഴുമുണ്ടാകും 153 മണിജപം കൊന്ത. നന്മ നിറഞ്ഞ മറിയത്തെ വിളിച്ച് അധരം ചരിക്കുന്നതോടൊപ്പം വിരലുകൾക്കിടയിലൂടെ മണികളോരോന്നും നീങ്ങിക്കൊണ്ടിരിക്കും. എവുപ്രാസ്യമ്മയ്ക്ക് തന്റെ അമ്മയിൽനിന്നും ലഭിച്ചതാണീ ദൈവമാതൃഭക്തി. ശൈശവം മുതലെ എവുപ്രാസ്യമ്മയോടൊപ്പം ഈ മാതൃപുത്രീബന്ധവും ദൃഢത പ്രാപിച്ചു. ആ സ്നേഹത്തിന്റെ ഒരു പ്രത്യക്ഷ ലക്ഷ്യവും പ്രകടനവുമായിരുന്നു, ഈ ജപമാലയജ്ഞം. കൊന്തചൊല്ലി



[illegible] എവുപ്രാസ്യമ്മ പ്രാർത്ഥിച്ച് [illegible] നിന്ന്
[illegible] കുടുംബവും



ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റിൽ
എവുപ്രാസ്യമ്മയെ ആദ്യം സംസ്കരിച്ച പഴയ കല്ലറ




എവുപ്രാസ്യമ്മയുടെ മദ്ധ്യസ്ഥതയിൽ ചട്ടുകാലുകൾ പൂർണ്ണമായും സുഖപ്പെ
പ്രദീപിന്റെ സാക്ഷ്യം



എവുപ്രാസ്യമ്മ മരിച്ച മുറിയിൽ, അമ്മ കിടന്നിരുന്ന കട്ടിൽ സമീപത്ത്
സ്വർഗ്ഗം തുറന്ന് ഈശോയും മാതാവും ഇറങ്ങിവരുന്ന ദൃശ്യം
(എവുപ്രാസ്യമ്മയ്ക്ക് ലഭിച്ചിരുന്ന വാഗ്ദാനമനുസരിച്ച്)




എവുപ്രാസ്യമ്മയുടെ വീരോചിത സുകൃതങ്ങളെക്കുറിച്ചുള്ള
ഡിക്രി ജോൺപോൾ രണ്ടാമൻ മാർപാപ്പയിൽ നിന്നും
പോസ്റ്റുലേറ്റർ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സ്വീകരിക്കുന്നു.



എവുപ്രാസ്യമ്മയുടെ വീരോചിത സുകൃതങ്ങൾ പരിശോധിക്കുന്നതിന്
നിയുക്തമായ രൂപതാക്കോടതി അംഗങ്ങൾ



ആദ്യത്തെ കല്ലറ തുറന്ന്, എവുപ്രാസ്യമ്മയുടെ ഭൗതികാവശിഷ്ടം
പേടകത്തിലാക്കി സംസ്കരിക്കാൻ സിസ്റ്റേഴ്സ്
ദൈവാലയത്തിലേക്ക് കൊണ്ടുപോകുന്നു

ദൈവജനനിയെ സ്തുതിക്കുന്നത് എവുപ്രാസ്യമ്മയ്ക്ക് ഒരു ഹരമായിരുന്നു. ഏറ്റവും ഹൃദ്യമായ ഭക്തി. എത്ര ചൊല്ലി യാലുമില്ല മടുപ്പ്. കുറെയേറെ തനിയെ ചൊല്ലും. കൊന്ത ഉയർത്തിക്കാട്ടി സഹോദരികളെ കൂട്ടിന് വിളിക്കും, ഒന്നി ച്ചുചൊല്ലാൻ. 15 രഹസ്യവും ചൊല്ലിയാലെ ഒരു കൊന്ത ചൊല്ലിയെന്ന തൃപ്തി അമ്മയ്ക്കുണ്ടാകൂ. വല്ലപ്പോഴു മൊക്കെ ചിലരെ കൂട്ടിനു കിട്ടും. പക്ഷെ ഏവരും ഒരു പോലെ ആശ്ചര്യപ്പെടുന്നൊരു കാര്യമുണ്ട്. "എത്ര കൊന്ത ചൊല്ലിയാലുമില്ലല്ലോ ഈ അമ്മയ്ക്കൊരു മടുപ്പ്!"

അമ്മയെയും മകളേയും അഭേദ്യം ബന്ധപ്പിച്ചിരുന്ന സ്വർഗ്ഗീയ ചങ്ങലയായിത്തീർന്നു ജപമാല. മാതൃസ്വരൂ പത്തെ നോക്കി ഒരു സജീവ വ്യക്തിയോടെന്നോണം അമ്മ സംഭാഷിക്കും, സന്തോഷിക്കും. അഭിമുഖ സംഭാഷണ ത്തിന്റെ സർവ്വഭാവഹാവങ്ങളും അപ്പോൾ എവുപ്രാസ്യമ്മ യുടെ മുഖത്ത് കാണാം. തന്റെ അനുഭവം തന്നെയാണ് എല്ലാവർക്കുമെന്നാണ് ആ എളിയ ആത്മാവിന്റെ വിശ്വാസം. ഉയരം കൂടുതലുള്ള സി. അസീസി മാതൃസ്വരൂപം പൊടി തട്ടിത്തുടച്ച് താഴെയിറങ്ങുമ്പോൾ എവുപ്രാസ്യമ്മ ഓടി ച്ചെന്ന് പിടിച്ചുനിർത്തി ചിരിച്ചുകൊണ്ട് ചോദിക്കാറുണ്ട്. അമ്മ ചിരിക്കുന്നത് കണ്ടല്ലോ, മോളോട് എന്ത്യേ പറഞ്ഞത്? ആത്മാക്കൾക്കായി എവുപ്രാസ്യമ്മ ഉപയോഗിച്ച ശക്തമാ യൊരു ആയുധമായിരുന്നു ജപമാല. തൊഴിലാളിക്ക് തന്റെ പണിയായുധംപോലെ, പോരാളിക്ക് തന്റെ പടവാളുപോലെ, പാപികൾക്കുവേണ്ടിയും തിരുസഭയ്ക്കുവേണ്ടിയും പരേതാത്മാക്കൾക്കുവേണ്ടിയും ലൂർദ്ദിലും ഫാത്തിമാ യിലും ദിവ്യാംബിക മനുഷ്യവർഗ്ഗത്തിന് നൽകിയ ആഹ്വാനം എവുപ്രാസ്യമ്മ പൂർണ്ണമായും പ്രായോഗികമാക്കി. "പ്രാർത്ഥന - പ്രായശ്ചിത്തം - ജപമാല."

## പരേതർക്കുള്ള ശുശ്രൂഷ

പ്രാർത്ഥനയും തപസ്സും സുകൃതാനുഷ്ഠാനങ്ങളും കൊണ്ട് പരേതാത്മാക്കളെ സഹായിക്കാനും മോചിപ്പിക്കാനും എവുപ്രാസ്യമ്മയ്ക്ക് അത്യുത്സാഹമായിരുന്നു. സ്വന്തം മോചനത്തിനായിട്ടാണെങ്കിൽപോലും ഇതിലുമധികമെന്തെങ്കിലും ചെയ്യാനാകുമായിരുന്നില്ല എവുപ്രാസ്യമ്മയ്ക്ക്. അവിരാമം ചൊല്ലിക്കൊണ്ടിരിക്കുന്ന ജപമാലകളും, പങ്കെടുത്തിരുന്ന ദിവ്യബലികളും മറ്റെല്ലാ ഭക്താനുഷ്ഠാനങ്ങളും നിസ്സഹായരായ ഈ ആത്മാക്കൾക്കായി നീക്കിവെച്ചു. പ്രാർത്ഥിക്കാനെന്നപോലെ, മറ്റുള്ളവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കാനും വളരെ ജാഗ്രതയാണ്. മഠത്തിൽ സഹോദരിമാരുടെ ബന്ധുക്കളാരെങ്കിലും മരിച്ചാൽ ഉടനെ ആ സഹോദരിയേയും കൂട്ടി പള്ളിയിലേയ്ക്കോടും. ഒന്നിച്ച് പ്രാർത്ഥിക്കും. വർഷംതോറും നവംബർ 2-ാം തീയതി മുഴുവൻ സമയവും മരിച്ചവർക്കായുള്ള പ്രാർത്ഥനയിൽ മുഴുകും. കണ്ണിൽ പെടുന്നവരെയെല്ലാം കൂട്ടി ഒന്നിച്ച് പ്രാർത്ഥിക്കും. കന്യാസ്ത്രികളേക്കാളേറെ ബോർഡിംഗ് കുട്ടികളെയായിരിക്കും, ദണ്ഡവിമോചനസമ്പാദനത്തിനധികം കൂട്ടുകാരായി കിട്ടുക. പരേതാത്മാക്കളുമായി വളരെ ബന്ധം ഇവർ പുലർത്തിയിരുന്നുവെന്ന്, സഹോദരികളിൽ പലരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആത്മപിതാവിനെഴുതിയ കത്തുകളിലുമുണ്ട് ചില സൂചനകൾ.

## കുരിശുരൂപം

ഏകദേശം 1.25 അടിയോളം വലിപ്പം വരുന്ന ഒരു ക്രൂശിതരൂപം എവുപ്രാസ്യമ്മയുടെ മുറിയിലുണ്ട്. തന്റെ ക്രൂശിതരൂപത്തെ ഉറ്റുനോക്കിയും മാറോടണച്ചും കണ്ണുനീർ ചിന്തിയും എവുപ്രാസ്യമ്മ ധ്യാനനിർല്ലീനയാകാറുണ്ട്. ചിലപ്പോൾ ഈ ധ്യാനത്തിൽ രണ്ടും മൂന്നും മണിക്കൂറുകൾ

സ്വയം മറന്ന് ലയിച്ചു പോകും. മുറിയിൽ ഒന്നിച്ചുണ്ടായിരുന്ന മറ്റ് സഹോദരികൾ ഇതിന് ദൃക്സാക്ഷികളാണ്. ഇത്തരമവസരങ്ങളിൽ എത്ര ബലം പ്രയോഗിച്ചാലും ആ കുരിശുരൂപം കൈയിൽനിന്ന് എടുത്തു മാറ്റുക സാധ്യമല്ലായിരുന്നു. അതിന് പരിശ്രമിച്ച് പരാജയപ്പെട്ട സഹോദരികൾ തന്നെയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. എവുപ്രാസ്യമ്മ ആത്മപിതാവിനെഴുതുന്നു: "പിതാവെ, എനിക്കെന്റെ തൂങ്ങപ്പെട്ട രൂപത്തെ ഉറ്റു സൂക്ഷിച്ച് അപേക്ഷിക്കുന്നതും കണ്ണുനീർ ചിന്തുന്നതും എന്റെ ഹൃദയത്തിന് ഏക ആശ്വാസമായിരിക്കുന്നു" (1901 സെപ്തംബർ 17). മുറി മറ്റൊരു ദേവാലയമായിരുന്നു എവുപ്രാസ്യമ്മയ്ക്ക്.

## 9 x 9

1949 ഒക്ടോബറിലാണ് – ഒരു ദിവസം ഉച്ചയ്ക്കുമുമ്പുള്ള സമയം. എവുപ്രാസ്യമ്മ പള്ളിയിൽ ബഞ്ചിലിരുന്ന് പ്രാർത്ഥിക്കുന്നു. നോവീസ് മാസ്റ്ററായിരുന്ന ബ. കൊച്ചുലൂവിസച്ചൻ CMI കുമ്പസാരക്കൂട്ടിൽ നവസന്യാസിനികളുടെ പാപോച്ചാരണം കേൾക്കുന്നുണ്ട്. അപ്പോഴുണ്ട് ഒരു തേങ്ങിക്കരച്ചിലിന്റെ സ്വരം. നോക്കിയപ്പോൾ കൈയിൽ ചില തുണികളുമായി ഒരു പുതുകന്യാസ്ത്രി ഏന്തിയേന്തിക്കരഞ്ഞ് പള്ളിയിലേയ്ക്കോടിവരികയാണ്. എവുപ്രാസ്യമ്മ പിടിച്ചുനിർത്തി വാത്സല്യപൂർവ്വം കാര്യം ചോദിച്ചു. കൈയിലിരിക്കുന്ന വസ്ത്രം നീട്ടിക്കാണിച്ചുകൊണ്ട് ആ കൊച്ചു സഹോദരി കണ്ണുനീരോടെ കാര്യമൊരുവിധം പറഞ്ഞൊപ്പിച്ചു. "എന്നെ സഭയിൽനിന്നും വിടുന്നു. സന്യാസവസ്ത്രം ഊരിമാറ്റി, പകരം ധരിക്കാനുള്ളത് ഇതാ കൈയിൽ തന്നിരിക്കുന്നു. ഞാൻ ഈശോയോടും എവുപ്രാസ്യമ്മയോടും എന്റെ ഗുരു അച്ചനോടും ഒന്നു പറഞ്ഞുവരട്ടെ എന്നും പറഞ്ഞിങ്ങോട്ട് ഓടിപ്പോന്നതാണ്. സുഖമില്ലാത്തതു

കൊണ്ടാണ് എന്നെ പറഞ്ഞുവിടുന്നത്. എന്റെ സഹോദരനും, കൂടെ ഒരു ഡോക്ടറും മണിമുറിയിലുണ്ട്. അമ്മേ, എന്നെ ഒന്ന് സഹായിക്കണെ. എന്നെ സഭയിൽനിന്നും പറഞ്ഞയക്കരുതേ." എവുപ്രാസ്യമ്മ ആ സഹോദരിയോട് തല്ക്കാലം പറഞ്ഞു: "മോളൊരു കാര്യം ചെയ്യു, അധികാരികളുടെ മുന്നിൽ ചെന്ന് മുട്ടുകുത്തി എളിമയോടെ പറയണം - അമ്മേ, ഒരു ഒൻപത് ദിവസംകൂടെ എന്നെ സഭയിൽ നിൽക്കാൻ അനുവദിക്കണെ. എന്നിട്ടും എന്റെ ആരോഗ്യസ്ഥിതി ഗുണപ്പെടുന്നില്ലെങ്കിൽ ഞാൻതന്നെ വീട്ടുകാരെ വരുത്തി പൊയ്ക്കൊള്ളാം." ഉൽക്കണ്ഠ മുറ്റിയ നിമിഷങ്ങൾ. എല്ലാവരും നവസന്യാസിനിയുടെ യാത്രയും കാത്തുനിൽക്കുന്ന നേരം. ചിന്തിക്കാൻ നേരമില്ല, ആ കൊച്ചു സഹോദരിക്ക്. അധികാരികളുടെ മുൻപിൽ തനിയെ ചെന്ന് ഇക്കാര്യം പറയാനുള്ള ധൈര്യവുമില്ല. കുമ്പസാരക്കൂട്ടിലേയ്ക്കോടി. ഗുരു അച്ചനെ ഒരു വിധം കാര്യം ഗ്രഹിപ്പിച്ചു. മനസ്സലിഞ്ഞ അച്ചനെയുംകൂട്ടി എവുപ്രാസ്യമ്മ പറഞ്ഞതുപോലെയെല്ലാം ചെയ്തു. മനമില്ലാമനസ്സോടെ 9 ദിവസത്തേയ്ക്ക് മഠത്തിൽ നിൽക്കാൻ അനുവദിച്ചു. വീട്ടുകാർ തിരിച്ചുപോയി. വീണ്ടും എവുപ്രാസ്യമ്മയെ കണ്ടു, സംസാരിച്ചു. ഒറ്റമൂലി ഉപദേശിച്ചു കൊടുത്തത് അപ്പോഴാണ്. "മോളെ, ദിവസത്തിൽ 9 കൊന്തവീതം 9 ദിവസം ചൊല്ലുക. അതിലൊന്ന് ഞാനുമൊത്ത് പള്ളിയിൽ ചൊല്ലാം. മുട്ടിപ്പായി മാതാവിനോടപേക്ഷിക്കുക. മോളുടെ രോഗം മാറും. എളിയ ജോലികൾ ചെയ്ത് നന്ദിയോടെ ദൈവത്തെ മഹത്വപ്പെടുത്തി മരണത്തോളം മോള് സഭയിൽ നിൽക്കും." അന്നനാളം തീരെ ശുഷ്ക്കിച്ച് ഭക്ഷണമിറക്കാൻ കഴിയില്ലായിരുന്നു സി. ഗാസ്പറിന്. ദ്രാവകരൂപത്തിൽ വല്ലതും അല്പം ഇറക്കാം. അതും വളരെ പണിപ്പെട്ട്. ഏറെ നാളായി ഇത്

തുടർന്നിരുന്നതിനാൽ വളരെ ക്ഷീണിച്ചു. ചികിത്സകൾ പലതും, മഠക്കാരുടെയും വീട്ടുകാരുടെയും നേതൃത്വത്തിൽ ചെയ്തുനോക്കി. ഫലമില്ലെന്ന് ബോധ്യം വന്നതുകൊണ്ടാണ് അധികൃതർ വീട്ടിൽ വിടാൻ തീരുമാനിച്ചത്. വിവരമറിഞ്ഞ് കൂട്ടിക്കൊണ്ടുപോകാൻ, ചികിത്സിച്ചിരുന്ന മുനയത്തെ ഡോക്ടറെയുംകൂട്ടി വന്നതാണവർ. എവുപ്രാസ്യമ്മയുടെ ചികിത്സ വളരെ പത്ഥ്യത്തോടെ തുടർന്നു. ദിവസത്തിൽ 9 കൊന്തവീതം. ദിവസംതോറും അമ്മ സുഖവിവരം ചോദി ച്ചറിഞ്ഞിരുന്നു. നാലാം ദിവസം ആയാസം കൂടാതെ കഞ്ഞി കുടിക്കുമെന്നായി. പിറ്റേന്ന് തുടങ്ങി മുഴുത്ത ചോറും. പിന്നെയങ്ങോട്ട് പൂർണ്ണസുഖം. മുൻപ് പറഞ്ഞിരുന്നതു പോലെ കൃത്യം 9-ാം ദിവസം വീട്ടിൽ നിന്നാളെത്തി. കൂടെ ഡോക്ടറുമുണ്ടായിരുന്നു. വിശദമായ പരിശോധന നടത്തി. ഡോക്ടർ കട്ടായം പറഞ്ഞു: "രോഗത്തിന്റെ ലക്ഷണം പോലുമില്ലെന്ന്!"

## കാഴ്ചയിൽ ആ രൂപം

ഇരുനിറം, ശോഷിച്ച ശരീരം, പ്രസന്നമായ മുഖം, പുഞ്ചി രിക്കുന്ന ചുണ്ട്, തിളക്കമുള്ള കണ്ണുകൾ, ഒരു കൈയിൽ കടക്കാൽപോലുള്ളൊരു ഊന്നുവടി, മറ്റേതിൽ കൊന്ത. തീരെ ലളിതവും ബ്രൗൺനിറത്തിലുള്ളതുമായ സന്യാസ വസ്ത്രം. ഇരുവശങ്ങളിൽനിന്നും കണ്ണുകൾ മറയത്തക്ക വിധം അല്പം താഴ്ത്തിയിട്ട കറുത്ത ശിരോവസ്ത്രം. ഉയരം 5½ അടിയോളം. അല്പം കുനിഞ്ഞ് വേഗത്തിലു ള്ളൊരു നടപ്പ്. ഒരിക്കൽ കണ്ടവർക്കെല്ലാം ഒരു ഭിക്ഷാം ദേഹിയുടെ രൂപമാണ് മനസ്സിൽ തങ്ങുക. ആ ലാളിത്യം അകൃത്രിമമായിരുന്നു. എന്തിലോ ലയിച്ച മട്ടാണ്. ഇടം വലം നോക്കലില്ല. അഥവാ, കണ്ണോട് കണ്ണ് കൂട്ടിമുട്ടിയാൽ

ആത്മാവിന്റെ അടിത്തട്ടോളം ആ നോട്ടം പറന്നെത്തും. മനസ്സിൽ മധുരം നിറയ്ക്കാൻ പോരുന്നതാണ് ആ ചിരി. ഇവ രണ്ടും നേരിൽ കണ്ടവർക്ക് പിന്നെ മറക്കാനാവില്ല.

## ഭക്ഷണരീതി

ദിവസത്തിൽ ഒരിക്കൽ മാത്രമാണ് ഭക്ഷണം - ഉച്ചയ്ക്ക്. കുറച്ച് ചോറും അല്പം പച്ചക്കറികളും മാത്രം. അതും കഴിയുന്നതും രുചി കുറഞ്ഞത്. മറ്റു സമയങ്ങളിൽ അല്പം കട്ടൻ കാപ്പിയോ കഞ്ഞിവെള്ളമോ കുടിക്കും. മത്സ്യം, മാംസം, മുട്ട, പാൽ ഇവയൊന്നും ഉപയോഗിക്കാറില്ല. പലഹാരങ്ങളും പഴങ്ങളുമൊന്നും കഴിക്കയില്ല. വല്ലപ്പോഴും കിട്ടിയാൽ തന്റെ ഓഹരി ക്ഷീണം കുടുതലുള്ള സഹോദരികൾക്കുള്ളതാണ്. മറ്റുള്ളവർക്ക് വിളമ്പികൊടുക്കാനും അവർ രുചിക്കുന്നത് കാണാനും വളരെ സന്തോഷമാണ്. കുമ്പസാരക്കാരന്റെയും സഭാധികാരികളുടെയും അനുവാദത്തോടെ ദിവസത്തിൽ ഒരു നേരം കഴിക്കാറുള്ള ഭക്ഷണംപോലും പലപ്പോഴും ഉപേക്ഷിക്കാറുണ്ട്. ഭക്ഷണകാര്യത്തിലുള്ള എവുപ്രാസ്യമ്മയുടെ ഈ കടുത്ത തപസ്സ് രുചിക്കാത്ത പലരും സമൂഹത്തിലുണ്ടായിരുന്നു. ചിലർ പരസ്യമായിത്തന്നെ വിമർശിച്ചിട്ടുണ്ട്. നേരിട്ട് ഭക്ഷണകാര്യത്തെക്കുറിച്ച് ചോദിച്ചൊരു സഹോദരിയോട് ദൈവത്തെ രുചിച്ചറിഞ്ഞ ആ പുണ്യശ്ലോക നൽകിയ ഉത്തരം അവരുടെ പരിത്യാഗത്തിന്റെ വലിപ്പം വെളിപ്പെടുത്തുന്നതാണ്. "മോളെ, നല്ല ഭക്ഷണം കഴിക്കാനും മധുരപലഹാരം തിന്നാനും എനിക്ക് വലിയ ആശയാണ്. അതടക്കി ജയിക്കാനാണ് ഞാനിങ്ങനെ ചെയ്യുന്നത്." സ്വാഭാവിക ചാച്ചിലുകൾക്കെതിരെയുള്ള സന്ധിയില്ലാസമരമാണതിന്റെ അടിയിലെന്ന് അപ്പോഴെ പലരും മനസ്സിലാക്കിയുള്ളു.

## പോരാട്ടങ്ങൾ

പിതൃസ്വത്തിൽനിന്നും ഓഹരിയായിക്കിട്ടിയ കോപശീലം ഒരു വലിയ ബലഹീനതയായിരുന്നു. അതിനെതിരെയുള്ള പോരാട്ടം ഒരു രക്തസാക്ഷിത്വം തന്നെയായിരുന്നെന്ന് താഴെ പറയുന്ന വാക്കുകൾ തെളിയിക്കുന്നു. "അരിശത്തിന്റെയും സ്നേഹത്തിന്റെയും പ്രകൃതിയാണ് ദൈവം എനിക്ക് തന്നിരിക്കുന്നത്. അതിനോടാണ് എന്റെ യുദ്ധം-മരണത്തോളം." (കത്തുകൾ 1901). യുദ്ധാനന്തരഫലവും പിതാവിനെ അറിയിക്കാൻ മടിക്കുന്നില്ല. "നൊവീഷ്യേറ്റിലായിരുന്നപ്പോൾ ആ അല്പമായ യുദ്ധങ്ങളുടെ കാലത്ത് തന്നെത്തന്നെ കൊല്ലുവാൻ തക്കവിധത്തിൽ അല്പമായ സംഗതികളെക്കുറിച്ച് അധികമായ അരിശവും വിമ്മിഷ്ടവും തോന്നിയിരുന്നു. ഒരു കാര്യവുമില്ലാതെ തന്നത്താൻ അരിശപ്പെടുക കൂടി ചെയ്തിട്ടുണ്ട്. എന്നാലിപ്പോൾ ആയതൊന്നുമില്ല പിതാവെ" (1901 ഡിസംബർ 2). 'ഒരിക്കലും ദേഷ്യപ്പെടാത്തമ്മ', 'എപ്പോഴും പുഞ്ചിരിക്കുന്നമ്മ', 'എന്റെ നേർക്ക് പ്രത്യേക സ്നേഹമുള്ള അമ്മ' എന്നിങ്ങനെ ഇടപെടുന്നവരെല്ലാം പറയത്തക്ക വിധം തന്റെ ചാച്ചിലുകളെ ധീരമായി വിശുദ്ധീകരിച്ച് ബലഹീനതകളോടെല്ലാം ബലം ചെയ്തു. "സ്വർഗ്ഗം ബലവശ്യമാകുന്നു, ബലവാന്മാരത് സ്വായത്തമാക്കുന്നു" എന്ന തത്വം എത്രമേൽ അന്വർത്ഥമാണെന്ന് എവുപ്രാസ്യമ്മ മനസ്സിലാക്കി. തന്നിലുള്ള അഹങ്കാരം, അലസത, സുഖാസക്തി എന്നിവയെല്ലാം കണ്ടറിഞ്ഞ് അവയെ പുണ്യസമ്പാദനത്തിനുള്ള ഉപാധികളാക്കിത്തീർത്തു. വീഴ്ചകൾ കണ്ട് മനംമടുത്ത് പിന്മാറിയില്ല. കൂടുതൽ കൂടുതൽ എളിമപ്പെട്ടു. ഒരു കുഞ്ഞിനെപ്പോലെ ദൈവത്തിലാശ്രയിച്ചു. ദൈവജനനിയോടെല്ലാം തുറന്നുപറഞ്ഞു. അമ്മയുടെ കൈയ്ക്ക് പിടിച്ച് ഓരോ അടിയും മുന്നോട്ടുവച്ചു.

## എനിക്ക് വശമില്ലാതെയല്ല

ആത്മപിതാവിനുള്ള കത്തിൽ താൻ നടത്തിക്കൊണ്ടിരിക്കുന്ന ആന്തരിക യുദ്ധത്തിന്റെ ഒരു രസികൻ ചിത്രം വാക്കുകൾ കൊണ്ടവർ വരച്ചുവച്ചിട്ടുള്ളത് ഇതാ: "പിതാവേ, എന്റെ ഹൃദയത്തിലുള്ള ഏകസന്തോഷം വലിയ പുണ്യമൊന്നും ഞാൻ ചെയ്തിട്ടില്ല. എങ്കിലും തനത് മനസ്സിന്റെ ആഗ്രഹത്തിനും ആശാപാശങ്ങൾക്കും ഞാൻ മനസ്സായാൽ അനുഭവിപ്പാൻ പാടുള്ള സന്തോഷങ്ങളിലും, എന്നോടു തന്നെ അതത് അവസരങ്ങളിൽ ഞാനിങ്ങനെ ചൊല്ലും: 'നിത്യഭാഗ്യത്തിനുവേണ്ടി ഇപ്പോൾ ഇത് നമുക്ക് അടക്കുക. ഇനി പിന്നെ അനുഭവിക്കാം.' ഇങ്ങനെ പറഞ്ഞാണ് എന്റെ കീഴംശത്തെ പറ്റിച്ച് നടന്നിരിക്കുന്നത്. മരണത്തോളം നില നിൽപോടെ നിറവേറ്റാൻ അപേക്ഷിക്കണമെ. ഇത് ഞാൻ ഉടുപ്പിട്ട നാൾ തുടങ്ങി പിടിച്ചിരിക്കുന്നതാകുന്നു. ലോകസന്തോഷം അനുഭവിക്കാൻ എനിക്ക് ആഗ്രഹവും അതിനുള്ള വശവും പോംവഴികളും, ആയത് കിട്ടുന്നതുകൊണ്ടുള്ള സന്തോഷവും തൃപ്തിയും എനിക്ക് നല്ലവണ്ണമറിയാം. വശമില്ലാതെയല്ല, എന്റെ സ്നേഹിക്കപ്പെട്ട ഈശോയ്ക്കും പരി. അമ്മയ്ക്കും വല്ല ഇഷ്ടക്കേടിനും ഇടയായേക്കുമോ എന്ന വ്യസനംകൊണ്ടാണ് ആവശ്യം മാത്രം നടത്തികൊണ്ടു പോകുന്നത്."

## കുരിശും പിടിച്ചൊരു ചാട്ടം

ഭക്താഭ്യാസങ്ങളിൽ മടിയും ക്ഷീണവും തളർച്ചയും വിരസതയുമൊക്കെ സ്വാഭാവികമായി അനുഭവപ്പെടാറുള്ളപ്പോൾ അവയെ ജയിച്ചടക്കിയിരുന്നവിധം എവുപ്രാസ്യമ്മയുടെ വാക്കുകളിൽത്തന്നെ നമുക്ക് കേൾക്കാം. "എവുപ്രാസ്യാ, ഇത് നിന്റെ ഒടുക്കത്തെ ധ്യാനമായിരിക്കുന്നു. ക്ഷണത്തിൽ എഴുന്നേറ്റ് എരിവോടെ ചെയ്യുക.

ഇനിയുള്ള അനുഗ്രഹത്തിന്റെയും, യോഗ്യതകളുടെയും കാലം കിട്ടുമോ എന്നറിഞ്ഞുകൂടാ. എന്ത്യേ, നീ ലോകത്തെ ഉപേക്ഷിച്ച് ഇവിടെ വന്നു? പുണ്യം ചെയ്യുവാനോ? സുഖം അന്വേഷിച്ചിട്ടോ? എന്ന് ചോദിച്ച് ചാടി എഴുന്നേറ്റ് തൂങ്ങപ്പെട്ട രൂപത്തെപ്പിടിച്ച് തഴുകി മുത്തിക്കൊണ്ട്, പ്രലോഭനങ്ങളൊക്കെയും ദൈവസഹായത്താൽ ഞാൻ ജയിച്ചു പിതാവേ" (കത്ത്, 1903 ആഗസ്റ്റ് 4). ഇത്തരം പോരാട്ടങ്ങളുടെ ചിത്രം കത്തുകളിൽ സുലഭമാണ്. സ്വാഭാവിക ചാച്ചിലുകളെ ജയിക്കാൻ കഠിനശ്രമം നടത്തിയതായി പരമാർത്ഥതയോടെ പറയുന്നുണ്ട്.

## ഊന്നുവടിക്കൊരു പാദരക്ഷ

കുത്തിനടക്കാനുപയോഗിച്ചിരുന്ന വടിയുടെ അടിയിൽ തുണികൊണ്ട് ഒരു ചുറ്റിക്കെട്ടുണ്ടാക്കി, സ്വരം കേൾപ്പിക്കാതിരിക്കാൻ - ആരുടെയും മൗനവും പ്രാർത്ഥനാചൈതന്യവും ലംഘിക്കപ്പെടാതിരിക്കാനുള്ള മുൻകരുതലാണിത്. നിയമക്രമങ്ങളിൽ ചെറുതും വലുതുമെന്ന വ്യത്യാസം എവുപ്രാസ്യമ്മയ്ക്കില്ല. ഏതും അതിന്റെ അക്ഷരാർത്ഥത്തിലും ചൈതന്യത്തിലും ഉൾക്കൊള്ളാനും അനുസരിക്കാനും സർവ്വ കഴിവുമെടുത്ത് പരിശ്രമിച്ചിരുന്നു. മൗനവും ഏകാന്തതയും വളരെ കണിശമായി കാക്കുന്നെങ്കിൽ മാത്രമെ പ്രാർത്ഥനാചൈതന്യത്തിൽ വളരാനാകു എന്ന് ആ തപസ്വിനി മറ്റാരേക്കാളുമധികം മനസ്സിലാക്കിയിരുന്നു എന്നതിന് ഈ ചെറിയ കാര്യം തന്നെ വലിയ തെളിവാണ്. ഇതുകൊണ്ടുതന്നെയാണ് 1902 ജനുവരി 1-ന് "മൗനം പാലിക്കുന്നതിനും ദൈവസാന്നിദ്ധ്യസ്മരണ പുലർത്തുന്നതിനും എത്രയധികം ജോലികൾ ഉണ്ടായാലും എനിക്ക് ദൈവാനുഗ്രഹത്താൽ യാതൊരു പ്രയാസവുമില്ല" എന്ന് സത്യസന്ധമായി ആത്മപിതാവിനെഴുതിയത്.

## ഉറപ്പുള്ള അസ്ഥിവാരം

എളിമയല്ലാതെ അത് മറ്റെന്താണ്? ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ഒരുപോലെ വിനയം പുലർത്തിയിരുന്നു എവുപ്രാസ്യമ്മ. അവരോടൊപ്പം ഒരേമുറിയിൽ ഒന്നരവർഷ ക്കാലം ജീവിച്ച മദർ ബോർജിയ പരമാർത്ഥതയോടെ പറ യുന്നു: "എവുപ്രാസ്യമ്മയിൽ ഞാനേറെ കണ്ടതും, എനി ക്കേറ്റം ഇഷ്ടപ്പെട്ടതുമായ പുണ്യം അവരുടെ എളിമയാണ്. ഒന്നിനുമില്ലൊരു പരാതി, എത്ര അവഗണിച്ചാലും പരി ഭവവുമില്ല."

സ്ഥാനമാനങ്ങളും പദവികളും അവർക്ക് അരോചകമാ യിരുന്നു. ഒരു തരത്തിലുമുള്ള പരിഗണനയും ആഗ്രഹി ച്ചില്ല. നവസന്യാസിനികളുടെ ഗുരുനാഥയും മഠാധിപയു മൊക്കെയായി നിയമിതയായതിലുള്ള വേദനയേറിയ മനോ ഭാവം ആത്മപിതാവിനുള്ള കത്തുകളിൽ ആത്മാർത്ഥമായി വെളിപ്പെടുത്തിയിട്ടുണ്ട്. തനിക്ക് ലഭിച്ചിരുന്ന സ്വർഗീയാ ശ്വാസങ്ങളിലും ആ മനസ്സ് ഭയംകൊണ്ടു. എല്ലാം പരമാർത്ഥ മായി എഴുതിയതിനുശേഷം കത്തുകൾതോറും പതിവായി ആവർത്തിക്കുന്ന ചില കാര്യങ്ങളുണ്ട്. "പിതാവെ, എല്ലാം രഹസ്യം കാക്കണെ, ആരെയുമറിയിക്കരുതേ. സ്ത്രീകൾക്കടുത്ത തോന്നലായി വിചാരിച്ചാൽ മതി. വായിച്ച ഉടനെ കീറിക്കളഞ്ഞേക്കണെ." 1901 ഏപ്രിൽ ഒന്നിന് എഴു തിയ കത്തിലിങ്ങനെയും കാണുന്നു. "എന്നിലുള്ള തെറ്റു കൾ അറിയിച്ചുതരികയും എളിമപ്പെടുത്തുകയും കുറ്റപ്പെ ടുത്തുകയും ചെയ്യണമെന്നപേക്ഷിക്കുന്നു. കുറ്റപ്പെടുത്തു മ്പോൾ യാതൊരു ദു:ഖവും വിമ്മിഷ്ടവും ഉണ്ടായതായി ഓർക്കുന്നില്ല. നല്ല സന്തോഷമാകുന്നു." "ആരെങ്കിലും എന്തു ദൂഷണമോ കുറ്റമൊ എന്നെ കുറിച്ചു പറയുന്നത് കേൾക്കുന്നത് എന്റെ ഹൃദയത്തിന് വളരെ ഫലം

വരുത്തുന്നുണ്ട്." (1904 ആഗസ്റ്റ് 4). ആത്മീയ ഗുരുവാകട്ടെ എളിമപ്പെടുത്താനുള്ള അഭ്യർത്ഥന നന്നായിത്തന്നെ പരിഗണിച്ചിരുന്നുവെന്ന് താഴെക്കാണുന്ന വാക്കുകളിൽ തെളിയുന്നുണ്ട്. "പിതാവിനടുത്ത അവകാശത്തോടും സ്നേഹത്തോടുംകൂടെ എന്നെ കുറ്റപ്പെടുത്തുകയും ഗുണദോഷിക്കുകയും മറ്റും ചെയ്യുന്നത് കാണുമ്പോൾ മകൾക്കടുത്ത എന്റെ കൊച്ചുഹൃദയം അത്യന്തം സന്തോഷിക്കുകയും നന്ദിപറയുകയും ചെയ്യുന്നു."

## ചൂലും ബക്കറ്റുമായി

സഹോദരികൾ ക്ലാസുമുറികളിലേയ്ക്ക് പോയിക്കഴിഞ്ഞാൽ എവുപ്രാസ്യമ്മ ചൂലും, വെള്ളമെടുക്കാൻ ബക്കറ്റുമായി യാത്രയാകും - കുളിമുറി, കക്കൂസ് തുടങ്ങിയവ വൃത്തിയാക്കാൻ. വലിയ ഉത്സാഹത്തോടും സന്തോഷത്തോടും കൂടെയാണത് ചെയ്യുക. മഠത്തിൽ എവിടെയെങ്കിലും ശുചിത്വമില്ലാതെ കണ്ടാൽ അവിടം വൃത്തിയാക്കാൻ അവർ ഓടിയെത്തും. ഏറ്റവും താഴ്ന്നതായി കരുതപ്പെട്ടിരുന്ന ജോലികൾ ഏറ്റെടുക്കാൻ ഏറെ ഉത്സാഹമായിരുന്നു. തന്നെകുറിച്ചുതന്നെ വളരെ എളിയ മനസ്ഥിതി പുലർത്താൻ കഴിഞ്ഞിരുന്നു എന്നതാണ് അവരുടെ വലിയ വിജയത്തിന് കാരണം. സമ്പൽസമൃദ്ധിയിൽ കഴിഞ്ഞിരുന്ന തന്റെ കുടുംബം കാലാന്തരത്തിൽ ദാരിദ്ര്യത്തിലമർന്നെങ്കിലും അമ്മ ആ സത്യസ്ഥിതി മറച്ചുവച്ചില്ല. മറ്റുള്ളവർ അറിയുന്നിൽ ആ വിനീത ഹൃദയം സന്തോഷിച്ചതേയുള്ളു.

## ഒരു വാക്കും നോക്കും.

എളിമ ആദ്ധ്യാത്മികതയുടെ വേരാണെങ്കിൽ സ്നേഹം അതിന്റെ കനിയാണല്ലോ. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിയാനുള്ള കാഴ്ച അവരുടെ കണ്ണുകൾക്കുണ്ടായിരുന്നു.

വേദന തൊട്ടെടുക്കാനുള്ള കഴിവ് ഹൃദയത്തിനും. ഒരു വാക്കും, ഒരു നോക്കും, ഒരു പുഞ്ചിരിയും, ഒരു സ്പർശനവുംകൊണ്ട് കടുത്ത ദു:ഖങ്ങൾ ഉരുക്കിക്കളയാൻ ഒരു പ്രത്യേക പാടവമുണ്ടായിരുന്നു എവുപ്രാസ്യമ്മയ്ക്ക്. മഠത്തിനകത്തെന്നപോലെ പുറത്തുള്ളവരും ഈ സ്നേഹാനുഭവങ്ങൾ കൈകൊണ്ടവരാണ്. രോഗങ്ങൾ, കുടുംബകലഹം, സ്വത്തുതർക്കം, മദ്യപാനം, ദാരിദ്ര്യം, സമാധാനരാഹിത്യം, വിവാഹപ്രശ്നം തുടങ്ങി ഒട്ടേറെ ജീവിതവേദനകളുമായി തന്നെ സമീപിച്ചിരുന്നവരെ ക്ഷമാപൂർവ്വം ശ്രവിച്ച് ആശ്വസിപ്പിക്കാനും ത്യാഗപൂർണ്ണമായ പ്രാർത്ഥനകൊണ്ട് പ്രശ്നപരിഹാരമുണ്ടാക്കിക്കൊടുക്കാനും എവുപ്രാസ്യമ്മ അത്യുത്സുകയായിരുന്നു. ആരുടെ ദു:ഖവും ആ ഹൃദയാലുവിനെ സ്പർശിക്കും. എങ്ങനെയെങ്കിലും അത് പരിഹരിച്ച് കൊടുക്കുകയും ചെയ്തിരുന്നു.

## "മക്കളെ, യാവന വല്ലതും കഴിച്ചോ"

മഠം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിച്ചിരുന്ന കാലം. ഒരുനേരത്തെ ഭക്ഷണത്തിനുപോലും വളരെ വിഷമിച്ചിരുന്നു. സമ്പന്നരും ഉദാരമതികളുമായ നാട്ടുകാരുടെയും, ചില വൈദികരുടെയും സഹായത്തിന്മേൽ നിത്യവൃത്തിയുടെ കാര്യം ഒരുവിധമങ്ങ് മുന്നോട്ട് പോയിരുന്നുവെന്ന് മാത്രം. പുതുതായി ആരംഭിച്ച മഠങ്ങളുടെ കാര്യം പറയാനുമില്ല. അടുത്തുള്ള ചിയ്യാരം, കണിമംഗലം, ഫാറ്റിമ തുടങ്ങിയ മഠങ്ങളിലെ സഹോദരികൾ പല കാര്യങ്ങൾക്കുമായി അന്ന് മാതൃഭവനമായിരുന്ന ഒല്ലൂർ മഠത്തിലേയ്ക്ക് വരുമായിരുന്നു. നടന്ന് ക്ഷീണിച്ച്, വിശന്ന്, വിഷമിച്ച് സഹോദരികൾ മഠത്തിൽ വന്നു കയറുന്നത് കാണുമ്പോഴേയ്ക്കും എവുപ്രാസ്യമ്മയുടെ ഹൃദയം തകരും. ഉടനെ പോകും അമ്മ അടുക്കളയിലേയ്ക്ക്. സഹോദരികൾക്ക് എന്തെങ്കിലും

ഭക്ഷണം കൊടുക്കണമെന്ന് പറയാൻ. മാത്രമല്ല തിരികെ പോകുമ്പോൾ അവരുടെ മഠത്തിലേയ്ക്ക് എന്തെങ്കിലും കൊടുത്തു വിടാനും. വന്നവരെല്ലാം എവുപ്രാസ്യമ്മയെ കണ്ടതിനുശേഷമെ തിരികെ പോകാറുള്ളു. കാണുമ്പോഴേല്ലാം വലിയ സ്നേഹത്തോടെ അമ്മ ചോദിക്കും, "മക്കളെ, യാവന വല്ലതും കഴിച്ചൊ?" അമ്മയുടെ സുഖാന്വേഷണങ്ങളും ആശ്വാസവചനങ്ങളും ആശീർവ്വാദവും തളർച്ച മാറ്റാൻ നല്ല ടോണിക് ആയിരുന്നു, മഠത്തിനകത്തും പുറത്തുമുള്ളവർക്ക് ഒരു പോലെ.

## ഒറ്റമൂലി

മാപ്രാണി വാറുണ്ണിയുടെ 3 മാസം പ്രായമുള്ള ഏകമകന് ശക്തിയായ കരപ്പന്റെ രോഗം. ദേഹം മുഴുവൻ തൊലി പോയി, വ്രണമായി. നാട്ടുവൈദ്യൻ മെർക്കുറി ചേർത്ത മരുന്നുകൂടെ കൊടുത്തപ്പോൾ ദേഹത്തുള്ള പഴുപ്പ് പതിന്മടങ്ങായി. ചില ഭാഗത്തുനിന്നും മാംസക്കഷണങ്ങൾപോലും പോയിത്തുടങ്ങി. വാഴയിലയിലായിരുന്നു കിടത്തിയിരുന്നത്. മരിക്കും എന്ന അവസ്ഥയായി. കുട്ടിയുടെ അമ്മ എവുപ്രാസ്യമ്മയുടെ അരികിലേയ്ക്ക് ഓടിയെത്തി. ആ സ്ത്രീയുടെ വേദനയെല്ലാം അനുഭാവത്തോടെ ശ്രവിച്ചു. ആവുന്നത്ര ആശ്വസിപ്പിച്ചു. പ്രാർത്ഥിക്കാമെന്നേറ്റു. മകൻ സുഖപ്പെടുമെന്ന് ഉറപ്പുകൊടുത്തു. ഒരൊറ്റമൂലി നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്തു. "പ്രാർത്ഥനയും പ്രായശ്ചിത്തവും!" വളരെ ശുഷ്ക്കാന്തിയോടെ അമ്മയുടെ നിർദ്ദേശം പ്രാവർത്തികമാക്കിക്കൊണ്ട് ഏതാനും ദിവസങ്ങൾക്കുശേഷം ആ സ്ത്രീ ഹൃദയം നിറഞ്ഞ നന്ദിയോടെ വീണ്ടും എവുപ്രാസ്യമ്മയെ കണ്ടു. മകൻ സുഖപ്പെട്ടിരിക്കുന്നു!

## ഒരു തുള്ളി എണ്ണ

മഠത്തിനടുത്താണ് പാലയ്ക്കൽ കൊച്ചുമറിയത്തിന്റെ വീട്. ജോലി മഠത്തിലും. 1929-ൽ ആരംഭിച്ചു, ഒല്ലൂർ മഠവും എവുപ്രാസ്യമ്മയുമായുള്ള അവളുടെ ബന്ധം. പ്രായംചെന്നവരും, രോഗികളുമായുള്ള സിസ്റ്റേഴ്സിന് ചില പച്ചമരുന്നുകളും, പത്ഥ്യമനുസരിച്ച് കുളിക്കാനുള്ള വെള്ളവുമൊക്കെ ശരിപ്പെടുത്തികൊടുക്കാറുള്ളത് കൊച്ചുമറിയമാണ്. സദാ വാതരോഗവും കാലിന്മേൽ വേദനയും മറ്റുമായി നടക്കാൻതന്നെ കഷ്ടപ്പെടുന്ന നമ്മുടെ എവുപ്രാസ്യമ്മയ്ക്കും കൊച്ചുമറിയത്തിന്റെ സേവനം സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. കുളിക്കാൻ ചെല്ലുമ്പോഴൊക്കെ, സംസാരിക്കാൻ അനുവാദമുള്ളപ്പോൾ പുഞ്ചിരിയോടെ സുഖാന്വേഷണം നടത്താറുണ്ട് എവുപ്രാസ്യമ്മ. ഒരു ദിവസം എവുപ്രാസ്യമ്മയെ കണ്ടപാടെ കൊച്ചുമറിയം ഓടിച്ചെന്ന് പറഞ്ഞു: "അമ്മെ, എനിക്ക് ശക്തിയായ തലവേദന, ഒരു ജോലിയുമെടുക്കാൻ കഴിയുന്നില്ല." പിന്നെ എന്താണുണ്ടായതെന്ന് കൊച്ചുമറിയം പറയുന്നത് ഇങ്ങനെയാണ്: "അമ്മ ഉപയോഗിക്കുന്ന എണ്ണയിൽനിന്നും ഒരു തുള്ളി എടുത്ത് എന്റെ നെറ്റിയിൽ പുരട്ടി. ചുണ്ടുകൊണ്ട് എന്തോ പറഞ്ഞിരുന്നു. എന്താണെന്ന് എനിക്ക് മനസ്സിലായില്ല. പ്രാർത്ഥിക്കുകയാണെന്ന് മാത്രം തോന്നി. പക്ഷേ എന്തായാലും എന്റെ തലവേദന ഉടനെ മാറി. പിന്നീടൊരിക്കലും അത്തരത്തിലൊരു ശക്തമായ തലവേദന എനിക്കുണ്ടായിട്ടില്ല.

## ഒരു കൊല്ലത്തെ പത്ഥ്യം

12-ാമത്തെ വയസ്സിൽ തുടങ്ങിയതാണ് മൊയലൻ അന്തോണിക്ക് ഒരു തരം അസുഖം, അപസ്മാരം പോലെ. ഒരു ദിവസം രാത്രി 8 മണിക്ക് കടയിൽപോയി പഞ്ചസാര വാങ്ങി വരുംവഴി എന്തോകണ്ട് പേടിച്ച് ബോധം കെട്ടു

വീണു. പിന്നെയങ്ങോട്ട് അടുക്കൽ അടുക്കൽ ബോധക്ഷയവും മറ്റു രോഗലക്ഷണങ്ങളും അലട്ടിത്തുടങ്ങി. ചികിത്സകൾ പലതും ചെയ്തു. ഫലമൊന്നും ഉണ്ടായില്ല. രോഗവും ചികിത്സയുമായി കൊല്ലങ്ങളങ്ങനെ കഴിഞ്ഞു. 21-ാം വയസ്സിൽ വിവാഹിതനുമായി. വല്ലാതെ വിഷമിച്ച ഒരവസരത്തിൽ രോഗി സഹോദരിയൊന്നിച്ച് മഠത്തിൽവന്ന് എവുപ്രാസ്യമ്മയെ കണ്ട് സംസാരിച്ചു. അമ്മ ക്ഷമാപൂർവ്വം എല്ലാംകേട്ട് അവനെ ആശ്വസിപ്പിച്ചു. തലയിൽ കൈവച്ച് അനുഗ്രഹിച്ചു. പിന്നീട് നിശ്ചയിച്ചത് ഒരു പ്രാർത്ഥനാ ചികിത്സയാണ്. രണ്ടുമൂന്നു പ്രധാനകാര്യങ്ങൾ അതിലുൾക്കൊള്ളുന്നു. കൊല്ലം പൂർത്തിയാകുന്ന ദിവസം പൂർണ്ണ സുഖപ്രാപ്തി കൈവരുമെന്ന് ഉറപ്പും കൊടുത്തു. ദിവസംതോറും മുടങ്ങാതെ ഒരു നിശ്ചിത സമയത്ത് ജപിക്കാൻ അമലോത്ഭവ മാതാവിനോടുള്ള ഒരു പ്രാർത്ഥന അമ്മ തന്നെ സ്വന്തം കൈപ്പടയിൽ എഴുതിക്കൊടുത്തു. രണ്ടുപേജോളം വരുമത്. ചുവട്ടിൽ അമ്മ പേരെഴുതി ഒപ്പിട്ടു. മാസംതോറും കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കണമെന്നാണ് രണ്ടാമത്തെ നിബന്ധന. ഇതിന് മുടക്കം വരുത്തരുത്. എല്ലാ ശനിയാഴ്ചയും ഒരുനേരമെടുത്ത് ത്യാഗം അനുഷ്ഠിക്കണം. കഴുത്തിൽ ധരിക്കാനായി തിരുശേഷിപ്പടങ്ങിയ ഒരു കൊച്ചരുളിക്ക കയ്യിൽകൊടുത്തു. മരുന്നുകളൊന്നുംതന്നെ കഴിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചു. വളരെ ഭക്തിയോടും വിശ്വസ്തതയോടും കൃത്യനിഷ്ഠയോടുംകൂടി അയാൾ ഇതെല്ലാം ചെയ്തു. വർഷം തികയുന്ന ദിവസം രാത്രി പ്രാർത്ഥനാസമയത്ത് അമലോത്ഭവ കന്യകയുടെ സാന്നിദ്ധ്യാനുഭവവും, തുടർന്ന് സമ്പൂർണ്ണ സുഖപ്രാപ്തിയും ആ ഭക്തനുണ്ടായി. അമ്മയുടെ വാഗ്ദാനം അങ്ങനെ നിറവേറി. പിന്നീടൊരിക്കലും ആ രോഗം അയാളെ അലട്ടിയിട്ടില്ല.

## കൊച്ചുത്രേസ്യയ്ക്കൊരു കുരിശുവര

എവുപ്രാസ്യമ്മയുടെ മുറിയിൽ കുറച്ചുനാൾ കൂട്ടിനായി കിടന്നിരുന്നു ആശ്രമശുശ്രൂഷിയായ കൊച്ചുത്രേസ്യ. ഒരു ദിവസം വയറ്റിൽ ശക്തിയായ വേദനമൂലം ആ ബാലിക മൂളാനും കിടന്നുരുളാനും തുടങ്ങി. പാതിര കഴിഞ്ഞ സമയമാണ്. കട്ടിലിൽ കിടക്കുന്ന എവുപ്രാസ്യമ്മ അറിയരുതെന്നു കരുതി അവൾ വേദന കടിച്ചമർത്താനും സ്വരം നിയന്ത്രിക്കാനും ശ്രമിച്ചു. പക്ഷെ, ആരോ വിളിച്ചുണർത്തിയപോലെ എവുപ്രാസ്യമ്മ പെട്ടെന്നുണർന്ന് അവളുടെ അടുക്കൽവന്ന് കാര്യമെന്തെന്ന് അന്വേഷിച്ചു. കുട്ടി വിവരം പറഞ്ഞു. അമ്മ അവളുടെ വയറ്റത്ത് കുരിശുവരച്ച് അല്പനേരം പ്രാർത്ഥിച്ചു. അമ്മ പോയി കിടന്നു. കൊച്ചുത്രേസ്യയും സുഖമായി ഉറങ്ങി.

## മനസ്സിലൊരു തേൻമഴ

ഒല്ലൂർ ബോർഡിംഗിലും തുടർന്ന് രണ്ടുവർഷം മഠത്തിലുമായി എവുപ്രാസ്യമ്മയുമായി നാലുകൊല്ലത്തെ പരിചയമുണ്ട് സി. ബ്രൂണോയ്ക്ക്. നവസന്യാസകാലത്താണ്, മനസ്സിലിന്നും മധുരമൂറുന്ന ആ അനുഭവം ഉണ്ടായത്. ആരോഗ്യത്തിന്റെ കാര്യം സ്വല്പം പരുങ്ങലിലായിരുന്നു. തന്മൂലം മഠത്തിൽനിന്നും തന്നെ വിട്ടേയ്ക്കുമോ എന്ന ആശങ്ക നവസന്യാസകാലത്ത് സിസ്റ്ററിന്റെ മനസ്സിൽ എപ്പോഴും അസ്വസ്ഥത ഉണ്ടാക്കിക്കൊണ്ടിരുന്നു. ആരോടും പറയാനാകാത്ത ദു:ഖത്തിന് ഭാരംകൂടുമല്ലോ. കൈപ്പേറിയ ഈ ദു:ഖവും കടിച്ചിറക്കി നടക്കുമ്പോഴാണ് അത് സംഭവിച്ചത്. ഒരു ദിവസം കോവണി കയറാൻ തുടങ്ങുമ്പോൾ എവുപ്രാസ്യമ്മ അരികെ ചെന്ന് ഒരു സ്വകാര്യം പോലെ പറഞ്ഞു: "ഒന്നുകൊണ്ടും പേടിക്കേണ്ടാട്ടോ, മോളെ." സിസ്റ്റർ ബ്രൂണോയുടെ മനസ്സിന് അതൊരു

തേൻമഴയായിരുന്നു. സകല ആകുലതയും ഉൽക്കണ്ഠയും എവിടെ പോയെന്ന് അറിഞ്ഞില്ല. പിന്നീടൊരിക്കലും ഉണ്ടായിട്ടില്ലെന്ന് സിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

## തുറന്നുകിടന്ന വാതിൽ

തീരെ സുഖമില്ലാതിരുന്ന ഒരു ദിവസം രാത്രി പ്രാർത്ഥനകളെല്ലാം കഴിഞ്ഞ് പതിവിലും അല്പം നേരത്തെ എവുപ്രാസ്യമ്മ മുറിയിൽ പോയി കിടന്നു. പതിവുപോലെ സഹോദരികളേവരും 10 മണി കഴിഞ്ഞതോടെ നിദ്രയ്ക്കായി മുറികളിലേയ്ക്ക് പോയി. ഏകദേശം ഒരുമണി ആയപ്പോൾ എവുപ്രാസ്യമ്മ പെട്ടെന്നുണർന്ന് ഒരു തരം വേവലാതിയോടെ മുറിക്ക് പുറത്തുകടന്നു. എല്ലാവരും ഗാഢനിദ്രയിലാണ്. മുറിക്കടുത്ത് കിടന്നിരുന്ന ആശ്രമശുശ്രൂഷികളിൽ ഒരാളെ വിളിച്ചുണർത്തി പറഞ്ഞു: "മോളെ തോട്ടത്തിനു നേരെ പൂമുഖത്തുനിന്നും പുറത്തേയ്ക്കുള്ള വാതിൽ തുറന്നുകിടക്കുകയാണ്; അടച്ചിട്ടില്ല." മറ്റൊരാളെയും കൂട്ടിനു വിളിച്ച് പൂട്ടികിടന്നിരുന്ന ഒരു വാതിലും തുറന്ന് അമ്മ പറഞ്ഞിടത്തേയ്ക്ക് ചെന്നു. വാതിൽ തുറന്നുതന്നെ കിടക്കുന്നു. അവർ അന്യോന്യം നോക്കി. അത്ഭുതത്തിന് അതിലില്ലായിരുന്നു. എവുപ്രാസ്യമ്മ ഇതെങ്ങിനെ അറിഞ്ഞു? കിടന്നതിനുശേഷം എഴുന്നേറ്റിട്ടില്ലായിരുന്നു. കേട്ടവരൊക്കെ അത്ഭുതപ്പെട്ടു.

## "എനിക്ക് വള വാങ്ങാനാണ്"

ഒല്ലൂർ ഇടവക പള്ളിയിൽ മാലാഖയുടെ തിരുനാൾ പൊടിപൊടിക്കുന്നു. തിരുനാൾ ദിവസം ഉച്ചതിരിഞ്ഞ് മഠത്തിൽനിന്നും ആശ്രമശുശ്രൂഷികൾ പെരുന്നാൾ കൂടാനും നേർച്ച ഇടാനും പള്ളിയിലേയ്ക്ക് യാത്രയായി. കൂട്ടത്തിൽ ഇളയപെൺകുട്ടി തുള്ളിച്ചാടി ചേടത്തിമാരുടെ പുറകെ

യുണ്ട്. എവുപ്രാസ്യമ്മ അവളെ ഇങ്ങ് വിളിച്ചു - "മോളെ, മോളുടെ കയ്യിലെന്താ?" "ഒന്നുമില്ലമ്മെ" - പെൺകുട്ടി കൈകൾ മാറി മാറി തുറന്നു കാണിച്ച് ഏറെ നേരം പലതും പറഞ്ഞ് രക്ഷപ്പെടാൻ നോക്കി. അമ്മയുണ്ടോ വിടുന്നു? അവസാനം മലർക്കെ തുറന്നു. ഒരു പത്തുരൂപ നോട്ട്! 'ഇത് എവിടെനിന്നാ മോൾ എടുത്തത്?""ഒരു ചേടത്തിയുടെ പെട്ടിയിൽനിന്ന്! എനിക്ക് വള വാങ്ങാനാണ്, പെരുന്നാള് കൂടാനും." അമ്മ വാത്സല്യപൂർവ്വം പുറത്ത് തട്ടിപ്പറഞ്ഞു. "മോളത് എടുത്ത സ്ഥലത്ത് കൊണ്ടുപോയി വെയ്ക്ക്! അന്യന്റെ മുതൽ ഒരിക്കലും എടുക്കരുത്ട്ടൊ." മറ്റ് മാർഗ്ഗ മില്ലാഞ്ഞ് കുട്ടി രൂപ എടുത്ത സ്ഥലത്ത് തന്നെ കൊണ്ടു പോയി വെച്ചു. പോകുമ്പോഴും, തിരിച്ച് വരുമ്പോഴും അവൾക്ക് ഒരൊറ്റ ചിന്തയായിരുന്നു. "ചേടത്തിമാർ കിട ക്കുന്ന മുറിയിൽ കയറി ഞാൻ ഈ രൂപ എടുത്തത് ആരും തന്നെ കണ്ടിട്ടില്ലെന്ന കാര്യം തീർച്ചയാണ്. എവുപ്രാസ്യമ്മ മാത്രം ഇത് പിന്നെ എങ്ങനെ അറിഞ്ഞു?" ഭയവും, ആശ്ച ര്യവും സങ്കടവും, ജാള്യതയും കൊണ്ട് വീർപ്പ് മുട്ടി നിൽക്കുന്ന കുട്ടിയുടെ കൈയ്ക്ക് പിടിച്ച് മഠാധിപയുടെ അരികിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി വള വാങ്ങാനും, പെരുന്നാള് കൂടാനുമുള്ള പണം എവുപ്രാസ്യമ്മ തന്നെ വാങ്ങിക്കൊടുത്തു.

## അനാഥകുട്ടിക്ക് അമ്മമാർ രണ്ട്

ഇളംപ്രായത്തിൽ മഠത്തിൽ വന്നൊരു അനാഥ ക്കുഞ്ഞാണ് അന്നംകുട്ടി. ആറേഴുവയസുകാണും. അമ്മ യില്ല, പ്രസവത്തോടെ മരിച്ചു. അപ്പനുണ്ടെന്ന് പറയാമെന്നു മാത്രം. ഫലത്തിൽ ഇല്ലാത്തതിന് തുല്യംതന്നെ. വല്ല വേല യുമെടുത്ത് കഴിഞ്ഞോട്ടെ എന്നോർത്ത് മഠത്തിലാക്കിയ താണ്. പിടിച്ചുവലിച്ചാലും അക്ഷരം പഠിക്കാൻ സ്കൂളിന്റെ

പടിക്കൽപോലും പോകാറില്ല. നമ്മുടെ എവുപ്രാസ്യമ്മ പഠിച്ചപണി പതിനെട്ടും നോക്കി. രക്ഷയില്ല. അത്രയ്ക്കുണ്ട് വാശി. വികൃതിക്കുമില്ലൊരു കുറവ്. തനിക്കമ്മയില്ലെന്നും തന്നെയാർക്കും സ്നേഹമില്ലെന്നും പറഞ്ഞ് ആ കുട്ടി ഇട യ്ക്കൊക്കെ സങ്കടപ്പെടുന്നത് എവുപ്രാസ്യമ്മ കാണാറുണ്ട്. ഒരു ദിവസം അവളെയും കൂട്ടി പള്ളിയിൽ ചെന്നു മുട്ടു കുത്തി അമലോത്ഭവമാതാവിന് അവളെ സമർപ്പിച്ച് ഒന്നിച്ച് പ്രാർത്ഥിച്ചു. അമ്മയെ ചൂണ്ടിപറഞ്ഞു, "മോളുടെ അമ്മ യാണ് അമലോത്ഭവമാതാവ്. എല്ലാം അമ്മയോട് പറയുക. അമ്മ നിന്നെ സംരക്ഷിക്കും." പുറത്തുകടന്ന് വീണ്ടും പറഞ്ഞു. "ഞാനും നിനക്കമ്മയാണ് – ഇനി സങ്കടപ്പെടരുത്." അത് വാക്കിൽ മാത്രമല്ലായിരുന്നു. ആ ബാലികയുടെ ഏതാ വശ്യത്തിലും, ദു:ഖത്തിലും ഒരമ്മയുടെ ആർദ്രതയായിരുന്നു എവുപ്രാസ്യമ്മയ്ക്കുണ്ടായിരുന്നത്. മാതാവിന്റെ നേർക്ക് അമ്മയ്ക്കടുത്ത ഒരു ബന്ധം ആ ബാലികയിൽ വേരുറപ്പി ക്കാനും എവുപ്രാസ്യമ്മയ്ക്ക് കഴിഞ്ഞു. അന്നുമുതൽ അനാഥകുഞ്ഞിന് അമ്മമാർ രണ്ടായി. മാതാവും എവു പ്രാസ്യമ്മയും.

## മാതൃസ്നേഹത്തിന്റെ രുചി

ദേഹമാകെ വ്രണങ്ങളാണ്, ചിരങ്ങും ചൊറിയും പഴുപ്പും. വേദനയാകുമെന്നോർത്ത് ആര് വിളിച്ചാലും വഴങ്ങാത്ത അന്നംകുട്ടിയെ കുളിപ്പിക്കുന്ന ജോലി എവു പ്രാസ്യമ്മ ഏറ്റെടുത്തു. ഒരമ്മയെപ്പോലെ സൗമ്യമായി വ്രണ ങ്ങൾ കഴുകി. കുളിപ്പിച്ചൊരുക്കി. മധുരപലഹാരങ്ങളുടെ ഓഹരിയും കൊടുത്തു. മാതൃസ്നേഹത്തിന്റെ രുചി ആ അനാഥബാലിക അനുഭവിച്ചറിഞ്ഞു.

ശ്വാസംമുട്ട് മൂലം വിഷമിക്കുന്ന അന്നംകുട്ടിയെ എവുപ്രാസ്യമ്മതന്നെയാണ് ചികിത്സിച്ചതും. സ്വന്തം എണ്ണ

പ്പാത്രത്തിൽ പ്രാർത്ഥനാപൂർവ്വം കെടാവിളക്കിൽനിന്നും എണ്ണയെടുത്ത് ഒരിക്കൽ തലയിൽ തേച്ചുകുളിക്കാൻ കൊടുത്തു. പിന്നെയിന്നോളം ആ രോഗമവളെ അലട്ടിയിട്ടില്ല.

## തന്നാലാവുന്നത്

ദേവാലയാവശ്യങ്ങൾക്ക് വേണ്ടതായ മെഴുകുതിരി വാർക്കുന്ന ജോലി അന്നാളുകളിൽ ഒല്ലൂർ മഠത്തിലുണ്ടായിരുന്നു. ഇതിനായി നിശ്ചയിക്കപ്പെട്ടിരുന്ന സഹോദരികൾ കഠിനമായി അദ്ധ്വാനിക്കുന്നത് കാണുമ്പോൾ എവുപ്രാസ്യമ്മയുടെ ഹൃദയം തകരും. ഇടയ്ക്കിടെ അവരെ സഹായിക്കാൻ ഓടിയെത്തും. ഭക്ഷണസമയങ്ങളിൽ അവർക്കു പകരം താൻതന്നെ ജോലി ഏറ്റെടുത്ത് അവരെ ഭക്ഷണം കഴിക്കാൻ കൃത്യസമയത്തുതന്നെ വിടും. തന്നാലാവുന്ന ഏത് സഹായവും ആർക്കും ചെയ്തുകൊടുക്കാനുള്ള അവസരങ്ങൾ വിട്ടുകളയാറില്ല.

## മാലാഖമാരുടെ അപ്പം

ദിവ്യബലിക്കാവശ്യമായ ഓസ്തിയും പടുത്തീഞ്ഞയും ശരിപ്പെടുത്തന്ന കാര്യത്തിൽ വലിയ ഉത്സാഹമായിരുന്നു എവുപ്രാസ്യമ്മയ്ക്ക്. ഓസ്തിയടിക്കുന്നിടത്ത് പണിയവസാനിക്കുംവരെ അവരുണ്ടാകും. പാവ് കോരിയൊഴിക്കലും എല്ലാം വെട്ടിയൊരുക്കലും എവുപ്രാസ്യമ്മയുടെ ജോലിയാണ്. മുട്ടിൽനിന്നുകൊണ്ടാണിത് ചെയ്യുക. ഈ വലിയ സഹായത്തിനും പുറമെ, അവ ചെയ്യുമ്പോൾ അമ്മയിൽ കണ്ടിരുന്ന തീക്ഷ്ണതയും, ഭക്തിസ്നേഹാദരങ്ങളും കൊച്ചു സഹോദരികൾക്ക് പ്രത്യേകിച്ചും ഒരു സജീവ മാതൃകയായിരുന്നു. വാർദ്ധക്യകാലത്ത് കുസ്തോതിയൊരുക്കി സങ്കീർത്തിക്കാരെ സഹായിച്ചിരുന്നപ്പോഴും ഒരു മാലാഖയുടെ ഭക്തിയും ഭവ്യതയുമാണ് എവപ്രാസ്യമ്മയിൽ കണ്ടിരുന്നത്.

## അടുക്കളയിൽ

നിത്യവ്രതത്തിനുശേഷം ഒരാറുമാസക്കാലം കുശിനിയിൽ സേവനം ചെയ്യുന്നവരുടെ മേൽനോട്ടം എവുപ്രാസ്യമ്മ യ്ക്കായിരുന്നു. വളരെ അനുകമ്പയും, സ്നേഹവും അമ്മ യിൽനിന്നും അവരനുഭവിച്ചിട്ടുണ്ട്. അവരോടൊപ്പമിരുന്ന് കറിക്കരിയാനും, മറ്റ് ജോലികൾ ചെയ്യാനും വലിയ ഉത്സാ ഹമായിരുന്നു. ഇതിനിടയിൽ കൊച്ചുകൊച്ചു പ്രാർത്ഥന കളും ദൈവസ്നേഹപ്രകരണങ്ങളും അമ്മ അവരെ പഠി പ്പിച്ചു. അവരൊന്നിച്ചു സുകൃതജപങ്ങൾ ചൊല്ലി നിയോഗ ശുദ്ധിയോടെ എല്ലാം ദൈവമഹത്വത്തിനായി ചെയ്യാനുള്ള അറിവും പ്രോത്സാഹനവും അവർക്ക് നൽകി. അവരുടെ, പഴയതും പുതിയതുമായ വസ്ത്രങ്ങൾ തയ്ച്ചും കേടു തീർത്തും കൊടുക്കാൻ അമ്മയ്ക്ക് വലിയ ഉത്സാഹമായി രുന്നു. ആരെങ്കിലും അവരെ കുറ്റപ്പെടുത്തുന്നതുകണ്ടാൽ അവരുടെ ഭാഗം വാദിക്കാനും നീതി വാങ്ങിക്കൊടുക്കാനും എവുപ്രാസ്യമ്മ രംഗത്തെത്തും. മഠത്തിനകത്തും പുറത്തു മുള്ള വേലക്കാർ അമ്മയുടെ ആർദ്രത ഇന്നും മറന്നിട്ടില്ല. അവർ ചെയ്യേണ്ടുന്ന ജോലികൾ, പ്രത്യേകിച്ചും പുതുതായി വന്ന കുട്ടികൾക്ക് ചെയ്യാൻ വിഷമമുള്ള കാര്യങ്ങൾ, അവർക്ക് പകരം എവുപ്രാസ്യമ്മ തന്നെ ചെയ്യും. എഴു ന്നേൽക്കാനാകാതെ ശയ്യയിൽ കഴിയുന്നവരുടെ സകല ആവശ്യങ്ങളിലും അമ്മയുടെ സഹായം ചെന്നെത്താറുണ്ട്.

## "അവരോട് കരുണ കാണിക്കണെ"

തന്നിൽനിന്നും സന്യാസ ശിക്ഷണം സ്വീകരിച്ച സഹോ ദരികളിൽ പലരും പിന്നീട് മഠാധിപകളായി ജോലി യേൽക്കാൻ പോകുംമുമ്പ് അമ്മയെക്കണ്ട് അനുഗ്രഹാശി സുകളും പ്രാർത്ഥനകളും അഭ്യർത്ഥിക്കുമായിരുന്നു. അവർക്കെല്ലാം കൊടുത്തിരുന്ന ഉപദേശം ഇതൊന്ന് മാത്ര മാണ്: "മക്കളെ, വേലക്കാരോട് കരുണ കാണിക്കണെ."

## കോളറയുമായൊരേറ്റുമുട്ടൽ

1928–ൽ അമ്പഴക്കാട് മഠത്തിലേയ്ക്ക് സ്ഥലം മാറി ഏകദേശം രണ്ടര വർഷത്തോളം എവുപ്രാസ്യമ്മ അവിടെ താമസിക്കുകയുണ്ടായി. ആ കാലഘട്ടത്തിലൊരിക്കൽ ഒരു നവസന്യാസിനിക്ക് കോളറ പിടിപെട്ടു. കാണെക്കാണെ രോഗി അത്യാസന്ന നിലയിലായി. പകർച്ചവ്യാധിയെ ഭയന്ന് അടുത്തു ചെല്ലാതെ പലരും മാറി നിന്നു. ആ സഹോദരിയുടെ സ്വന്തം അമ്മപോലും അകന്നുമാറി നിന്നതേയുള്ളു. നമ്മുടെ എവുപ്രാസ്യമ്മ ധൈര്യപൂർവ്വം അവിടേയ്ക്ക് കടന്നുചെന്നു. യാതൊരുറപ്പും വെറുപ്പും ഭയവും കൂടാതെ വേണ്ട ശുശ്രൂഷകളെല്ലാം ചെയ്തു. മാത്രമല്ല, നല്ലൊരു മരണത്തിനൊരുക്കുകയും ചെയ്തു. അമ്മയുടെ കൈകളിൽ കിടന്നാണ് ആ സഹോദരി അന്ത്യശ്വാസം വലിച്ചത്.

## എനിക്ക് എവുപ്രാസ്യമ്മയെ കാണണം

മണലൂർ മഠത്തിൽ ഒരു നവസന്യാസിനിയായിരുന്ന ബിബിയാന മരണത്തോടടുത്ത നിലയിൽ കഴിയുകയാണ്. അന്ന് എവുപ്രാസ്യമ്മ ഒല്ലൂർ മഠത്തിലായിരുന്നു. ആ കൊച്ചു സഹോദരിക്ക് രോഗ ക്ലേശങ്ങൾക്കും മരണ വേദനകൾക്കും പുറമെ ആന്തരിക പരീക്ഷണങ്ങളുംകൂടെ നേരിടേണ്ടിവന്നു. പരീക്ഷണങ്ങൾ രൂക്ഷമായപ്പോൾ രോഗി ആവശ്യപ്പെട്ടത് “എനിക്ക് എവുപ്രാസ്യമ്മയെ കാണണ’മെന്നാണ്. ഒട്ടും താമസിച്ചില്ല. തന്റെ യാത്രാക്ലേശവും രോഗവും വേദനയും പരിഗണിക്കാതെ രോഗിണിയുടെ അടുക്കൽ അവർ ഓടിയെത്തി.

## മദർ ബിയാട്രീസിന്റെ മോഹം

ക്ഷയരോഗിണിയായിരുന്നു ഇവർ. കൂനമ്മാവിൽനിന്നും വന്നവരിൽ നിത്യവ്രതമനുഷ്ഠിച്ച ഏകസഹോദരിയായിരുന്നല്ലോ മദർ ബിയാട്രീസ്; എവുപ്രാസ്യമ്മയുടെ പ്രഥമ

മഠാധിപയും. അമ്പഴക്കാട് മഠാധിപയായിരുന്ന അവസര ത്തിൽ, 1906 ഏപ്രിൽ മാസത്തിൽ ഈ സഹോദരിയുടെ ക്ഷയരോഗം മൂർദ്ധന്യത്തിലെത്തി. എവുപ്രാസ്യമ്മയുടെ സാന്നിദ്ധ്യവും പരിചരണവും ലഭിക്കാൻ അവർ ആഗ്രഹിച്ചു. വിവരം വേണ്ടപ്പെട്ടവരെ അറിയിച്ചു. കാര്യമറിഞ്ഞ എവു പ്രാസ്യമ്മ ഉടനെ പുറപ്പെട്ടു. ഏതാനും ദിവസം, വേണ്ട ശുശ്രൂഷകളെല്ലാം ചെയ്തുകൊടുത്തു. രോഗത്തിന് കുറവി ല്ലെന്നുകണ്ട് അധികാരികളുടെ അനുവാദവും വാങ്ങി ആ സഹോദരിയെ ഒല്ലൂർ മഠത്തിലേയ്ക്ക് കൊണ്ടുപോന്നു. അന്ത്യംവരെ ശുശ്രൂഷിച്ചു. ഏകദേശം ആറുമാസത്തില ധികം ഒരു ഭാഗ്യമരണത്തിനവരെ ഒരുക്കുകയും ചെയ്തു. 1906 ഡിസംബർ 20-നാണ് മദർ ബിയാട്രീസ് പരലോക പ്രാപ്തയായത്.

## എന്നോടമ്മയ്ക്ക് വലിയ സ്നേഹമാ!

ഓരോ സഹോദരിയും സ്വകാര്യംപോലെ പറയുമായി രുന്നു: "എവുപ്രാസ്യമ്മയ്ക്കെന്നോട് വലിയ താല്പര്യമാണ്. എന്റെ കാര്യത്തിൽ എന്ത് ശ്രദ്ധയാണെന്നോ." അത്രയ്ക്ക് വ്യക്തിപരമായിരുന്നു ആ സമർപ്പിതാത്മാവിന്റെ സഹോദര സ്നേഹം. ഓരോരുത്തർക്കും തോന്നിയിരുന്നു അവരോ ടാണ് ഏറ്റവുമധികം സ്നേഹമെന്ന്! അനുഭവിച്ചവരിൽ ഇന്നു ള്ളവർ ഇപ്പോഴുമതാവർത്തിക്കുന്നു. അത്ര താല്പര്യത്തോ ടെയാണ് അവരെക്കുറിച്ച് നടത്തിയിരുന്ന ആത്മാർത്ഥമായ അന്വേഷണങ്ങൾ. "കുഞ്ഞെ, സുഖമല്ലെ? രോഗം വല്ലതു മുണ്ടോ? ക്ഷീണമുണ്ടല്ലൊ മുഖത്ത്! അമ്മ പറയാം ശ്രേഷ്ട ത്ത്യമ്മയോട്, കുറച്ച് ദിവസം പാല് തരാൻ. മോള് പോയി അല്പം വിശ്രമിക്കു. ഇത്രയും ക്ഷീണിച്ച കുഞ്ഞെന്തിനാണ് മിഷ്യനടിക്കാനിരിക്കുന്നത്? എത്ര നേരമായി തുടങ്ങിയിട്ട്.

അമ്മ തയ്ച്ചു തരാം.” ഇങ്ങനെ പോകും ആ ക്ഷേമാന്വേഷണങ്ങൾ. സ്നേഹത്തിനും അംഗീകാരത്തിനും ദാഹിക്കുന്ന മനുഷ്യഹൃദയം കുളിർക്കൊള്ളാൻ മറ്റു വല്ലതും വേണോ?

## തനിക്കുള്ളതെന്തുതന്നെയായാലും

കൈയിലുള്ളതെന്തും ആവശ്യക്കാർക്ക് കൊടുക്കും, അധികാരികളുടെ അനുവാദത്തോടെ. പുതപ്പുകൾ, കവടിപ്പാത്രങ്ങൾ, കോപ്പ, കുരിശുരൂപങ്ങൾ, കൊന്തകൾ, പ്രാർത്ഥനാപുസ്തകങ്ങൾ, പടങ്ങൾ ഇവയൊക്കെയാണ് സമ്മാനവസ്തുക്കൾ... തനിക്കുള്ളതെന്തും ആവശ്യക്കാർക്കുള്ളതാണ്. തുണിക്ക് ക്ഷാമം നേരിട്ടിരുന്ന കാലത്ത് തന്റെ ഉടുപ്പുകൾപോലും ഇല്ലാത്ത സഹോദരികൾക്കു എടുത്തുകൊടുത്തു. ആയിടയ്ക്ക് നിത്യവ്രതം അനുഷ്ഠിച്ച ഒരു സഹോദരിക്ക് തനിക്കുണ്ടായിരുന്ന ഒരേ ഒരു നല്ല ഉടുപ്പ് സന്തോഷപൂർവ്വം കൊടുക്കുകയുണ്ടായി. ആശ്രമശുശ്രൂഷികൾക്കാണ് അധികവും ദാനം ചെയ്തത്. പ്രാർത്ഥനാപുസ്തകങ്ങൾ അധികവും കുടുംബാംഗങ്ങൾക്കും. ആർക്ക് എന്തൊക്കെ കൊടുത്തു എന്ന് കുറെയെങ്കിലും നമുക്ക് മനസ്സിലാകുന്നത് ഇപ്പോഴവ ശേഖരിക്കാൻ തുടങ്ങിയപ്പോഴാണ്. ദാനശീലത്തോടൊപ്പമുണ്ടായിരുന്ന നിസ്സംഗതയും, ദാരിദ്ര്യവും, ലാളിത്യവും കൂടെ നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാനാകും. മരിക്കുമ്പോൾ ആകെ പെട്ടിയിലുണ്ടായിരുന്നത് ഒന്നുരണ്ടു പഴകിയ വസ്ത്രങ്ങളാണ്. പിന്നെ കീറിത്തുടങ്ങിയ ഒരു പായും, ഒരു തലയിണയും മാത്രം.

## മണലൂർ മഠത്തിൽ പടർന്ന പനി

1905-ൽ ഒരുതരം പകരുന്ന പനി മണലൂർ മഠാംഗങ്ങളിൽ ഭൂരിപക്ഷംപേർക്കും പിടിപെട്ടു. വിവരമറിഞ്ഞ് ഒല്ലൂർ മഠത്തിൽനിന്നും എവുപ്രാസ്യമ്മ ഉൾപ്പെടെ ഒരു സംഘം

സഹോദരികൾ അവിടെയെത്തി. മഠാംഗങ്ങൾക്ക് സന്തോഷമായി. രണ്ടു ദിവസങ്ങൾക്കുശേഷം പോയവർ തിരികെ പോന്നു. പക്ഷെ എവുപ്രാസ്യമ്മയെ അവർ വിട്ടില്ല. രോഗിണികൾക്കെന്നപോലെ രോഗം മാറിയവർക്ക് ആരോഗ്യം വീണ്ടെടുക്കാൻ അമ്മയുടെ സാന്നിദ്ധ്യം ആവശ്യമായിരുന്നു. രണ്ടാഴ്ചയിലധികം ഒരമ്മയെപോലെ നമ്മുടെ പുണ്യകന്യക അവർക്കുവേണ്ട ശുശ്രൂഷകൾ നൽകിയശേഷമാണ് സ്വന്തം മഠത്തിലേയ്ക്ക് തിരിച്ചത്.

## മരണശയ്യകൾക്കരികെ

മരണാസന്നരായ സഹോദരികളുടെ ശയ്യയ്ക്കരികെ എവുപ്രാസ്യമ്മ കാവൽനിൽക്കും. അവരെ ആശ്വസിപ്പിക്കാനും, ധൈര്യപ്പെടുത്താനും, ഒന്നിച്ചു പ്രാർത്ഥിക്കാനും, സുകൃതജപങ്ങൾ ചൊല്ലിക്കൊടുക്കാനും എവുപ്രാസ്യമ്മയാണ് മുന്നിൽ നിൽക്കുക. അതിനുള്ള ചുമതല ആരോ തന്നെ ഏല്പിച്ചിരിക്കുംപോലെയാണ് അവരുടെ മട്ടും മാതിരിയും. ചിലപ്പോൾ അഞ്ചും ആറും മണിക്കൂറുകൾ ഒരേ നിൽപ്പാണ്. രാത്രികാലങ്ങളിലും ഇതിന് വ്യതിയാനമില്ല. ഊണും ഉറക്കവും ഉപേക്ഷിച്ചുപോലും രാപകൽ എവുപ്രാസ്യമ്മ ഈ സഹോദരികളുടെ മരണശയ്യയ്ക്കരികിൽ കാവൽനിന്നിരുന്നു. രോഗികൾക്കാണെങ്കിൽ ഇതിൽപരം ഒരാശ്വാസവും ആനന്ദവും വേറെയില്ലതാനും. ആന്തരിക പോരാട്ടങ്ങളിൽ ഈ സുകൃതിനിയുടെ സാന്നിദ്ധ്യം, അവർക്ക് ശക്തിയും ധൈര്യവും പകർന്നുകൊടുത്തിരുന്നു.

## ഉള്ളംകാണുന്ന കണ്ണ്

സഹോദരി മരിയന്ന മുറിയിൽ അല്പം വിഷാദത്തോടെ ഇരിക്കുന്നതുകണ്ട എവുപ്രാസ്യമ്മ മുഖവുര കൂടാതെ ചോദിച്ചു: “ആത്മാവിന്റെ കാര്യങ്ങൾ തുറന്നു പറയാൻ

ആളെ കിട്ടിയില്ല, അതല്ലെ ഈ വിഷാദം?" ഒന്നു കുമ്പസാരിക്കാൻ ആഗ്രഹിച്ച് വൈദികനെ കിട്ടാതെ മനസ്സിൽ അല്പം വേദനയുമായി കഴിഞ്ഞ മരിയന്നയുടെ അത്ഭുതം ഊഹിക്കേണ്ടതാണ്. ഉള്ളിന്റെ ഉള്ളം കണ്ടിരിക്കുന്നു ആ കണ്ണുകൾ!

## പുലരിയിൽ ഉരുകിയ മഞ്ഞ്

ദൈവവിളിയെ സംബന്ധിച്ച് മനസ്സിൽ വലിയ സംഘട്ടനവുമായി നടക്കയാണ് പുതുകന്യാസ്ത്രി ബനീന. മദ്രാസിൽ പഠിച്ചുകൊണ്ടിരിക്കെ അവധിക്കു വന്നതാണ് ഒല്ലൂർ മഠത്തിൽ. അത്ര വെട്ടിത്തുറന്ന് ആരോടും പറയാവുന്ന പ്രശ്നമല്ലല്ലോ ഉള്ളിലുള്ളത്. ഒരു ദിവസം കോവണിയിറങ്ങി ചാപ്പലിലേയ്ക്ക് പോകുംവഴി എതിരെ വരുന്നു എവുപ്രാസ്യമ്മ. അല്പം വഴിമാറി. വലിയ അമ്മയല്ലേ! ഒതുങ്ങി നടക്കാൻ ഒരുങ്ങി. പുണ്യമുള്ള അമ്മ. അതും ഉള്ളംകാണുന്ന അമ്മ – ഉള്ളിലെ പുകച്ചിലിതല്ലേ? ഭയമുണ്ട്. പക്ഷെ, ആ കണക്കുകൂട്ടലൊക്കെ തെറ്റിച്ചുകൊണ്ട് എവുപ്രാസ്യമ്മ അതാ മുഖമുയർത്തി ചിരിച്ച് പതുക്കെ തലോടി വാത്സല്യപൂർവ്വം പറയുന്നു: "മോളൊന്നുകൊണ്ടും വിഷമിക്കേണ്ട. സന്തോഷിച്ചു നടന്നോളു.'' ഭയം മാത്രമല്ല സകല സംഘർഷവും സംശയവും ആ ഒറ്റ നിമിഷംകൊണ്ട് അപ്രത്യക്ഷമായി. പുലരിയിൽ ഉരുകിയ മഞ്ഞുപോലെ.

## കൊച്ചന്നമ്മ മഠത്തിൽ ചേരും.

1941–ലാണ് സുന്ദരിയായ ഒരു പതിനേഴുകാരി കൊച്ചന്നമ്മ ഒല്ലൂർ മഠത്തിൽ ചെന്നത്, ബന്ധത്തിൽപെട്ട ഒരു കന്യാസ്ത്രിയെ കാണാൻ. തിരിച്ചുപോരുന്നതിനുമുമ്പ് എവുപ്രാസ്യമ്മയെ കണ്ടു. കുശല പ്രശ്നങ്ങൾക്കുശേഷം കുട്ടിയിൽ ദൃഷ്ടികൾ ഉറപ്പിച്ച് എവുപ്രാസ്യമ്മ പറഞ്ഞു: "കൊച്ചന്നമ്മ മഠത്തിൽ ചേരും." അതുവരെ സ്വപ്നത്തിൽപോലുമില്ലാ

യിരുന്നു ഇങ്ങനെയൊരു ചിന്ത. ചിന്തിച്ചാൽ തന്നെയും നടക്കാത്ത കുടുംബസാഹചര്യം. എന്നിട്ടും വർഷങ്ങൾക്കു ശേഷം ആ വാക്കുകൾ നിറവേറി. കൊച്ചന്നമ്മ സി. മേരി ഏഞ്ചലായി.

## അന്തോണിയുടെ ആട്ടിൻകുട്ടി

എവുപ്രാസ്യമ്മയുടെ താവഴിയിൽപെട്ടവനാണ് വി. പി. അന്തോണി. പിതാവ് മരിച്ചതിനെതുടർന്ന് അമ്മ മകനെ വേല യെടുത്ത് കഷ്ടപ്പെട്ടു വളർത്തുകയാണ്. അവരുടെ ദാരി ദ്ര്യവും കഷ്ടപ്പാടും എവുപ്രാസ്യമ്മയ്ക്ക് അറിവുണ്ട്. ഒരി ക്കൽ സംസാരിക്കുന്നതിനിടയ്ക്ക് അന്തോണിക്കുട്ടിയുടെ തലയിൽ കൈവച്ചനുഗ്രഹിച്ച് നമ്മുടെ അമ്മ പറഞ്ഞു: "മോൻ ഒരു ആട്ടിൻകുട്ടിയെ വാങ്ങി വളർത്തു. അതിലൂടെ നിന്റെ ഭാവി നന്നായി വരും." ഈ ദീർഘദൃഷ്ടി ഫലം ചൂടി. അവൻ സാമാന്യം മെച്ചപ്പെട്ടൊരു സാമ്പത്തിക നില യിലെത്തി.

## നീ അപേക്ഷിച്ചാൽ മതി

എവുപ്രാസ്യമ്മയുടെ സഹോദരന്റെ ഒരു മകൾ ഒല്ലൂർ ബോർഡിംഗിൽനിന്ന് ഏഴാംക്ലാസിൽ പഠിച്ചുകൊണ്ടിരി ക്കുന്ന അവസരം. ഇടവകപള്ളിയിൽ 40 മണിക്കൂർ ആരാ ധനയിൽ സംബന്ധിക്കുവാൻ ബോർഡിംഗ് കുട്ടികൾ നിര യായി നടന്നുപോകാനുള്ള ഒരുക്കത്തിലാണ്. എവുപ്രാ സ്യമ്മ കുട്ടിയെ വരിയിൽനിന്നും വിളിച്ച് മാറ്റിനിറുത്തി പറഞ്ഞു: "ഔസേപ്പെളേപ്പൻ മരിച്ചു." എങ്ങനെ? എപ്പോൾ? അവരെവിടെ? വീട്ടിൽനിന്ന് അറിയിക്കുവാൻ വന്നവർ എന്നെ കാണാതെ പോയോ? എന്നോടെന്ത്യേ പറയാ ഞ്ഞത്? ആശ്ചര്യംകൊണ്ട് അവൾ ഒരു നൂറു ചോദ്യത്തി

നുള്ള പുറപ്പാടിലാണ്. എവുപ്രാസ്യമ്മ പറഞ്ഞു: "നീ അതൊന്നും അന്വേഷിക്കേണ്ട. പ്രാർത്ഥിച്ചാൽ മതി. പൊയ്ക്കോ."

സത്യമെന്തെന്നല്ലേ? എവുപ്രാസ്യമ്മ പറഞ്ഞ ഈ സമയത്തായിരുന്നു സഹോദരന്റെ മരണം. എന്നാൽ വീട്ടുകാരിൽനിന്നും ഇക്കാര്യം എവുപ്രാസ്യമ്മ അറിയുന്നത് പിറ്റെ ദിവസമാണ്.

## "ഞാൻ ഇവിടെയൊക്കെത്തന്നെ ഉണ്ടാകും മകനെ"

മഠത്തിൽ എന്തെങ്കിലുമൊക്കെ ജോലി ചെയ്ത് നിത്യവൃത്തി കഴിച്ചിരുന്ന അന്തോണിക്കുട്ടിക്കും അവന്റെ അമ്മയ്ക്കും മറ്റൊരവലംബമില്ലായിരുന്നു. എവുപ്രാസ്യമ്മയുടെ അനുകമ്പയും സ്നേഹവും കുശലാന്വേഷണവുമൊക്കെ അവർക്ക് വലിയ ആശ്വാസമായിരുന്നു. ജോലിക്കിടയിൽ എവുപ്രാസ്യമ്മയെ കണ്ടുമുട്ടുമ്പോൾ കിട്ടിയിരുന്ന ഓരോ വാക്കും, നോക്കും, പുഞ്ചിരിയും അവരുടെ ഹൃദയത്തിന് കുളിർകാറ്റായി. എവുപ്രാസ്യമ്മ മരിക്കുന്നതിന് രണ്ട് മൂന്ന് വർഷം മുമ്പ് അന്തോണിക്കുട്ടി ഒരിക്കൽ വേദനയോടെ എവുപ്രാസ്യമ്മയോട് പറഞ്ഞു: "അമ്മയ്ക്ക് വയസ്സും പ്രായവുമൊക്കെയായി. അവശതയാണെങ്കിൽ കൂടിക്കൂടി വരുന്നു. എവുപ്രാസ്യമ്മയുംകൂടി മരിച്ചുപോയാൽ പിന്നെ ഞങ്ങൾക്കാരുണ്ട് ഒരു ആശ്വാസം?" ഇത് കേട്ടപാടെ തിളങ്ങുന്ന കണ്ണോടെ വാത്സല്യപൂർവ്വം തഴുകി ചിരിച്ചു കൊണ്ട് അമ്മ ഉറപ്പിച്ച് പറഞ്ഞു: "മരിച്ചാലും ഞാനിവിടെയൊക്കെത്തന്നെ ഉണ്ടാകും മകനെ!"

## "ഇതെന്തൊരു കുസൃതിയാണപ്പ"

എവുപ്രാസ്യമ്മയുടെ മുടി വെട്ടിക്കൊടുക്കാനും തീരെ അവശതയിലാകുന്ന അവസരങ്ങളിൽ ചില ചില്ലറ സഹായ

ങ്ങൾ ചെയ്തുകൊടുക്കാനും സിസ്റ്റർ യോവാക്കിം വളരെ സന്നദ്ധത കാണിച്ചിരുന്നു. ഏത് നിസ്സാരസഹായത്തിനും വളരെ നന്ദിയും, വാത്സല്യവും കാണിക്കുന്ന പ്രകൃതമാണ് എവുപ്രാസ്യമ്മടേത്. "ഹോ! എന്റെ മകൾ ചെയ്യുന്നത് കണ്ടോ? എന്റെ മുഖവും കഴുത്തും കൂടെ തുടച്ച് വൃത്തി യാക്കിത്തരുന്നു!" എന്നിങ്ങനെ വാത്സല്യപൂർവ്വം പറയുന്ന നന്ദിയുടെ നിഷ്കളങ്ക പ്രകരണങ്ങൾ കേട്ട് ഉള്ളം കുളിർത്ത് സി. യോവാക്കിം ഒരിക്കൽ ഒരു പണി പറ്റിക്കാൻ തീർച്ച യാക്കി. വെട്ടിയിട്ട മുടി അടിച്ചുവാരി ഒരു കടലാസിൽ പൊതിഞ്ഞ് എവുപ്രാസ്യമ്മയോട് പറഞ്ഞു, "ഇത് ഞാൻ കൊണ്ടുപോയി സൂക്ഷിക്കട്ടെ അമ്മേ?" എവുപ്രാസ്യമ്മ യുടെ പുഞ്ചിരിയുടെ തിളക്കംഉടനെ മങ്ങി. ഇതെന്ത് കുസൃ തിയാണപ്പാ? വല്ലാത്ത കുറുമ്പ്!" ഉടനെ അത് വാങ്ങി ചിരിച്ചുകൊണ്ട് കൈയിലിരുന്ന ഊന്നുവടി ആ സഹോദ രിയുടെ നേർക്ക് പതുക്കെയൊന്ന് ഓങ്ങി - എല്ലാ പ്രാവ ശ്യവും അമ്മതന്നെയാണത് കൊണ്ടുപോയി കളയാറ്. പിന്നെയങ്ങോട്ട് കളയുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധയായി രുന്നു.

## "സഹനത്തോളംതന്നെ സ്നേഹവും"

സ്കൂളിൽ ഓഫിസ് ജോലി ചെയ്യുന്ന ഒരു കൊച്ചു സഹോദരി ഒരിക്കൽ വല്ലാതെ വിഷമിച്ചു നടക്കുന്നത് എവു പ്രാസ്യമ്മ കണ്ടു. അധികാരികളിൽനിന്നും ശകാരവും പ്രായ ശ്ചിത്തങ്ങളുമൊക്കെ കിട്ടുന്ന അവസരങ്ങളിൽ മുഖത്തെ പ്രസാദം മങ്ങിപ്പോകുക സാധാരണക്കാർക്ക് സ്വാഭാവിക മാണല്ലൊ. പലപ്പോഴും ആ സഹോദരിയുടെ മുഖത്തിങ്ങനെ വിഷാദഭാവം കാണാറുള്ളതുകൊണ്ട്, സഹനത്തിന്റെ മൂല്യം നന്നായറിയാവുന്ന നമ്മുടെ അമ്മ വളരെ സ്നേഹത്തോടെ അരികിൽ വിളിച്ച് ആശ്വസിപ്പിച്ചു പറഞ്ഞു: "ഇതൊന്നും

സാരമില്ല മകളെ. എല്ലാം നന്നായി സഹിച്ചോളൊട്ടൊ - ഒന്നും നഷ്ടപ്പെടുത്തരുത്. തമ്പുരാൻ സ്നേഹിച്ച് തരുന്ന താണെല്ലാം. മകളോടാർക്കും വിഷമമൊന്നും ഉണ്ടായിട്ടല്ല. മറിച്ച് തമ്പുരാന് സ്നേഹം ഉള്ളതുകൊണ്ടാണ് ഇവയെല്ലാം തരുന്നത്. ആ കുരിശിലേയ്ക്കൊന്ന് മോള് നോക്കു. നമ്മു ടെയൊക്കെ എത്ര ചെറുതാണ്. മകളെ കർത്താവിന്റെ സഹ നത്തിൽ പങ്കുകൊണ്ടെങ്കിലേ സ്നേഹത്തിലും പങ്കുള്ളു. സഹനത്തോളം തന്നെ സ്നേഹവും."

## "ഞാൻ മരിച്ചിട്ടെ മോള് പോകു"

1941 തുടങ്ങി 11 വർഷം എവുപ്രാസ്യമ്മയോട് വളരെ അടുത്ത് പെരുമാറിയിരുന്ന ഒരു സഹോദരിയായിരുന്നു സി. യോവാക്കിം. 1949-ൽ മറ്റൊരു മഠത്തിലേയ്ക്ക് പോകാ നുള്ള നിർദേശം അധികാരികളിൽനിന്നും ലഭിച്ചു. വിവരം അറിഞ്ഞ ഉടനെ എവുപ്രാസ്യമ്മയുടെ അടുക്കലേയ്ക്കോടി. മുറിയിൽ കടന്ന് ചെന്നപാടെ ചിരിച്ചുംകൊണ്ട് എവുപ്രാ സ്യമ്മ പറഞ്ഞു: ''ഞാൻ മരിച്ചിട്ടെ മോള് ഈ മഠ ത്തിൽനിന്നും പോകു." ഇതൊന്നുമറിയാതെ എന്തോ കാര ണത്താൽ അധികാരികൾ ഈ സ്ഥലമാറ്റം വേണ്ടെന്നു വെച്ചു. പിന്നീട് 1952 ഒക്ടോബറിലാണ് സിസ്റ്റർ യോവാക്കിം ഒല്ലൂർ മഠത്തിൽനിന്നും പോയത്. എവുപ്രാസ്യമ്മ മരിച്ച് 2 മാസം കഴിഞ്ഞിട്ട്.

## "അമ്മ എന്നോടത് നേരത്തെ പറഞ്ഞതാ"

1942 ഒക്ടോബർ 31-ന് 12-ാം പിയൂസ് പാപ്പ മാതാവിന്റെ വിമലഹൃദയത്തിന് ലോകത്തെ മുഴുവനും പ്രതിഷ്ഠിച്ചു കൊണ്ട് ഒരു റേഡിയോ പ്രഭാഷണം നടത്തി. ഈ വിവരം

എവുപ്രാസ്യമ്മ അറിയുന്ന സമയത്ത് അരികെ ഇരുന്നിരുന്നു സിസ്റ്റർ യോവാക്കിം. ഉടനെ അമ്മ സന്തോഷംകൊണ്ട് വിടർന്ന കണ്ണുകളോടെ അത്യാശ്ചര്യപൂർവ്വം പറഞ്ഞു: "ഈ കാര്യം മാതാവ് എന്നോട് കുറെ മുമ്പ് പറഞ്ഞതാണ്. എന്നിട്ട് ഞാനത് പറഞ്ഞു. പക്ഷേ ഇന്നത് നടന്നു."

1917-ൽ ഫാത്തിമാദർശനത്തിൽ പരി. കന്യകാമറിയം ഇത് ആവശ്യപ്പെടുന്നതിനും എത്രയൊ മുമ്പ് തന്റെ മകളായ എവുപ്രാസ്യമ്മയോട് അമ്മ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു എന്നതിന് തെളിവാണ് 1905 മിഥുനം 1-ാം തീയതി എവുപ്രാസ്യമ്മ ആത്മപിതാവിനെഴുതിയ താഴെ കാണുന്ന വരികൾ: "ഒരിക്കൽ പരി. അമ്മ, എന്റെ തിരുക്കുമാരൻ പാപികളിൽനിന്നനുഭവിക്കുന്ന സങ്കടത്തെക്കണ്ട് എന്റെ ഹൃദയം വളരെ ദു:ഖിക്കുന്നു എന്ന് പറഞ്ഞു. മാസത്തിന്റെ ഒന്നാം ശനിയാഴ്ചയും കൂട്ടമായിട്ട് ശുദ്ധമാന കുർബാന കൈക്കൊണ്ട് എന്റെ വിമലഹൃദയത്തിന് പരിഹാരമായി കാഴ്ചവെയ്ക്കുന്നത് എനിക്ക് വളരെ ആശ്വാസമാകുന്നു. മകളെ, നീ അതിന് താല്പര്യപ്പെടണം എന്നു പറഞ്ഞു."

## ചില നിർദ്ദേശങ്ങൾ

മഠാധിപയൊ, മറ്റ് തനിക്ക് മൂത്തവരൊ സ്ഥലത്തില്ലാതെ എവുപ്രാസ്യമ്മ തല്ക്കാലത്തേയ്ക്ക് മഠത്തിന്റെ ചുമതല ഏല്ക്കേണ്ടിവരുന്ന സന്ദർഭത്തിൽ സമൂഹത്തിൽ കാണുന്ന ചില തെറ്റുകളും സൂക്ഷിക്കേണ്ടുന്ന കാര്യങ്ങളും ഓർമ്മിച്ച് കൊടുക്കാൻ ഒട്ടും വൈമനസ്യം കാണിക്കാറില്ല. മറ്റുള്ളവരുടെ അനിഷ്ടകരമായ പ്രതികരണങ്ങൾ കർത്തവ്യനിർവഹണത്തിൽനിന്നും ആ ധീരകന്യകയെ പിൻതിരിപ്പിക്കാറുമില്ല. "കാനോന നമസ്കാരം നമുക്ക് കുറച്ചുകൂടെ ഉറക്കെ

ഭക്തിയോടെ ചൊല്ലാം. ഉപകാരികൾക്കുവേണ്ടിയുള്ള പ്രാർത്ഥന വല്ലാതെ തണുത്ത് പോകുന്നല്ലോ. മൗനം പാലിക്കുന്നതിൽ ശ്രദ്ധക്കുറവ് ധാരാളമുണ്ട് നമുക്ക്. വാതിലുകൾ, ജനലകൾ ഇവ അടയ്ക്കുമ്പോഴും, തുറക്കുമ്പോഴും ശബ്ദമില്ലാതിരിക്കാൻ നമുക്ക് സൂക്ഷിക്കാം. മുറികളിൽ പ്രാർത്ഥനയിലും ധ്യാനത്തിലും, ദൈവൈക്യത്തിലും കഴിയുന്നവർക്ക് നമ്മുടെ നടപ്പും വ്യാപാരവും യാതൊരു വിധത്തിലും തടസ്സമാകാതിരിക്കാൻ ശ്രദ്ധിക്കാം. അധികാരികളോടുള്ള വിധേയത്വം കുറച്ചുകൂടെ ചൈതന്യപൂർണ്ണമാക്കാൻ പരിശ്രമിക്കാം. കഴിയുന്നതും കൃത്യമായി കൂട്ടക്രമങ്ങളിൽ പങ്കെടുക്കാൻ ഉത്സാഹിക്കാം." ഇങ്ങനെ പോകുന്നു ആ നിർദ്ദേശങ്ങൾ. ചുരുക്കത്തിൽ ഇവയെല്ലാംതന്നെ ദൈവത്തോടും, സഹോദരങ്ങളോടും സഭാനിയമങ്ങളോടുള്ള ചുമതലകൾ സന്യാസചൈതന്യത്തോടെ നിറവേറ്റുന്നതിൽ എവുപ്രാസ്യമ്മയ്ക്കുള്ള ശുഷ്ക്കാന്തിയുടെ ബഹിർസ്ഫുരണങ്ങൾ മാത്രം. താനും തന്റെ സഹോദരികളും ദൈവസ്നേഹത്തിലും, സമർപ്പണ ചൈതന്യത്തിലും, ജീവിത വിശുദ്ധിയും വളർന്ന് കാണാനുള്ള ആഗ്രഹത്തിന്റെ നിർവ്യാജ പ്രകടനങ്ങളാണിവ.

## കത്തുകൾക്കുള്ളിലെ കഥകൾ

എവുപ്രാസ്യമ്മ എഴുതിയ കഥനിറഞ്ഞ കത്തുകളെ അവരുടെ 'ആത്മകഥ' എന്നുതന്നെ പറയാം. വളരെ സത്യസന്ധമായി പാപസങ്കീർത്തനവേദിയിലെന്നോണം നിത്യകാലത്തേയ്ക്ക് രഹസ്യമായിരിക്കണമെന്ന ഉദ്ദേശത്തോടെ ഉള്ളിന്റെ ഉള്ളം തുറന്ന് എഴുതപ്പെട്ടതാണവ. അവ സൂക്ഷിക്കപ്പെട്ടില്ലായിരുന്നെങ്കിൽ അദൃശ്യലോകത്തിലെ അത്ഭുത കഥകൾ അവരനുഭവിച്ചതെല്ലാം നമുക്ക് അജ്ഞാതമായി

ത്തീർന്നേനെ. ഈ ലോകത്തിൽവെച്ചുതന്നെ പരലോകത്തെ കണ്ടും കേട്ടും തൊട്ടും അനുഭവിക്കാനുള്ള വരം ദൈവം ഈ ആത്മാവിന് നൽകിയിട്ടുണ്ടെന്ന് കത്തുകൾ തെളിയിക്കുന്നു. ഇഹത്തെയും പരത്തെയും വേർതിരിക്കുന്ന നേരിയ തിരശ്ശീല പലപ്പോഴും ഈ കന്യകയ്ക്ക് വഴിമാറികൊടുത്തിരുന്നു. ദിവ്യരക്ഷിതാവും, ദൈവജനനിയും പലപ്പോഴും ദർശനമരുളിയിരുന്നെന്നും സന്ദേശങ്ങൾ നൽകിയിരുന്നെന്നും എളിമയോടെ വിശദമാക്കുന്നുണ്ട്. പരേതാത്മാക്കളുമായുള്ള നിരന്തര സമ്പർക്കത്തിന്റെ കഥയും കത്തുകളിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. കൂടെ താമസിച്ചിരുന്ന സഹോദരികളുടെ സാക്ഷ്യം ഇവയെ ഒന്നുകൂടെ സ്ഥിരീകരിക്കുന്നു. തനിക്കിവയൊന്നും വേണ്ടെന്നും, ഇവയിൽനിന്നും ഒഴിവായിക്കിട്ടാൻ പിതാവു കൂടെ പ്രാർത്ഥിക്കണമെന്നും ഓരോ എഴുത്തിലും ആ വിനീതാത്മാവ് ആവർത്തിച്ച് അഭ്യർത്ഥിക്കുന്നുമുണ്ട്. എളിമ, ശുദ്ധത, കീഴ്‌വഴക്കം, ഉപവി എന്നീ പുണ്യങ്ങളഭ്യസിക്കാനുള്ള ശുഷ്ക്കാന്തിയും തന്റെ ബലഹീനതകൾ ഏറ്റുപറയുന്നതിലുള്ള ആത്മാർത്ഥതയും ഒരു കണ്ണാടിയിലെന്നോണം കത്തുകളിൽ തെളിയുന്നുണ്ട്. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സഹനത്തിന്റെ ബലിവേദിയിൽ സ്വയം ഹോമിക്കാനുള്ള തീവ്രാഭിലാഷവും കത്തുകളിൽ തുളുമ്പിനിൽക്കുന്നു.

## വേർപാടുകൾ

1913–ൽ എവുപ്രാസ്യമ്മയുടെ പിതാവ്, എലുവത്തിങ്കൽ അന്തോണി പരലോകപ്രാപ്തനായി. മൂന്ന് നാലു ദിവസത്തെ രോഗം മാത്രം. 10 വർഷങ്ങൾക്കുശേഷം എവുപ്രാസ്യമ്മയുടെ അമ്മയും ലോകത്തോട് വിടപറഞ്ഞു. സ്വതവെ,

സ്നേഹശീലയായ എവുപ്രാസ്യമ്മയ്ക്ക് മർമ്മഭേദകമായിരുന്നു ഈ വേർപാടുകൾ. പ്രത്യേകിച്ചും വാത്സല്യനിധിയായ അമ്മയുടെ പെട്ടെന്നുള്ള മരണം.

## കുരിശുകളുടെ ഘോഷയാത്ര

എലുവത്തിങ്കൽ തറവാടിന്റെ സാമ്പത്തികനില ക്ഷയിച്ചുവന്നു. എവുപ്രാസ്യമ്മ മഠത്തിൽചേർന്ന് എട്ടു പത്തു വർഷം കഴിയുമ്പോഴെയ്ക്കും എലുവത്തിങ്കൽ തറവാടിന്റെ പ്രതാപവും പ്രാഭവവും മങ്ങാൻ തുടങ്ങി. പുരയിടങ്ങളും നെൽപ്പാടങ്ങളും ഒന്നിനൊന്ന് വിറ്റൊഴിഞ്ഞു. കാട്ടൂരിലും എടത്തുരുത്തിയിലുമായി പല വീടുകളിലും മാറി മാറി താമസിച്ചു. അവസാനം, വാടകവീടുകളിലുമായി താമസം. സ്വന്തമായി ഒരു വീടുപോലും ഇല്ലാത്ത അവസ്ഥയിലെത്തി. അതും സാധ്യമല്ലാതെ വന്നപ്പോൾ ഭാര്യാഗൃഹങ്ങളുടെ അരികിൽ അവരുടെ സഹായത്തോടെ താമസമാക്കി.

## ''പണത്തിൽ കുറഞ്ഞാലും പുണ്യത്തിൽ കുറയരുത്"

സഹോദരൻ കാക്കു പെങ്ങളോട് എല്ലാം വന്ന് പറയും. അതു വിറ്റു, ഇതു വിറ്റു, ചിറകെട്ടിലെ വീടും അന്യാധീനപ്പെട്ടു, തയ്‌വളപ്പുവിറ്റു, എടയ്ക്കാട്ടുവീടും വിറ്റു, പന്ത്രണ്ട് പറവിറ്റു: 8 പറ, കഴിഞ്ഞാഴ്ചയിലാണ് കൊടുത്തത്. ഇപ്രകാരം എണ്ണിയെണ്ണി ഒറ്റശ്വാസത്തിൽ പറയും. കാരണം സന്ദർശനം ഹ്രസ്വമാണ്. അധികം സമയം മണിമുറിയിൽ ചെലവഴിക്കാൻ ഇഷ്ടപ്പെടുന്നവളുമല്ല നമ്മുടെ അമ്മ. എന്നാലും എവുപ്രാസ്യമ്മ ക്ഷമയോടും സഹാനുഭൂതിയോടുംകൂടെ എല്ലാം ശ്രവിക്കും. അവസാനം അവസാനിപ്പിക്കും. "സാരമില്ല, തമ്പുരാനില്ലെ, എല്ലാം അറിയുന്നവനായിട്ട്! ഒരു കാര്യം, പണത്തിൽ കുറഞ്ഞാലും പുണ്യത്തിൽ കുറയരുത്ട്ടൊ!"

## കൂനിന്മേൽ കുരു

കുടുംബത്തിൽ ധനനഷ്ടവും ദാരിദ്ര്യക്ലേശവും ഒരു വശത്ത്. അതെന്തുമാകട്ടെ എവുപ്രാസ്യമ്മയ്ക്ക് മർമ്മഭേദകമായത് മറ്റൊന്നാണ്. സഹോദരന്മാരിൽ ഇളയ രണ്ടു പേരുടെ ജീവിതം - പ്രത്യേകിച്ചും ഇളയവന്റെ. ഇടയ്ക്കിടെ രണ്ടുപേരും നാടുവിടും. എവിടെയെന്നൊരു വിവരവുമില്ലാതെ. വല്ലപ്പോഴും വരും, പോകും, അത്രതന്നെ. ധനം ധൂർത്തടിച്ചിരുന്നത് മറ്റൊന്ന്. ദാരിദ്ര്യത്തോടു ചേർന്ന് മദ്യപാനവും മറ്റു മാർഗ്ഗ ഭ്രംശങ്ങളും വന്നാലത്തെ കഥ പറയാനില്ലല്ലോ. എല്ലാം എളിമയോടും സമചിത്തതയോടുംകൂടെ ദൈവതൃക്കരങ്ങളിൽനിന്നും സ്വീകരിച്ചു. തനിക്കും മറ്റുള്ളവർക്കുമായി സഹിച്ചു. എല്ലാം ആത്മാക്കളുടെ രക്ഷയ്ക്കുള്ള മോചനദ്രവ്യമാക്കി മാറ്റി.

## സഹനം - പോഷകാഹാരം

സഹനമായിരുന്നു എവുപ്രാസ്യമ്മയുടെ പോഷകാഹാരം. ഇടയ്ക്കിടെ മരണവക്രത്തോളമെത്തിക്കുന്ന കഠിനരോഗങ്ങളുടെ ആക്രമണം, സമൂഹജീവിതത്തിൽനിന്നും പൊന്തിവരുന്ന വിമർശനങ്ങൾ, പ്രത്യേകിച്ച് താൻ ശിക്ഷണം നൽകിയ മക്കളിൽനിന്നുമുണ്ടായ ആക്ഷേപങ്ങൾ, അവഗണനകൾ, വാർദ്ധക്യാവശതകൾ, സ്വന്തപ്പെട്ടവരുടെ വേർപാടുകൾ, കുടുംബത്തിലെ സാമ്പത്തിക തകർച്ച, സഹോദരന്മാരുടെ ജീവിതരീതി, അന്ധകാരശക്തികളിൽനിന്നുള്ള ആക്രമണങ്ങൾ, നൈസർഗ്ഗിക ബലഹീനതകളോടുള്ള പോരാട്ടം. എല്ലാം കൂടെ ആത്മാവിനെ പോഷകമൂല്യം കൂടിയ ആഹാരം പോലെയായി. ഇവയ്ക്കു പുറമെ സ്വയം അനുഷ്ഠിക്കുന്ന തപസ്സും പ്രായശ്ചിത്തങ്ങളും വേറെയും. ക്ലേശങ്ങളുടെ വൈവിദ്ധ്യം ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും പവിത്രീകരി

ക്കാൻ പോരുന്നവയായിരുന്നു. സഹിക്കുംതോറും ആത്മാക്കളുടെ രക്ഷയ്ക്കായി കൂടുതൽ സഹിക്കാനുള്ള ആവേശം ആത്മാവിൽ ആളിക്കത്തി. സഹനത്തിനുള്ള ഈ ദാഹം ആത്മപിതാവിനുള്ള കത്തുകളിൽ വേണ്ടുവോളം തെളിഞ്ഞുകാണാം. "ദൈവത്തെകുറിച്ച് എനിക്കെന്തെങ്കിലും സഹിക്കണം. തലവന്മാർ എന്തു കല്പിച്ചാലും എന്തു തന്നെ പറഞ്ഞാലും എല്ലാം സഹിക്കുന്നതിനും എല്ലാം ചെയ്യുന്നതിനും നല്ല സന്തോഷവും, വീണ്ടും കിട്ടുന്നതിന് വലിയ ആഗ്രഹമുണ്ട്." (1901 ആഗസ്റ്റ് 17)

## മുടിയും വടിയും

1950-ൽ ഒല്ലൂർ മഠത്തിന്റെയും എവുപ്രാസ്യമ്മയുടെ വ്രതാനുഷ്ഠാനത്തിന്റെയും സുവർണ്ണജൂബിലി ആഘോഷം ഒന്നിച്ചായിരുന്നു. ആഘോഷമായ ദിവ്യബലിയിലും സ്തോത്രഗീതത്തിലും മറ്റു സംബന്ധിച്ച് ആ ധന്യാത്മാവ് ദൈവത്തിന് നന്ദിപൂർവ്വം തന്നെത്തന്നെ ഒന്നുകൂടി സമർപ്പിച്ചു. പട്ടുകൊണ്ടലങ്കരിച്ച കസേരയിലിരുത്തി സഹോദരികൾ മംഗളഗാനം പാടി. ഭാവുകങ്ങൾ ആശംസിച്ചു. എവുപ്രാസ്യമ്മ ചുരുങ്ങിയ വാക്കുകളിൽ നന്ദി പ്രകടനം നടത്തി. തുടർന്ന് മഠാംഗങ്ങളുടെ ഒരു ഗ്രൂപ്പുഫോട്ടോ എടുത്തു. നമ്മുടെ എവുപ്രാസ്യമ്മ മുടിയും വടിയും ധരിച്ച് അതിൽ പുഞ്ചിരി തൂകി ഇരിക്കുന്നു.

## തീപ്പൊരികൾ

ഹൃദയത്തിൽ കത്തിക്കാളുന്ന ദൈവസ്നേഹാഗ്നിയിൽനിന്നും പലപ്രകരണങ്ങളും സുകൃതജപങ്ങളും ഉയരാറുണ്ട്. തീപ്പൊരികൾ പോലെ. മറ്റുള്ളവരെയും അതു പഠിപ്പിച്ചുകൊടുക്കും. സ്വന്തം കൈപ്പടയിൽ എഴുതിക്കൊടുക്കും. പ്രത്യേകിച്ചും താൻ പരിശീലനം കൊടുത്തിരുന്ന

നവസന്യാസിനികൾക്കും ആശ്രമശുശ്രൂഷികൾക്കും. അവയിൽ ചിലത് ഇതാ-

ശുദ്ധമാന ത്രിത്വമെ, സകല മോക്ഷവാസികളോടുംകൂടി അങ്ങയെ നിത്യമായി കണ്ടാനന്ദിക്കുന്നതിന് എന്റെ ആത്മാവ് സദാ ആഗ്രഹിച്ച് ദാഹിക്കുന്നു.

ഓ! ആകാശമെ! ദൈവത്തിന്റെ രാജിതമെ! നിന്നെ നോക്കി ഞാൻ നെടുവീർപ്പിടുന്നു.

ദൈവമെ, നിന്റെ തിരുമനസ്സ് പൂർണ്ണമായി ഒടുക്കത്തോളം എന്നിൽ നിറവേറ്റണമെ. അതാണെന്റെ ഹൃദയത്തിന്റെ മധുരമുള്ള ഭക്ഷണം.

നിത്യപിതാവെ! അങ്ങെ തിരുമനസും ഇഷ്ടവും എല്ലാ ക്ഷണനേരത്തിലും സകലത്തിലും പരിപൂർണ്ണമായി നിറവേറുന്നതിനുവേണ്ടി എന്നെ മുഴുവനും ഒരു സ്നേഹബലിയായി അങ്ങേയ്ക്ക് ഞാൻ കാഴ്ചവെയ്ക്കുന്നു.

ദൈവജനനിയായ അമലോത്ഭവ കന്യാസ്ത്രിമറിയത്തെ ത്രിലോകരാജ്ഞിയായി വാഴ്ത്തി സ്തുതിക്കുന്നു.

സ്നേഹരക്ഷിതാവെ, അങ്ങുന്ന് കുരിശുമരണത്തോളം നിത്യപിതാവിന് കീഴ്വഴങ്ങി പാടുപെട്ട് മരിച്ചതുപോലെ ഞാനും മരണത്തോളം കീഴ്വഴങ്ങി പാടുപെട്ട് മരിക്കാൻ എനിക്ക് മനോഗുണം ചെയ്യണെ.

എന്റെ രക്ഷിതാവെ, അങ്ങെ പാടുകളുടെ ഒരു പങ്ക് എനിക്കും തരണമെ.

ദിവ്യരക്ഷിതാവെ, മനുഷ്യഹൃദയങ്ങളിൽ അങ്ങ് തിരസ്കൃതനാകുമ്പോഴെല്ലാം എന്റെ ഹൃദയത്തിൽ വന്നു വസിക്കണമെ.

സ്വർഗ്ഗരാജ്ഞി, ഞാനങ്ങെ പക്കൽ വന്ന് ചേരുംവരെ എന്നെ കൈവിടല്ലെ.

## അന്ത്യഘട്ടത്തിലേയ്ക്ക്

പ്രായംകൂടി, പ്രായത്തിന്റെ അവശതകളും - വയസ്സ് 75. സഹനത്തിന്റെയും സ്വയപരിത്യാഗത്തിന്റെയും തീയിൽ ചുട്ടെടുത്ത ശരീരം, അല്പം തളരാൻ തുടങ്ങി. എന്നാലും കഴിയുന്നതും, ശുശ്രൂഷ സ്വീകരിക്കാനല്ല കൊടുക്കാനായിരുന്നു താല്പര്യം. ദിനചര്യയ്ക്ക് വലിയ മാറ്റമില്ല. അവശതയുടെ പേരിൽ കൂട്ടക്രമങ്ങളിൽ നിന്നൊന്നും ഒഴിവെടുക്കുന്ന പതിവേയില്ല. എല്ലാം ക്രമത്തിലും ചിട്ടയിലും തന്നെ. പ്രായം ചെന്നതിന്റെ ഓർമ്മക്കുറവും അല്പസ്വല്പ സംശയങ്ങളും വല്ലപ്പോഴുമൊക്കെ പ്രത്യക്ഷപ്പെടാറുണ്ട്. തന്റെ അന്ത്യം ഏതാണ്ടടുത്തെന്ന് പലരോടും സൂചിപ്പിക്കുകയുണ്ടായി. എന്തൊ വെളിവ് കിട്ടിയതുപോലെ അടുത്ത നാളുകളിൽ എവുപ്രാസ്യമ്മ സിസ്റ്റർ യോവാക്കിമിനോട് പറഞ്ഞത്രെ, രണ്ടു മൂന്നു ദിവസമെ താൻ രോഗശയ്യയിൽ കിടക്കുകയുള്ളു എന്ന്!

## കുമ്പസാരക്കൂട്ടിൽ

മൂന്ന് നാല് കൊല്ലമായി നോവീസ് മാസ്റ്ററായ കൊച്ചുളൂവിസച്ചൻ (സി.എം.ഐ.) പുതു കന്യാസ്ത്രികൾക്ക് ക്ലാസെടുക്കാനും അവരുടെ പാപോച്ചാരണം കേൾക്കാനുമായി ആഴ്ചതോറും ഒല്ലൂർ മഠത്തിൽ വരാറുണ്ട്. അദ്ദേഹമാണ് അക്കാലമത്രയും എവുപ്രാസ്യമ്മയുടെ കുമ്പസാരം കേട്ടിരുന്നത്. പതിവുപോലെ അന്നും എവുപ്രാസ്യമ്മ കുമ്പസാരിച്ച് കഴിഞ്ഞ്, എഴുന്നേറ്റതേയുള്ളു, വീണ്ടുമതാ കുമ്പസാരം തുടരുന്നു. എവുപ്രാസ്യമ്മയ്ക്ക് ബോധത്തിനെന്തോ തകരാറുണ്ടെന്ന് അച്ചന് മനസ്സിലായി. എഴുന്നേറ്റ് പ്രാർത്ഥനാമുറിയിൽ ഉണ്ടായിരുന്ന ഒരു സഹോദ

രിയെ വിളിച്ച് മുറിയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകാൻ നിർദേശിച്ചു. വടി ഒരു കൈതണ്ടിൽ തൂക്കിയിട്ടും, മറ്റെ കൈകൊണ്ട് സഹായിക്കാൻവന്ന സഹോദരിയുടെ കൈത്തണ്ടിൽ മുറുകെപിടിച്ചും, പതുക്കെ പതുക്കെ നടന്ന് ഒരു വിധം മുറിയിലെത്തി. അതവസാനത്തെ കുമ്പസാര മായിരുന്നു. ദിവ്യകാരുണ്യനാഥനോടും ദേവാലയത്തോ ടുമുള്ള അന്ത്യയാത്ര പറച്ചിലും. മുറിയിലെത്തിയതേ, ഒരു വശം തീരെ തളർന്നു. ഓർമ്മക്കുറവും വർദ്ധിച്ചു. സംസാ രശക്തി വളരെ കുറഞ്ഞു. എന്തെങ്കിലും പണിപ്പെട്ടു പറ ഞ്ഞാൽത്തന്നെ ഒട്ടും തിരിയാത്ത അവസ്ഥയായി. ഇത് നട ന്നത് 1952 ആഗസ്റ്റ് 26-ന് ചൊവ്വാഴ്ച, മദ്ധ്യാഹ്നത്തിൽ. നാവ് തീരെ കുഴഞ്ഞുപോയി. പിറ്റേന്ന് വെളുപ്പാൻ കാലത്ത് അരി കിൽ നിന്നിരുന്ന ആശ്രമശുശ്രൂഷിയോട് എന്തോ ആംഗ്യം കാട്ടി - പറയാൻ പണിപ്പെട്ടു. ഫലമൊന്നുമുണ്ടായില്ല. കുർബാന സ്വീകരിക്കാനാണെന്ന് ആ സഹോദരി ഊഹിച്ചു. അവസാനം എവുപ്രാസ്യമ്മ തന്നെ ഒരു കടലാസും പെൻസിലും ആവശ്യപ്പെട്ടു- ആംഗ്യഭാഷയിൽ. മഠാധിപ യായ എമറന്തീനമ്മയ്ക്കും ആവശ്യപ്പെട്ടതെന്താണെന്ന് മന സ്സിലാക്കാനായില്ല. ഏറെ ബുദ്ധിമുട്ടിയിട്ടാണെങ്കിലും എഴു തിക്കാണിച്ചു. "എനിക്ക് അന്ത്യകൂദാശകൾ നൽകണ"മെന്ന്. ദിവ്യബലിയും മറ്റും കഴിഞ്ഞ് സഹോദരികളേവരും വന്ന് രോഗിയെ ദീനമുറിയിലാക്കി. അന്നും ബഹു. ലൂവിസച്ചൻ മഠത്തിൽ വന്നിരുന്നു. അന്ത്യം സമീപിച്ചെന്നും രോഗീലേ പനം കൊടുക്കുന്നതാണ് നല്ലതെന്നും രോഗിയെ കണ്ട പ്പോൾ അദ്ദേഹത്തിനും ബോധ്യമായി. ഉച്ചകഴിഞ്ഞ് ഒരു മണിയോടെ ബഹു. ലൂവിസച്ചൻതന്നെ അന്ത്യലേപനം നൽകി. മഠം കപ്ലോൻ ബഹു. ചിറ്റിലപ്പിള്ളി യൗസേപ്പച്ചനും അവിടെ സന്നിഹിതനായിരുന്നു.

## അന്ത്യാശിസ്സുകൾ തേടി

എവുപ്രാസ്യമ്മയുടെ രോഗവിവരം കാട്ടുതീപോലെ നാടെങ്ങും പരന്നു. അറിഞ്ഞവരെല്ലാം, സഭാംഗങ്ങളും നാട്ടുകാരും, അനുഗ്രഹം വാങ്ങാനും, പ്രാർത്ഥിക്കുന്ന അമ്മയെ അവസാനമായൊന്നു കാണാനും വന്നുകൊണ്ടിരുന്നു. എല്ലാവരെയും പുഞ്ചിരിയോടെ സ്വീകരിച്ച് അനുഗ്രഹിച്ചു.

28-ാം തിയതി വ്യാഴാഴ്ചത്തെ സ്ഥിതിയും ഏതാണ്ടിതുപോലെതന്നെ - തളർച്ചകൂടി. കൈകാലുകളുടെ ചലനം കുറഞ്ഞു തുടങ്ങിയെങ്കിലും കൈയിൽ ചുറ്റിക്കിടന്നിരുന്ന കൊന്തയുടെ മണികൾ അപ്പോഴും പണിപ്പെട്ട് നീക്കിക്കൊണ്ടിരുന്നു.

## അന്ത്യനിമിഷം

29-ന് വെള്ളിയാഴ്ച പകൽസമയം മുൻ ദിവസങ്ങളിലേതുപോലെ കടന്നുപോയി. സന്ധ്യകഴിഞ്ഞപ്പോൾ ഒരു ഭാവപ്പകർച്ചകണ്ട് സഹോദരികളേവരും ദീനമുറിയിൽ ഓടിക്കൂടി. മരണലക്ഷണങ്ങൾ കണ്ടുതുടങ്ങിയതിനാൽ ഏവരും മരണാസന്നർക്കുള്ള പ്രാർത്ഥനചൊല്ലി. മഠം കപ്ലോൻ ചിറ്റിലപ്പിള്ളി ബ. യൗസേപ്പച്ചൻ അന്തിമാശീർവ്വാദവും ദോഷപ്പൊറുതികളും നൽകി. അമ്മയുടെ മുഖം തീർത്തും ശാന്തമായിരുന്നു. പ്രാർത്ഥനാനിർഭരമായ ആ പുണ്യനിമിഷത്തിൽ 8.40 ന് ആ പാവനാത്മാവ് തന്റെ ദിവ്യരക്ഷിതാവിന്റെ സന്നിധിയിലേയ്ക്ക് പറന്നുയർന്നു. ജീവിതംപോലെ തന്നെ ആ മരണവും അത്യന്തം ലളിതവും പ്രശാന്തവുമായിരുന്നു.

## ഓർമ്മയ്ക്കെന്തെങ്കിലും

അമ്മയുമായി ബന്ധപ്പെട്ടത് എന്തെങ്കിലുമൊരല്പം കൈക്കലാക്കാൻ പലരും പരിശ്രമിച്ചു. കൈയിൽ കിട്ടിയത്

ഒരു നിധിപോലെ സൂക്ഷിച്ചു. ഭക്തസാധനങ്ങളും മറ്റും മൃത ദേഹത്തെ തൊടുവിച്ചെടുത്തു. മഞ്ചയിൽനിന്നും പൂക്കളും കൈവശപ്പെടുത്തി. മൃതശരീരം തുടച്ച തുണിപോലും ബാക്കിവെച്ചില്ല.

## കല്ലറയിലേയ്ക്ക്

പിറ്റേന്ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് പറപ്പൂർ ചിറ മ്മൽ ബ. വാറു അച്ചന്റെ കാർമ്മികത്വത്തിൽ ശവസംസ്കാ രകർമ്മം നടന്നു. വൈദികർക്കും കന്യാസ്ത്രികൾക്കും പുറമെ ധാരാളം പേർ ഇതിൽ സംബന്ധിച്ച് ഈ പുണ്യ പ്പെട്ട അമ്മയ്ക്ക് അന്ത്യോപചാരങ്ങൾ അർപ്പിച്ചു. തെക്കിനിയത്ത് ബ. കൊച്ചാപ്പു അച്ചനാണ് ചരമപ്രസംഗം നടത്തിയത്.

## അമ്മയുടെ തണലിൽ

പള്ളിക്ക് പുറത്ത് ഗ്രോട്ടോയ്ക്ക് സമീപം, പ്രാർത്ഥന മുറിയോട് അടുത്ത് 5-1-1949ൽ ഏതാനും കല്ലറകൾ പണി കഴിപ്പിച്ചിരുന്നു. അവയിൽ മുൻനിരയിൽ ദേവാലയഭിത്തി യോട് ചേർന്ന കല്ലറയാണ് ആ പൂജ്യശരീരത്തിന്റെ അന്ത്യ വിശ്രമസ്ഥലം. ഗ്രോട്ടോയിലെ അമലോത്ഭവമാതാവിന്റെ തണലിൽത്തന്നെ അമ്മയുടെ അരുമ മകൾക്ക് ദൈവപരി പാലന സ്ഥലമൊരുക്കി. 37 വർഷത്തിലധികം ആ ഭൗതി കാവശിഷ്ടം ഇവിടെ തന്നെയായിരുന്നു.

## ചരമക്കുറിപ്പിൽനിന്ന്

മരണമടയുന്ന സഹോദരികളെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണം മറ്റ് മഠങ്ങളിലേയ്ക്ക് എഴുതി അറിയിക്കുന്ന ഒരു പതിവ് കർമ്മലസന്യാസിനി സഭയിലുണ്ട്. 1952 ആഗസ്റ്റ് 29-ന് പരലോകപ്രാപ്തയായ നമ്മുടെ എവുപ്രാസ്യമ്മയെക്കുറിച്ച്

എഴുതപ്പെട്ട ചരമക്കുറിപ്പിൽ നിന്നും ഏതാനും ഭാഗം താഴെ ചേർക്കുന്നു.

"....സഭയുടെ പൊതുഗുണവും, തന്റെ പുണ്യപൂർണ്ണതാലബ്ധിയും മാത്രം ലാക്കാക്കി തനിക്കുള്ള സകല കഴിവുകളും പ്രവർത്തിപരമാക്കാൻ തുടങ്ങി. ഈ അമ്മ നമ്മുടെ സഭയിൽ പ്രവേശിച്ച നാൾമുതൽ തന്നെ ദൈവത്താൽ പ്രത്യേകവിധം തെരഞ്ഞെടുക്കപ്പെട്ട ഒരു ആത്മാവാണെന്നുള്ള സംഗതി ഏവർക്കും അനുഭവപ്പെടാൻ തുടങ്ങി. സഭയുടെ ക്രമങ്ങൾ ഒന്നൊഴിയാതെ കണിശമായിത്തന്നെ കാക്കുകയും, കാർപ്പിക്കുകയും ചെയ്തുവന്നു. ദൈവത്തെ പ്രതി എന്ത് ത്യാഗവും ചെയ്യുന്നതിന് സദാ സന്നദ്ധയായിരുന്നു. ലോകത്തിനും, ലോകമായകൾക്കും മരിച്ചവളെപ്പോലെയാണ് ആശ്രമജീവിതം ആരംഭിച്ചതും, അവസാനിപ്പിച്ചതും. ആകയാൽ പലരും ഈ സഹോദരിയെ ഒരു പുണ്യവതിതന്നെ എന്ന് കരുതിപ്പോന്നു. ഈ സന്യാസ ജീവിതത്തിൽ പല കാലഘട്ടങ്ങളിലും വിവിധ തരത്തിലുള്ള പൈശാചികാക്രമണങ്ങൾക്ക് പലപ്പോഴും താൻ ഇരയായിത്തീരുകയും, തന്മൂലം വളരെ കഷ്ടപ്പെടുന്നതിന് ഇടയാകുകയും ചെയ്തിട്ടുണ്ട്. അതുപോലെത്തന്നെ ചില പ്രത്യേക തിരുനാളുകളിലും മറ്റും സ്വർഗ്ഗീയ ദർശനങ്ങൾപോലും ഉണ്ടായിട്ടുണ്ടെന്ന് തന്റെ കൂട്ട് സഹോദരിമാർക്ക് പലപ്പോഴും ചില പ്രത്യേക ലക്ഷണങ്ങളൊക്കെ കൊണ്ടും മറ്റും മനസ്സിലായിട്ടുണ്ട്.........

സഭയിൽ പ്രവേശിച്ചതിനുശേഷം അമ്മയുടെ ഇത:പര്യന്തമുള്ള മാതൃകാപരമായ ജീവിതവിശുദ്ധികൊണ്ട് സഭയുടെ മേൽത്തലവന്മാർ ഈ വ്യക്തിയെ സഭയുടെ പ്രഥമവും പ്രധാനവുമായ നവസന്യാസഗുരുനാഥ എന്നുള്ള

മഹൽസ്ഥാനത്തേയ്ക്കുയർത്തി. തനിക്ക് ലഭിച്ച ജോലി യുടെ പ്രാധാന്യം വേണ്ടതുപോലെ മനസ്സിലാക്കി കാലാന്തരത്തിൽ ഈ സഭയിൽ വികസിപ്പാനിരുന്ന ഓരോ നവ സന്യാസിനികളെ സഭയുടെ സാക്ഷാലുള്ള ആദ്ധ്യാത്മിക അരുപിയിൽ വളർത്തിക്കൊണ്ട് പോരുന്നതിനുള്ള പാടവത്തെ കണ്ടുകൊണ്ട് 13 കൊല്ലം തുടർച്ചയായി ഇതേ ജോലിതന്നെ ഒല്ലൂർ നടത്തുന്നതിനായി തലവന്മാരാൽ നിയുക്തയായി. ഇതിൽനിന്നു തന്നെ തന്റെ ജീവിത പരിശുദ്ധി ഏറെക്കുറെ ഊഹ്യമാണല്ലോ. ഇതിനെതുടർന്ന് 3 കൊല്ല ക്കാലം ഈ ആശ്രമത്തിന്റെ അധിപയായും ജോലി നോക്കി. അനന്തരം വിവിധ രോഗങ്ങൾക്ക് ക്രമേണ അധീനയാവുകയും അവശതയെ പ്രാപിക്കുകയും ചെയ്തു.

ഈ ആശ്രമഭിത്തിക്കുള്ളിൽ പ്രവേശിച്ച നാൾമുതൽ മരണപര്യന്തം 55 കൊല്ലത്തോളം രുചികരമായ ഭക്ഷണ മൊന്നും താൻ ആസ്വദിച്ചിട്ടില്ല. നല്ല ഭക്ഷണസാധനങ്ങ ളിൽ വളരെ തല്പരയായിരുന്നുവെങ്കിലും, അങ്ങനെയുള്ള കൂട്ടങ്ങൾ ഒരിക്കലും രസിച്ചിട്ടില്ലെന്നാണ് ഏവരുടെയും അഭിപ്രായം. എപ്പോഴും ഏറ്റവും ദരിദ്രമായ ഭക്ഷണം, വസ്ത്രം, മറ്റ് പെരുമാറ്റ സാധനങ്ങൾ എന്നിവകൊണ്ട് തൃപ്തിപ്പെട്ടിരുന്നു എങ്കിലും മറ്റ് സഹോദരിമാർക്ക് നല്ല സാധനങ്ങൾ കൊടുക്കുന്നതിൽ വളരെ തല്പരയായിരുന്നു. ഈലോകപരമായ യാതൊരാശയും തന്നിൽ ഒരിക്കലും കണ്ടിട്ടില്ല. ഇങ്ങനെ ലോകത്തിന് മുഴുവനായി മരിച്ച് ദൈവ ത്തിന് മാത്രമായി ജീവിച്ച ഒരു പുണ്യവതിതന്നെയാണെന്നാണ് ഏവരുടെയും അഭിമതം. എന്നല്ല കാലാന്തരത്തിൽ ഇയാളിൽ ദൈവമഹത്വം ദർശിക്കാൻ ഇടവരുമെന്നുകൂടി ഏവരും പ്രതീക്ഷിക്കുന്നു.

പല കൊല്ലങ്ങളോളം ദീർഘിച്ചതായ തന്റെ രോഗശയ്യ യിൽ തനിക്കനുഭവപ്പെട്ട അരിഷ്ടതകൾ എല്ലാംതന്നെ ആവലാതിലേശമെന്യേ ദൈവചിത്തത്തിന് പൂർണ്ണമായ വിധേയത്വത്തോടെ സഹിച്ചു. സുദീർഘമായ ഈ കാല മെല്ലാം നിരന്തരമായ ധ്യാനത്തിലും, സുകൃതജപങ്ങൾ ചൊല്ലിക്കൊണ്ടും ചെലവഴിച്ചു. ഒടുവിൽ 1952 ആഗസ്റ്റ് 27-ന് നല്ല ഓർമ്മയോടും ഒരുക്കത്തോടുംകൂടി അന്ത്യകൂദാശ കളും സഭയുടെ ദോഷപ്പൊറുതികളും കൈക്കൊണ്ട് ഈ മാസം 29-ന് വൈകന്നേരം 8.40ന് കർത്താവിൽ ഭാഗ്യനിദ്ര പ്രാപിക്കുകയും ചെയ്തു. മരണസമയത്ത് ബഹു. കപ്ലോ നച്ചൻ സമീപത്തുനിന്ന് ദോഷം പോക്കുകയും സഹോദ രിമാർ ഏവരും ചുറ്റിലും മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഈ അമ്മയിൽ പ്രത്യേകം ശോഭിച്ചിരുന്ന പുണ്യങ്ങൾ ദൈവസ്നേഹം, ക്രമങ്ങളുടെ കാർപ്പ്, ദാരിദ്ര്യം എന്നിവയാണ് .........."

## വാഗ്ദാനം ചെയ്തതുപോലെ

"മരിച്ചാലും മറക്കില്ലെന്ന്" ആവർത്തിച്ച് പറഞ്ഞിരുന്ന ആ പുണ്യചരിത തന്റെ വാഗ്ദാനം ഒട്ടും മറന്നില്ല. ഈ വാഗ്ദാനത്തിന്റെ ഉറപ്പിൽ കല്ലറയെ സമീപിക്കാൻ ജന ങ്ങളും മറന്നില്ല. അവർക്കതൊരു ആവേശമായി. അനുഗ്രഹ ലബ്ധി വീണ്ടും വീണ്ടും അവരെ കല്ലറയോട് ബന്ധപ്പെ ടുത്തി. ഒച്ചപ്പാടുകളില്ലാതെ ആ ബന്ധം അങ്ങനെ തുടർന്നു, വളർന്നു. സന്ദർശകരുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. എവുപ്രാസ്യമ്മയുടെ സഹായത്താൽ ലഭിച്ചുകൊണ്ടിരുന്ന അനുഗ്രഹങ്ങൾ റിപ്പോർട്ട് ചെയ്യാനും ജനം മറന്നില്ല.

## മാർബിൾ ശിലയും പ്രഥമ ജീവചരിത്രവും

ആ പുണ്യചരിതയുടെ കബറിടം ഒരു തീർത്ഥാടനകേന്ദ്രമായി. 1966-ൽ എവുപ്രാസ്യമ്മയുടെ നാമവും പ്രധാന തിയതികളും രേഖപ്പെടുത്തി മാർബിൾ ശില കല്ലറയിൽ സ്ഥാപിച്ചു. 1970-ൽ റവ. ഫാ. ഫിലിപ്പ് ഒ.സി.ഡി.യാൽ *"കേരള കർമല കുസുമം"* എന്ന പേരിൽ ഒരു ജീവചരിത്രവും പ്രസിദ്ധീകൃതമായി. രൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടെ ആഗ്രഹവും അംഗീകാരവും പ്രോത്സാഹനവും ഇവയ്ക്ക് പ്രേരകമായി.

## നാമകരണ നടപടികൾ

തൃശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം, ഔദ്യോഗികമായി സമർപ്പിച്ച അപേക്ഷ വിശദമായി പഠിച്ച ശേഷം നാമകരണ നടപടികൾ രൂപതാതലത്തിൽ ആരംഭിക്കാനുള്ള അനുവാദം (No Objection) 1988 സെപ്തംബറിൽ റോമിൽനിന്നും ലഭിച്ചു. തുടർന്ന് ഒക്ടോബർ 21-ന് കോടതി സ്ഥാപിതമാകുകയും പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തു. പോസ്റ്റുലേറ്ററായി ചുമതലയേറ്റത് റവ. ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐ. ആണ്.

എവുപ്രാസ്യമ്മയുടെ ജീവിതകാലത്ത് അമ്മയുമായി ബന്ധപ്പെട്ടവരുടെ സാക്ഷിമൊഴികൾ രൂപതാകോടതി ശേഖരിച്ച് പരിശോധിച്ച് ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നു. ദൈവദാസിയുടെ എഴുത്തുകൾ, ദൈവദാസിവഴി ലഭിച്ച അനുഗ്രഹങ്ങൾ തുടങ്ങിയവയും വിശദമായ പഠനത്തിന് വിധേയമായിക്കൊണ്ടിരുന്നു.

## വീണ്ടും ദിവ്യകാരുണ്യസന്നിധിയിലേയ്ക്ക്

1990 ജനുവരി 30-ന് ദൈവദാസിയുടെ കല്ലറ തുറന്ന് ഭൗതികാവശിഷ്ടങ്ങൾ മഠം ചാപ്പലിൽ ഏകദേശം

മധ്യഭാഗത്തായി നിർമിച്ചിരിക്കുന്ന പുതിയ കല്ലറയിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. മുകളിൽ പതിച്ചിരിക്കുന്ന മാർബിൾ ശിലയിൽ ദൈവദാസിയുടെ നാമവും അമ്മയുടെ ജീവിതത്തിലെ പ്രധാന തിയതികളും രേഖപ്പെടുത്തിയിട്ടുണ്ട്. രൂപതാകോടതിയുടെ നേതൃത്വത്തിലാണ് ഈ ചടങ്ങുകൾ നടന്നത്.

## ചരമവാർഷികങ്ങൾ

വർഷംതോറും വാഴ്ത്തപ്പെട്ട എവുപ്രാസ്യയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 29 ഭക്തിപുരസരം ആചരിക്കുന്നു. വിശ്വാസികളും ഇതരമതസ്ഥരും അന്നത്തെ തിരുക്കർമ്മങ്ങളിലും പ്രാർത്ഥനാ ശുശ്രൂഷകളിലും തീക്ഷ്ണതാപൂർവ്വം പങ്കെടുക്കുകയും കബറിടം സന്ദർശിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നുണ്ട്. തിരുനാളിനുമുമ്പുള്ള 9 ദിവസം കാലത്തും, വൈകിട്ടും പ്രത്യേക പ്രാർത്ഥനാശുശ്രൂഷകളും പ്രഭാഷണങ്ങളും വചനപ്രഘോഷണങ്ങളും നടത്തി വരുന്നു.

1997 ഡിസംബർ നാലാം തീയതി എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥത്താൽ അത്ഭുതകരമായ ബോൺ ക്യാൻസർ സുഖപ്രാപ്തി സംഭവിച്ചു. 1999 ജനുവരി 6-ന് അപ്പസ്തോലിക് മിറക്കിൾ കോടതി സ്ഥാപനം നടന്നു. 1999 ജനുവരി 10-ന് ഒല്ലൂർ സെന്റ് മേരീസ് മഠം ചാപ്പലിൽ അഖണ്ഡ ജപമാലയജ്ഞം ആരംഭിച്ചു. 2000 മെയ് 24-ന് ഒല്ലൂർ സെന്റ് മേരീസ് മഠത്തിന്റെയും എവുപ്രാസ്യമ്മയുടെ വ്രതവാഗ്ദാനത്തിന്റെയും ശതാബ്ദി ആഘോഷമായി കൊണ്ടാടി. 2002 മെയ് 1-ന് ഒല്ലൂർ മഠത്തിൽ നിത്യാരാധന ആരംഭിച്ചു. 2002 ജൂലായ് 5-ന് എവുപ്രാസ്യമ്മയെ **ധന്യയായി** പ്രഖ്യാപിച്ചു. ഈ വർഷംതന്നെ ആഗസ്റ്റ് 29-ന് എവുപ്രാസ്യമ്മയുടെ മരണത്തിന്റെ സുവർണ്ണജൂബിലിയും ഒക്ടോബർ 17-ാം

തീയതി ജനനത്തിന്റെ ചരമജൂബിലിയും കൊണ്ടാടി. 2006 ഡിസംബർ 3-ാം തീയതി ഒല്ലൂർ പാരിഷ് ഗ്രൗണ്ടിൽവെച്ച് മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി കാർഡിനൽ വിതയത്തിൽ, അപ്പസ്തോലിക് നൂൺസിയോ പെഡ്രോ ലോപ്പസ് ക്വിന്റാനയോടും തൃശൂർ ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയോടും ചേർന്ന് അനേകം മെത്രാന്മാരുടേയും ഒട്ടനവധി വൈദികരുടേയും നിരവധി സന്യസ്തരുടേയും പതിനായിരക്കണക്കിന് ദൈവജനത്തിന്റേയും മുമ്പാകെ, പരിശുദ്ധ പിതാവ് മാർ ബെനഡിക്ട് -XVI-ാമൻ പാപ്പയുടെ അപ്പസ്തോലിക ലേഖനം വായിച്ച് ധന്യയായ എവുപ്രാസ്യമ്മയെ **വാഴ്ത്തപ്പെട്ടവളായി** ഉയർത്തി. ദൈവത്തിന് സ്തുതി!

വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ ജീവിച്ചിരുന്ന മഠം ഇന്നൊരു മ്യൂസിയവും ആർട്ട് ഗാലറിയുമാണ്. 2010 - മുതൽ ഇവിടെ സിസ്റ്റേഴ്സിനായി **ദൈവൈക്യധ്യാനങ്ങളും** സിസ്റ്റേഴ്സ് നടത്തിവരുന്നു.



കന്യകാമഠത്തിനായി അമ്പഴക്കാട് കണ്ണിച്ചായി കുടുംബം കൊടുത്ത വീട്



സെന്റ് ജോസഫ് കോൺവെന്റ്, അമ്പഴക്കാട്



ചാവറ പിതാവ് സ്ഥാപിച്ച കർമ്മലീത്താസഭയ്ക്കുവേണ്ടി,
പിതാവ് തന്നെ പണിചെയ്യിച്ച കൂനമ്മാവിലെ ആദ്യകോൺവെന്റ്



ഏലുവത്തിങ്കൽ റോസ് (ഏവുപ്രാസ്യ) 8 വർഷം ജീവിച്ച
കൂനമ്മാവ് മഠത്തിന്റെ ബോർഡിംഗ്



വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയുടെ കബറിടം
ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിൽ




'വാഴ്ത്തപ്പെട്ട' എവുപ്രാസ്യാ – പ്രഖ്യാപനവേദി



വാഴ്ത്തപ്പെട്ട എവുപ്രാസ്യയുടെ തിരുസ്വരൂപം
ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റിലേക്ക് പ്രദക്ഷിണമായ്

## പ്രാർത്ഥിക്കുന്ന അമ്മ

*ഫാ. ജെ. എഫ്രേം സി. ആർ.*

പരമാത്മപ്രേമം ജീവാത്മാവിന്
ഒരു ഹരമാണ് - ലഹരിയാണ് -
ഉന്മാദമാണ്, - ഉന്മാദം അഗ്നിയാണ്
ആ അഗ്നി സിരകളിൽ പടർന്നു കയറുന്നു -
ആളിപ്പടരുന്നു - പ്രാർത്ഥനയിലൂടെ-
തപസ്സിലൂടെ - സ്വയം ദാനത്തിലൂടെ
അന്ത്യത്തിൽ അഗ്നിയായി രൂപാന്തരപ്പെട്ട
ആത്മം പ്രകാശവീചികൾ പ്രസരിപ്പിക്കുന്നു.
അതിന്റെ ചൂടും വെളിച്ചവും ഇതാ
*പ്രാർത്ഥിക്കുന്ന അമ്മ* യിൽ!!!

*സി. പെരിഗ്രിൻ സി. എം. സി.*